Newspaper for malayalees Worldwide CHICAGO/TORONTO Estd.2020

# വാചകം VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 5 / Issue 46/ Pages 32
10
ജൂൺ 2026
ബുധനാഴ്ച
1201 ഇടവം 27

www.vachakam.com
news@vachakam.com
canada@vachakam.com







ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM


CHICAGO
Vol. 5 / Issue 46/ Pages 32
10
ജൂൺ 2026
ബുധനാഴ്ച
1201 ഇടവം 27

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

www.vachakam.com
news@vachakam.com
canada@vachakam.com

## വരുമാനം ഇടിയുന്നു, വില കുതിക്കുന്നു:

# അമേരിക്കയെ വിഴുങ്ങി സാമ്പത്തിക പ്രതിസന്ധി



ആഗോള സാമ്പത്തിക വ്യവസ്ഥയുടെ ചാലകശക്തിയായ അമേരിക്കൻ വിപണിയിൽ ഇപ്പോൾ ദൃശ്യമാകുന്നത് അസാധാരണമായ അടിയൊഴുക്കുകളാണ്. ഒരു വശത്ത് പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കുതിച്ചുയരുന്ന പണപ്പെരുപ്പം, മറുവശത്ത് ഒരൊറ്റ ദിവസം കൊണ്ട് വാൾസ്ട്രീറ്റിൽ നിന്ന് 1.1 ട്രില്യൺ ഡോളർ തുടച്ചുനീക്കിയ വിപണി തകർച്ച. ഈ ഇരട്ടപ്രഹരം കേവലം ഓഹരി വിപണിയിലെ അക്കങ്ങളിൽ ഒതുങ്ങുന്നതല്ല, മറിച്ച് അമേരിക്കൻ ജനതയുടെ നിത്യജീവിതത്തെയും രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെയും ഇത് എങ്ങനെ ബാധിക്കുമെന്ന ആശങ്കയിലാണ് സാമ്പത്തിക വിദഗ്ദ്ധർ.

**സാധാരണക്കാരന്റെ ജീവിതച്ചെലവ് പരിധി വിടുന്നു**

അമേരിക്കയിലെ പണപ്പെരുപ്പ നിരക്ക് 4.2 ശതമാനത്തിലേക്ക് ഉയർന്നത് ജനങ്ങളുടെ കുടുംബ ബജറ്റുകളെ താളംതെറ്റിച്ചു കഴിഞ്ഞു. ഇന്ധനം, ഭക്ഷണം, വൈദ്യുതി, ആരോഗ്യ സംരക്ഷണം തുടങ്ങിയ അവശ്യമേഖലകളിലെ വിലക്കയറ്റം സാധാരണക്കാരുടെ കൈപ്പിടിയിൽ ഒതുങ്ങുന്നതിലും അപ്പുറമാണ്. നേവി ഫെഡറൽ ക്രെഡിറ്റ് യൂണിയൻ ചീഫ് ഇക്ക

ശേഷം പേജ് 8ൽ

കളിയല്ല, കഥയല്ല കണക്കുകൾ
(സെർജി ആന്റണി എഴുതുന്നു) .......... പേജ് 06

അതിരു വിടരുത് മൊബൈൽ ക്യാമറ; പോലീസ് ഇടപെടും .... പേജ് 15

'വീണ'ത് വിദ്യയാക്കുമോ സി.പി.എം? ...................... പേജ് 16

അവിചാരിതമായ കൂടിക്കാഴ്ച ...................... പേജ് 17

പാർട്ടിക്ക് തെറ്റ് പറ്റി, ഞങ്ങൾ ക്ലീൻ, ക്ലീൻ!ഗോവിന്ദന്റെ 'താത്വിക തരികിട'കൾ തുടരും! ............ പേജ് 24

ഇന്ത്യയിൽ രാഷ്ട്രീയ കാർട്ടൂണുകൾക്ക് മരവിപ്പോ?.......................... പേജ് 25

## 'ബർത്ത് ടൂറിസം' ശൃംഖലകൾ പൂട്ടി അമേരിക്ക; യൂറോപ്പിലും ആഫ്രിക്കയിലും വൻ നടപടി, അഞ്ഞൂറിലധികം വിസകൾ റദ്ദാക്കി



വിദേശ പൗരന്മാർ പ്രസവത്തിനായി അമേരിക്കയിലേക്ക് യാത്ര ചെയ്ത് കുട്ടികൾക്ക് ജനനത്തിലൂടെ യുഎസ് പൗരത്വം നേടുന്ന 'ബർത്ത് ടൂറിസം' (Birth Tourism) തടയാൻ കർശന നടപടികളുമായി അമേരിക്കൻ ഭരണകൂടം രംഗത്ത്. ഇതിന്റെ ഭാഗമായി യൂറോപ്പ്, ആഫ്രിക്ക എന്നീ മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വൻകിട ബർത്ത് ടൂറിസം ഏജൻസികളെയും ശൃംഖലകളെയും യുഎസ് അധികൃതർ പൂർണ്ണമായി തകർത്തു. വ്യാജ വിവരങ്ങൾ നൽകി വിസ സ്വന്തമാക്കിയെന്ന് കണ്ടെത്തിയ അഞ്ഞൂറിലധികം വിദേശികളുടെ വിസകൾ അടിയന്തരമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.അമേരിക്കൻ ഭരണഘടനയുടെ പതിനാലാം ഭേദഗതി പ്രകാരം യുഎസ് മണ്ണിൽ ജനിക്കുന്ന കുട്ടികൾക്ക് സ്വാഭാവികമായി ലഭിക്കുന്ന പൗരത്വ ആനുകൂല്യം ചൂഷണം ചെയ്യുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ വലിയ ഓപ്പറേഷൻ നടത്തിയത്. ടൂറിസ്റ്റ് വിസകളുടെ (B1/B2) മറവിൽ വിദേശി കുടുംബങ്ങളെ പ്രസവത്തിനായി വൻ തുക ഈടാക്കി അമേരിക്കയിൽ എത്തിക്കുന്ന ബിസിനസ്സ് ശൃംഖലകൾക്കെതിരെ യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റും ഇമിഗ്രേഷൻ വിഭാഗവും സംയുക്തമായാണ് അന്വേഷണം നടത്തിയത്.വ്യാജ മെഡിക്ക

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# പശ്ചിമേഷ്യൻ ഭീതിയിൽ വാൾസ്ട്രീറ്റ്; ഒറ്റദിവസം കൊണ്ട് ഒലിച്ചുപോയത് 1.1 ട്രില്യൺ ഡോളർ, നാസ്ഡാക്കും ഡൗ ജോൺസും തകർന്നു

ന്യൂയോർക്ക്: യു.എസും ഇറാനും തമ്മിൽ വർദ്ധിച്ചുവരുന്ന ഭൗമരാഷ്ട്രീയ സംഘർഷങ്ങളും പണപ്പെരുപ്പ ഭീഷണിയും ആഗോള ഓഹരി വിപണിയെ ഉലയ്ക്കുന്നു. ബുധനാഴ്ച നടന്ന വ്യാപാരത്തിൽ യുഎസ് വിപണിയിൽ വൻ തകർച്ചയാണ് രേഖപ്പെടുത്തിയത്. ഒറ്റ ദിവസം കൊണ്ട് നിക്ഷേപകരുടെ 1.1 ട്രില്യൺ ഡോളറാണ് (ഏകദേശം 92 ലക്ഷം കോടി രൂപ) വിപണിയിൽ നിന്ന് തുടച്ചുനീക്കപ്പെട്ടത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓഹരികളുടെ മൂല്യത്തകർച്ചയും പലിശനിരക്കുകൾ ഉയർന്നേക്കുമെന്ന ഭീതിയും വിപണിയെ കൂടുതൽ പ്രതിസന്ധിയിലാക്കി. ജൂൺ രണ്ടിന് രേഖപ്പെടുത്തിയ റെക്കോർഡ് നേട്ടത്തിൽ നിന്ന് എസ് ആൻഡ് പി 500 സൂചിക 4.5 ശതമാനത്തോളം ഇടിഞ്ഞു. ജൂൺ ആദ്യവാരം മുതൽ ഇതുവരെ വിപണിയിൽ നിന്ന് ഒലിച്ചുപോയത് 3.3 ട്രില്യൺ ഡോളറാണ്.




### വിപണിയെ പിടിച്ചുലച്ച പ്രധാന ഘടകങ്ങൾ

സമാധാന കരാറിലെത്തിയില്ലെങ്കിൽ ഇറാനെതിരെ വീണ്ടും സൈനിക നീക്കം നടത്തുമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രസ്താവനയാണ് വിപണിയെ പെട്ടെന്ന് പ്രകോപിപ്പിച്ചത്. പശ്ചിമേഷ്യയിൽ സംഘർഷം കടുക്കുന്നത് ആഗോള ഊർജ്ജ വിതരണത്തെ ബാധിക്കുമെന്ന ആശങ്കയിൽ അസംസ്കൃത എണ്ണ വില കുത്തനെ ഉയർന്നു. ഇത് വീണ്ടും പണപ്പെരുപ്പത്തിന് കാരണമാകുമെന്നാണ് വിലയിരുത്തൽ. അമേരിക്കയിൽ മെയ് മാസത്തിലെ ഉപഭോക്തൃ വിലസൂചിക മുൻവർഷത്തെ അപേക്ഷിച്ച് 4.2 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2023 ഏപ്രിലിന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. പണപ്പെരുപ്പം ഉയർന്ന നിലയിൽ തുടരുന്നതിനാൽ യുഎസ് ഫെഡറൽ റിസർവ് പലിശനിരക്കുകൾ ഉടൻ കുറയ്ക്കില്ലെന്ന് മാത്രമല്ല, ഈ വർഷാവസാനത്തോടെ വീണ്ടും വർദ്ധിപ്പിച്ചേക്കുമെന്നും നിക്ഷേപകർ ഭയപ്പെടുന്നു.

കഴിഞ്ഞ മാസങ്ങളിൽ വിപണിയെ നയിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓഹരികളിൽ ലാഭമെടുപ്പ് ശക്തമായി. എഐ വിപണിയിലെ പ്രമുഖരായ സൂപ്പർ മൈക്രോ കമ്പ്യൂട്ടറിന്റെ ഓഹരികൾ 28 ശതമാനത്തോളം ഇടിഞ്ഞു. പ്രമുഖ ഐടി കമ്പനിയായ ഒറാക്കിളിന്റെ ഓഹരികൾക്കും മങ്ങലേറ്റു. ടെക് സൂചികയായ നാസ്ഡാക് രണ്ട് ശതമാനത്തിനടുത്താണ് ഇടിഞ്ഞത്.

ബുധനാഴ്ചത്തെ കനത്ത വിപണി തകർച്ചയിൽ യുഎസിന്റെ പ്രമുഖ ഓഹരി സൂചികകളെല്ലാം വലിയ നഷ്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്. വ്യവസായ സൂചികയായ ഡൗ ജോൺസ് 953.33 പോയിന്റ് (1.87%) ഇടിഞ്ഞ് 49,918.78 എന്ന നിരക്കിലും, മുൻനിര കമ്പനികളുടെ സൂചികയായ എസ് ആൻഡ് പി 500 119.66 പോയിന്റ് (1.62%) നഷ്ടത്തോടെ 7,266.99 ലും ക്ലോസ് ചെയ്തു. സാങ്കേതിക മേഖലയിലെ തകർച്ച ഏറ്റവും കൂടുതൽ ബാധിച്ച ടെക് സൂചികയായ നാസ്ഡാക് 509.32 പോയിന്റ് (1.98%) കുത്തനെ ഇടിഞ്ഞ് 25,169.50 എന്ന നിരക്കിലാണ് ബുധനാഴ്ചത്തെ വ്യാപാരം അവസാനിപ്പിച്ചത്.

വിപണിയിലെ ആശങ്ക പ്രതിഫലിപ്പിക്കുന്ന സിബോ വൊളാറ്റിലിറ്റി ഇൻഡക്സ് തുടർച്ചയായ രണ്ടാം ദിവസവും ഉയർന്നു. പശ്ചിമേഷ്യൻ പ്രതിസന്ധിയും ഫെഡറൽ റിസർവ് യോഗവും വരാനിരിക്കെ, വരും ദിവസങ്ങളിലും വിപണിയിൽ വൻ ഏറ്റക്കുറച്ചിലുകൾ തുടരാനാണ് സാധ്യതയെന്ന് വിപണി വിദഗ്ധർ വിലയിരുത്തുന്നു.

# ഇറാനിൽ വീണ്ടും അമേരിക്കൻ ആക്രമണം; ഹോർമുസ് കടലിടുക്ക് അടച്ചുപൂട്ടി ഇറാന്റെ തിരിച്ചടി


വാഷിംഗ്ടൺ/ടെഹ്റാൻ: പശ്ചിമേഷ്യയിൽ ഏപ്രിലിൽ പ്രഖ്യാപിച്ച താത്കാലിക വെടിനിർത്തൽ പൂർണ്ണമായും തകർന്നുക്കൊണ്ട് യുഎസും ഇറാനും തമ്മിലുള്ള യുദ്ധം അതിരൂക്ഷമാകുന്നു. സമാധാന കരാറിന് ഇറാൻ കൂടുതൽ സമയമെടുക്കുന്നു എന്ന് ആരോപിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കടുത്ത ആക്രമണത്തിന് ഉത്തരവിട്ടതിന് പിന്നാലെ, ഇറാനിലെ വിവിധ കേന്ദ്രങ്ങളിൽ യുഎസ് സൈന്യം രണ്ടാമത്തെ ദിവസവും ശക്തമായ വ്യോമാക്രമണം നടത്തി.

ഇതിന് പ്രത്യാഘാതമായി തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് ഇറാൻ അടച്ചുപൂട്ടി. ഈ വഴി കടന്നുപോകാൻ ശ്രമിക്കുന്ന എണ്ണക്കപ്പലുകൾ ഉൾപ്പെടെയുള്ള എല്ലാ വാണിജ്യ കപ്പലുകളെയും ആക്രമിക്കുമെന്ന് ഇറാന്റെ പരമോന്നത സൈനിക കമാൻഡ് മുന്നറിയിപ്പ് നൽകി. നിയമവിരുദ്ധമായി കടക്കാൻ ശ്രമിച്ച രണ്ട് എണ്ണക്കപ്പലുകൾക്ക് നേരെ തങ്ങൾ ആക്രമണം നടത്തിയതായി ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് സ്ഥിരീകരിച്ചു.

### ട്രംപിന്റെ മുന്നറിയിപ്പും യുഎസ് വ്യോമാക്രമണവും

അമേരിക്കൻ സൈന്യത്തിന്റെ അപ്പാച്ചെ ഹെലികോപ്റ്റർ ഇറാൻ വെടിവെച്ചിട്ടതിനെ തുടർന്നാണ് നിലവിലെ സംഘർഷങ്ങൾ ആരംഭിച്ചത്. 'ഞങ്ങൾ ഇന്നലെ അവരെ ശക്തമായി പ്രഹരിച്ചു, ഇന്നും അത് തുടരും,' എന്ന് വൈറ്റ് ഹൗസിൽ ട്രംപ് വ്യക്തമാക്കിയതിന് തൊട്ടുപിന്നാലെയാണ് യുഎസ് സെൻട്രൽ കമാൻഡ് പുതിയ 'സ്വയംരക്ഷാ ആക്രമണങ്ങൾക്ക്' തുടക്കമിട്ടത്. ഇറാന്റെ ഭാഗത്തുനിന്നുള്ള തുടർച്ചയായ പ്രകോപനങ്ങൾക്കുള്ള മറുപടിയാണ് ഇതെന്നാണ് പെന്റഗൺ വ്യക്തമാക്കുന്നത്. വ്യോമപ്രതിരോധ സംവിധാനങ്ങൾ, റഡാർ കേന്ദ്രങ്ങൾ, സൈനിക നിരീക്ഷണ കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമാക്കിയായിരുന്നു അമേരിക്കൻ യുദ്ധ വിമാനങ്ങളുടെ ആക്രമണം.





### ഇറാനിലെ പ്രമുഖ നഗരങ്ങളിൽ സ്ഫോടനം

തെക്കൻ ഇറാന്റെ തീരമേഖലകളിൽ വലിയ നാശനഷ്ടങ്ങളാണ് റിപ്പോർട്ട് ചെയ്യുന്നത്. പ്രമുഖ തുറമുഖ നഗരമായ ബന്ദർ അബ്ബാസ്, സിരിക്, മിനാബ് കൂടാതെ ഗൾഫ് മേഖലയിലെ പ്രധാന ദ്വീപായ ഖേഷ്മ് എന്നിവിടങ്ങളിൽ ശക്തമായ സ്ഫോടന ശബ്ദങ്ങൾ കേട്ടതായി ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. യുഎസ് ആക്രമണത്തിൽ തെക്കൻ ഇറാനിലെ ജലസംഭരണികൾ തകർന്നതായും ഇതേത്തുടർന്ന് കടുത്ത ചൂടിനിടയിൽ ഇരുപതിനായിരത്തോളം ആളുകൾ കുടിവെള്ളമില്ലാതെ പ്രതിസന്ധിയിലായതായും ഇറാൻ മാധ്യമങ്ങൾ ആരോപിക്കുന്നു.

### ആഗോളതലത്തിൽ ആശങ്ക; എണ്ണ വില ഉയരാൻ സാധ്യത

ലോകത്തിലെ ആകെ എണ്ണക്കടത്തിന്റെ അഞ്ചിലൊന്നും കടന്നുപോകുന്ന ഹോർമുസ് കടലിടുക്ക് ഇറാൻ അടച്ചതോടെ അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുതിച്ചുയരാൻ സാധ്യതയുണ്ട്. പശ്ചിമേഷ്യയിലെ ചെറിയൊരു തീപ്പൊരി വലിയൊരു ആഗോള യുദ്ധത്തിലേക്ക് വഴിമാറാനുള്ള സാധ്യതയുണ്ടെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ ആന്റണി ഗുട്ടെറസ് സുരക്ഷാ കൗൺസിലിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി. അക്രമം തുടർന്നാൽ ശക്തമായ ഭാഷയിൽ മറുപടി നൽകുമെന്ന് ഇറാന്റെ വിദേശകാര്യമന്ത്രി അബ്ബാസ് അരക്ചിയും വ്യക്തമാക്കിയിട്ടുണ്ട്.

# അമേരിക്കൻ താല്പര്യങ്ങൾ സംരക്ഷിച്ചില്ലെങ്കിൽ മെക്സിക്കോയുമായും കാനഡയുമായുമുള്ള സ്വതന്ത്ര വ്യാപാര കരാർ പുതുക്കില്ലെന്ന് ഡോണാൾഡ് ട്രംപ്



വാഷിംഗ്ടൺ: കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങളുമായുള്ള നിലവിലെ സ്വതന്ത്ര വ്യാപാര കരാർ അമേരിക്ക പുതുക്കിയേക്കില്ലെന്ന് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. ഇരു രാജ്യങ്ങളുമായുള്ള വ്യാപാരത്തിലെ വൻ സാമ്പത്തിക നഷ്ടം ചൂണ്ടിക്കാണിച്ചാണ് ട്രംപിന്റെ മുന്നറിയിപ്പ്.

വിഷയത്തിൽ ഇരു രാജ്യങ്ങളുടെയും ഭരണത്തലവന്മാരുമായി ചർച്ച നടത്തുന്നുണ്ടെങ്കിലും കരാർ നിലനിർത്താൻ തനിക്ക് താല്പര്യമില്ലെന്ന് വൈറ്റ് ഹൗസിൽ വാർത്താലേഖകരോട് സംസാരിക്കവെ ട്രംപ് വ്യക്തമാക്കി. കാനഡയിൽ നിന്നോ മെക്സിക്കോയിൽ നിന്നോ അമേരിക്കയ്ക്ക് ഒന്നും ആവശ്യമില്ലെന്നും എന്നാൽ അവർക്ക് ആവശ്യമായതെല്ലാം നൽകുന്നത് അമേരിക്കയാണെന്നും ട്രംപ് കൂട്ടിച്ചേർത്തു.

വരുന്ന ജൂലൈ ഒന്നിനകം നിലവിലെ വ്യാപാര കരാർ പുതുക്കാൻ മൂന്ന് രാജ്യങ്ങളും അനുമതി നൽകേണ്ടതുണ്ട്. അല്ലാത്തപക്ഷം കരാറിൽ നിന്ന് പിന്മാറാനുള്ള താല്പര്യം ഔദ്യോഗികമായി അറിയിക്കണം. കരാറിൽ നിന്ന് പൂർണ്ണമായി പിന്മാറാൻ പത്ത് വർഷത്തെ സമയപരിധിയുള്ളതിനാൽ ഈ കാലയളവിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ രാജ്യങ്ങൾക്ക് സാധിക്കും. കഴിഞ്ഞ വർഷത്തെ കണക്കുകൾ പ്രകാരം കാനഡയുമായുള്ള വ്യാപാരത്തിൽ 46 ശതകോടി ഡോളറിന്റെയും മെക്സിക്കോയുമായി 197 ശതകോടി ഡോളറിന്റെയും വൻ വ്യാപാര കമ്മി പ്രവാസികളുടെയും അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെയും മേൽ വലിയ ബാധ്യതയുണ്ടാക്കുന്നു എന്നാണ് ട്രംപിന്റെ നിലപാട്.

പ്രശ്നപരിഹാരത്തിനായി അമേരിക്കയും മെക്സിക്കോയും തമ്മിലുള്ള രണ്ടാം ഘട്ട ചർച്ചകൾ ജൂൺ 16, 17 തീയതികളിൽ വാഷിംഗ്ടണിൽ നടക്കും. കാർഷിക മേഖലയ്ക്കും ഇരുരാജ്യങ്ങൾക്കും തുല്യമായ അവസരങ്ങൾ ഉറപ്പാക്കുന്നതിനും മുൻഗണന നൽകുന്ന ചർച്ചകളുടെ മൂന്നാം ഘട്ടം ജൂലൈ 20ന് മെക്സിക്കോ സിറ്റിയിൽ നടക്കുമെന്ന് അമേരിക്കൻ വ്യാപാര പ്രതിനിധിയുടെ ഓഫീസ് അറിയിച്ചു.

അതേസമയം, കാനഡയും അമേരിക്കയും തമ്മിൽ നടത്തിയ പ്രാഥമിക ചർച്ചകൾ അനുകൂലമായിരുന്നു എന്ന് കനേഡിയൻ വ്യാപാര മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് വ്യക്തമാക്കിയെങ്കിലും ഔദ്യോഗിക ചർച്ചകളുടെ തീയതി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

## റീ...പോളിംഗ്




*പിണറായി വിജയനുമായി നല്ല അടുപ്പമാണന്നു രാഹുൽ ഗാന്ധി*


Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com
E-Paper reading
visit vachakam.com



Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

# ഷിക്കാഗോ സീറോ മലബാർ രൂപതാ രജത ജൂബിലി കൺവൻഷൻ: തിരശീല ഉയരാൻ ഇനി വെറും 30 ദിനങ്ങൾ !!

ന്യൂയോർക്ക്: ഇന്ത്യയ്ക്ക്പുറത്തു സ്ഥാപിതമായ പ്രഥമ സീറോ മലബാർ രൂപതയായ 'സീറോ മലബാർ സെന്റ് തോമസ് കത്തോലിക്കാ എപ്പാർക്കിയുടെ' രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഷിക്കാഗോയിൽ നടക്കുന്ന സീറോ മലബാർ കൺവൻഷന് ഇനി വെറും മുപ്പത് ദിവസങ്ങൾ മാത്രം.

ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിൽ ജൂലൈ 9, 10, 11, 12 (വ്യാഴം മുതൽ ഞായർ വരെ) തീയതികളിലാണ് കൺവൻഷൻ നടക്കുന്നത്. രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ഇതോടനുബന്ധിച്ച് ആഘോഷിക്കും.




കൺവൻഷൻ ദിവസങ്ങളിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച് ബിഷപ്പ് കർദിനാൾ ബ്ലേസ് കുപിച്, ആർച്ച് ബിഷപ്പ്മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ, ബിഷപ്പ് ഏൾ ഫെർണാണ്ടസ്, ഫാ. സേവ്യർഖാൻ വട്ടായിൽ, ഡോ. ജോസഫ് തടത്തിൽ, ഫാ. ജോസഫ് പുത്തൻപുരയിൽ, ഫാ. ടിം അനസ്റ്റോസ്, ഫാ. ജോൺ കർടജേ, ഡോ. എഡ്വേഡ് ശ്രീ, സി. ജോസ്ലിൻ ഇടത്തിൽ തുടങ്ങി നിരവധി പ്രമുഖർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണങ്ങൾ നടത്തും.

കൺവൻഷന്റെ സായാഹ്നങ്ങളെ കൂടുതൽ ആകർഷകമാക്കുന്നതിനായി വൈവിധ്യമാർന്ന കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്. ജൂലൈ 9ന് നടക്കുന്ന ഉദ്ഘാടനദിനത്തിൽ പത്മശ്രീ ജയറാമും സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും സീറോ മലബാർ കലാകാരന്മാരും ചേർന്ന് അവതരിപ്പിക്കുന്ന 'താള വിസ്മയം' പ്രധാന ആകർഷണമായിരിക്കും.

കൂടാതെ വിവിധ ദിവസങ്ങളിലായി മെഗാ മാർഗംകളി, സംഗീത നിശാ, സംഘ നൃത്തങ്ങൾ, പാരിഷ് ഫെസ്റ്റ്, കായിക വിനോദങ്ങൾ, യുവജനങ്ങൾക്കായുള്ള പ്രത്യേക പരിപാടികൾ എന്നിവയും നടക്കും. ലീഡർഷിപ്പ് പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവയും യുവജനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂബിലി കമ്മിറ്റി കൺവീനർ ഫാ. ജോൺ മേലേപ്പുറം, ചെയർമാൻ ജോസഫ് ചാമക്കാല, കൺവൻഷൻ കമ്മിറ്റി കൺവീനർ ഫാ. തോമസ് കടുകപ്പിള്ളിൽ, ചെയർമാൻ ബിജി സി. മാണി, ജോയിന്റ് കൺവീനർ ഫാ. ജോയൽ പയസ്, യൂത്ത് കൺവീനർ ഫാ. മെൽവിൻ പോൾ, സെക്രട്ടറി ബീന വള്ളിക്കളം, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂ തോമസ്, ഫസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി, പ്രോഗ്രാം ചെയർമാൻ ജോഷി കുഞ്ചെറിയ, മാർക്കറ്റിംഗ് ചെയർമാൻ സജി വർഗീസ്, ജോയിന്റ് സെക്രട്ടറി ആനി മാനാട്ട് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. ഫോക്കസ് ട്രാക്ക് (യൂത്ത്) ലീഡ്സായ മാത്യു തോമസ്, കെന്നിറ്റാ ജോസ് കുമ്പിളുവേലി, ജോർജ് നെല്ലിക്കുന്നേൽ, മെലിസ പുത്തൻപുര, ലിയ ജോസഫ് തുടങ്ങിയവരും വിവിധ കമ്മിറ്റികളിൽ സജീവമാണ്.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ കൺവൻഷനിലും അതോടനുബന്ധിച്ചുള്ള ആത്മീയ, സാംസ്കാരിക, പൈതൃക കൂട്ടായ്മകളിലും പങ്കുചേരാൻ എല്ലാ വിശ്വാസികളെയും രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

ഷോളി കുമ്പിളുവേലി

## ഷിക്കാഗോ സീറോ മലബാർ രൂപതയ്ക്ക് മകുടമായി രണ്ടു ഡീക്കൻമ്മാർ ഒരേദിവസം പൗരോഹിത്യം സ്വീകരിക്കുന്നു

ന്യൂയോർക്ക്: രജത ജൂബിലി ആഘോഷിക്കുന്ന ഷിക്കാഗോ സെയിന്റ് തോമസ് സീറോ മലബാർ കാത്തലിക്കാ രൂപതക്കു മകുടമായി ഒരേഇടവകയിൽ നിന്നുമുള്ള രണ്ടു ഡീക്കൻമാർ, ഒരേദിവസം പൗരോഹിത്യം സ്വീകരിച്ചു സാർവത്രിക സഭയുടെ ശുശ്രൂഷകരാകുന്നു.

ജൂൺ 13-ാം തീയതി ശനിയാഴ്ച രാവിലെ പത്തു മണിക്ക് പാറ്റേഴ്സൺ സെയിന്റ് ജോർജ് ദേവാലയത്തിൽ നടക്കുന്ന ഭക്തിനിർഭരവും, ആഘോഷപൂർവ്വവുമായ ചടങ്ങിൽ, പാറ്റേഴ്സൺ ഇടവകയിൽ നിന്നുമുള്ള ഡീക്കൻ മൈക്കിൾ ജെയിംസും, ഡീക്കൻ സാം കുട്ടാപ്പശ്ശേരിയും, രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിൽ നിന്നും തിരുപ്പട്ടം സ്വീകരിക്കും. ഇതോടെ രൂപതയിലെ തദ്ദേശ്യരായ വൈദികരുടെയെണ്ണം പത്തായി ഉയരും.!





തിരുക്കർമ്മങ്ങളിൽ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിനെ കൂടാതെ രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, വികാരി ജനറാളന്മാരായ വെരി. റവ. ഫാ. ജോൺ മേലേപ്പുറം, വെരി. റവ. ഫ. തോമസ് മുളവനാൽ, വെരി. റവ. ഫാ. തോമസ് കടുകപ്പള്ളി, രൂപതാ ചാൻസലർ റവ. ഫാ. ജോൺസൻ കോവൂർ പുത്തൻപുരക്കൽ, പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ തുടങ്ങി അമ്പതിൽപ്പരം വൈദികരും, സന്യസ്തരും, കൂടാതെ വലിയൊരു വിശ്വാസസമൂഹവും അനുഗ്രഹീതമായ ചടങ്ങുകൾക്ക് സാക്ഷികളാകാൻ എത്തും. ഇവരെ സ്വീകരിക്കുന്നതിന് പാറ്റേഴ്സൺ സെയിന്റ് ജോർജ് ദേവാലയ വികാരി റവ. ഫാ. സിമ്മി തോമസിന്റെയും കൈക്കാരൻമാരുടേയും, പാരിഷ് കൗസിലിന്റേയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ നടന്നു വരുന്നു.

ജൂൺ 14-ാം തീയതി ഞായറാഴ്ച രാവിലെ 9:30ന് നവ വൈദികൻ സാം കുട്ടാപ്പശ്ശേരിയും, 11:30ന് മൈക്കിൾ ജെയിംസും തങ്ങളുടെ പ്രഥമ ദിവ്യബലി ഇടവക ദേവാലയമായ പാറ്റേഴ്സൺ സെയിന്റ് ജോർജ് ദേവാലയത്തിൽ അർപ്പിക്കും.

കോട്ടയം പാറമ്പുഴ സ്വദേശിയായ ജെയിംസ് ഷേർളി ദമ്പതികളുടെ മകനാണ് ഡീക്കൻ മൈക്കിൾ ജെയിംസ്. ബെറ്റ്സി ഏക സഹോദരിയാണ്. തൃശൂർ മാള സ്വദേശിയായ റോബി-സിസി ദമ്പതികളുടെ മകനാണ് ഡീക്കൻ സാം കുട്ടാപ്പശ്ശേരി. രേഷ്മ അലക്സ് സഹോദരിയാണ്.

പൗരോഹിത്യസ്വീകരണ തിരുക്കർമ്മങ്ങളിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്ത വിശ്വാസികൾ തങ്ങളുടെ പള്ളികളിലും വീടുകളിലും നവവൈദികർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കണമെന്നു മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്തു. ഷിക്കാഗോ കത്തീഡ്രൽ ഇടവകയുടെ വികാരിയായി സ്ഥലം മാറിപോകുന്നതിനു മുമ്പ് ഏതാണ്ട് പത്തു വർഷത്തോളും മാർ ജോയ് ആലപ്പാട്ട്, ഡീക്കമൊരായ മൈക്കിൾ ജെയിംസിന്റേയും, സാം കുട്ടാപ്പശ്ശേരിയുടെയും മാതൃ ഇടവകയായ സെയിന്റ് ജോർജ് പള്ളിയുടെ വികാരിയായിരുന്നു. തന്റെ കീഴിൽ വിശ്വാസപരിശീലനം നടത്തിയ, കൂദാശകൾ സ്വീകരിച്ച, തന്നോടൊപ്പം അൾത്താര ശുശ്രൂഷികളായി പ്രവർത്തിച്ച കുട്ടികൾക്ക്, തിരുപ്പട്ടം നൽകുന്നത് മാർ ജോയ് ആലപ്പാട്ടിനെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി ഇരട്ടിമധുരം നൽകുന്ന തിരുക്കർമ്മം കൂടിയാണ്.

ദൈവകൃപയാൽ, കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾ കൊണ്ട് തദ്ദേശ്യരായ പത്തു വൈദികർക്ക് ജന്മം നൽകുവാൻ ഷിക്കാഗോ രൂപതയ്ക്ക് സാധിച്ചു. 2018 മെയ് 5ന് ന്യൂയോർക്കിലെ ബ്രോങ്ക്സ് ഇടവകയിൽ നിന്നും ഫാ. കെവിൻ മുണ്ടക്കലും, ജൂൺ രണ്ടാം തീയതി ഫ്ളോറിഡയിലെ റ്റാമ്പാ സെയിന്റ് ജോസഫ് ഇടവകാംഗമായ ഫാ. രാജീവ് വലിയവീട്ടിലും തിരുപ്പട്ടം സ്വീകരിച്ചു രൂപതയിലെ പ്രഥമ തദ്ദേശ്യ വൈദികരായി. തുടർന്ന്, 2020 മെയ് 16ന് ബാൾട്ടിമോർ സെയിന്റ് അൽഫോൻസാ ഇടവകാംഗമായ ഫാ. മെൽവിൻ പോൾ മംഗലത്ത്, ജൂൺ 6ന് ടെക്സസ് എഡിൻബർഗ് ഡിവൈൻ മേഴ്സി ഇടവകയിൽ നിന്നും ഫാ. തോമസ് പുളിക്കൽ, 2021 മെയ് 22ന് തീയതി കാലിഫോർണിയയിലെ ഓറഞ്ച് സെയിന്റ് തോമസ് ഇടവകാംഗമായ ഫാ. ജോബി ജോസഫ്, 2022 മെയ് 28ന് അറ്റ്ലാന്റാ സെയിന്റ് അൽഫോൻസാ ഇടവക അംഗമായ ഫാ. ജോയൽ പയസ്, 2023 ജൂൺ 3ന് ഷിക്കാഗോ മാർ തോമ ശ്ലീഹ കത്തിഡ്രൽ ഇടവകയിൽ നിന്നുള്ള ഫാ. ജോർജ് പാറയിൽ എന്നിവരും തിരുപ്പട്ടം സ്വീകരിച്ചു.

രൂപത സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ വർഷം മെയ് 23ന് ഫ്ളോറിഡയിലെ കോറൾ സ്പ്രിംഗ് 'ഔർ ലേഡി ഓഫ് ഹെൽത്ത്' ഇടവകയിൽനിന്നും ഡീക്കൻ മാത്യു ജേക്കബ്, മാർ ജോയ് ആലപ്പാട്ടിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ഈ ശനിയാഴ്ച ന്യൂജേഴ്സിയിലെ പാറ്റേഴ്സൺ സെയിന്റ് ജോർജ് ഇടവകയിൽനിന്നുമുള്ള ഡീക്കൻ മൈക്കിൾ ജെയിംസും, ഡീക്കൻ സാം കുട്ടാപ്പശ്ശേരിയും തിരുപ്പട്ടം സ്വീകരിക്കുന്നതോടെ ഷിക്കാഗോ രൂപതയിലെ തദ്ദേശ്യരായ വൈദികരുടെ എണ്ണം പത്താകും.

കൂടാതെ, നിലവിൽ ഏഴിൽപ്പരം വൈദിക വിദ്യാർത്ഥികൾ വിവിധ സെമിനാരികളിൽ രൂപതയ്ക്ക് വേണ്ടി പഠിക്കുന്നു എന്നതും ശ്രദ്ധേയമാണ്. കൂടാതെ ഈ രൂപതയിലെ ഇടവകകളിൽ നിന്നുമുള്ള അഞ്ചിലധികം യുവജനങ്ങൾ മറ്റു കോൺഗ്രിഗേഷനുകൾക്കായും സെമിനാരികളിൽ പഠിക്കുന്നുമുണ്ട്.

## ഷിക്കാഗോ മലയാളി അസോസിയേഷൻ വിദ്യാഭ്യാസ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷത്തോട് അനുബന്ധിച്ച് എല്ലാ വർഷവും നൽകി വരുന്ന വിദ്യാഭ്യാസ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ വർഷം (2026) ഹൈസ്കൂൾ ഗ്രാജുവേറ്റായ (12വേ ഗ്രേഡ്) കുട്ടികളിൽ ഏറ്റവും മികച്ച നിലവാരം പുലർത്തിയ ഷിക്കാഗോ മലയാളി അസോസിയേഷൻ അംഗങ്ങളുടെ കുട്ടികൾക്കാണ് അവാർഡുകൾ സമ്മാനിക്കുക.

2026 ഓഗസ്റ്റ് 14ന് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കുന്ന ഓണാഘോഷ വേദിയിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യും. അവാർഡിനായി അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ സ്കൂൾ ട്രാൻസ്ക്രിപ്റ്റ്, മറ്റ് ഏതെങ്കിലും മേഖലകളിൽ മികവ് പുലർത്തിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ എന്നിവയുടെ കോപ്പികൾ എന്നിവ സഹിതം 2026 ജൂലൈ 15 നകം biju-mundakkal@yahoo.com എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് മണക്കാട്ട് (പ്രസിഡന്റ്) 847-830-4128, ബിജു മുണ്ടക്കൽ (സെക്രട്ടറി) 773-673-8820, അച്ചൻ കുഞ്ഞ് മാത്യു (ട്രഷറർ) 847-912-2578

### ഭരണഘടന പരിഷ്കരിക്കുന്നു

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ നിലവിലുള്ള ഭരണഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി അംഗങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. അംഗങ്ങളുടെ നിർദ്ദേശങ്ങൾ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതി sujia2570@gmail.com എന്ന ഇമെയിൽ വിലാസത്തിൽ 2026 ജൂൺ 17-ാം തീയതിക്കകം സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : ബെന്നി വാച്ചാച്ചിറ (ചെയർമാൻ, കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റി) 847-322-1973, ബിജു മുണ്ടക്കൽ (സെക്രട്ടറി, ഷിക്കാഗോ മലയാളി അസോസിയേഷൻ) 773-673-8820





# ഷിക്കാഗോ എക്യൂമെനിക്കൽ ഫാമിലി നൈറ്റ് വർണ്ണാഭമായി

എക്യൂമെനിക്കൽ കൗൺസിൽ കേരള ചർച്ചസ് ഇൻ ഷിക്കാഗോ ഫാമിലി നൈറ്റ് ചാരിറ്റി ഡിന്നർ & എന്റർടൈൻമെന്റ് പ്രോഗ്രാം ജൂൺ 6 ശനിയാഴ്ച വൈകുന്നേരം ബെൽവുഡ് സീറോ മലബാർ ഹാളിൽ വച്ച് സമചിത്തമായി നടത്തപെട്ടു. ഡിന്നറിന് ശേഷം, ഷിക്കാഗോ ചെണ്ട ക്ലബ്ബിന്റെ നാദസ്വര ഭംഗിയാൽ പ്രോഗ്രാമുകൾക്ക് തുടക്കം കുറിച്ചു.




മുഖ്യാതിഥി മാർത്തോമാ നോർത്ത് അമേരിക്കൻ കാനഡ ഭദ്രാസനത്തിന്റെ ബിഷപ്പ് Rt. Rev. Dr. എബ്രഹാം മാർ പൗലോസ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ഈ കൗൺസിൽ നൽകുന്ന എല്ലാ സ്പോർട്സ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ബിഷപ്പ് പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു. തുടർന്ന് നടന്ന മീറ്റിങ്ങിൽ ആത്മീക വഴിപാടിലേക്ക് വേർതിരിച്ച് നയിച്ച തന്റെ മക്കളുടെ മാതാപിതാക്കളെ ആദരിക്കുന്ന അധിതീയതമായ അവസരം, ഏറ്റെവും മനോഹരവും ശ്ലാഹനീയവും എന്ന് ബിഷപ്പ് അറിയിച്ചു.

എക്യൂമെനിക്കൽ ഷിക്കാഗോ കൗൺസിലിന്റെ രക്ഷാധികാരികളായി മാർ അങ്ങാടിയത്, മാർ ജോയ് ആലപ്പാട്ട് എന്നിവർ സസ്നേഹം പ്രവർത്തിക്കുന്നു.

ഫാമിലി നൈറ്റ് പ്രോഗ്രാമിന്റെ സുഖകരമായ നടത്തിപ്പിലേക്ക് റവ. ഫാദർ ജോയ്സ് പാപ്പൻ ചെയർപേഴ്സൺ, സിബിൾ ഫിലിപ്പ് കൺവീനർ, ജോൺസൺ വള്ളിയിൽ പ്രോഗ്രാം കോഡിനേറ്റർ, റെവ. ബിജു യോഹന്നാൻ പ്രസിഡന്റ്, ബെഞ്ചമിൻ തോമസ് സെക്രട്ടറി, മറ്റ് പല കമ്മിറ്റികളും ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

ഈ മീറ്റിങ്ങിൽ, ചാരിറ്റി പ്രവർത്തനങ്ങൾക്കായി 8000 ഡോളർ, ട്രഷറർ ജേക്കബ് ജോർജ്, മുഖ്യാതിഥി പൗലോസ് എപ്പിസ്കോപ്പ മുഖാന്തരം ഇടവകകൾക്ക് കൈമാറി.

തദവസരത്തിൽ തന്റെ മക്കളെ ദൈവവേലയ്ക്കായി സമർപ്പിച്ച എല്ലാ മാതാപിതാക്കളെയും പ്രത്യേകിച്ച് സന്നിധരായ 10 മാതാപിതാക്കളെ ബിഷപ്പ് എബ്രഹാം മാർ പൗലോസ് പൊന്നാട അണിയിച്ച് ആദരിച്ചു.

തുടർന്ന് നടന്ന 11 പള്ളികളുടെ നയന മനോഹരമായ അരങ്ങുകൾ സദസ്സിന് കുളിർമയേകി. എക്യൂമെനിക്കൽ ബിസിനസ് മീറ്റിംഗ്, പ്രോഗ്രാം കോഡിനേറ്റർ ജോൺസൺ വള്ളിയിൽ നിയന്ത്രിക്കുകയും, അക്ഷ എബ്രഹാം, ക്രിസ്റ്റീൻ ഫിലിപ്പ് എന്റർടൈൻമെന്റ് കാര്യ പരിപാടികൾക്ക് അവതാരകരും ആയിരുന്നു.

കടന്നുവന്ന ഏവർക്കും ഡിന്നർ ഒരുക്കിയിരുന്നു. പ്രാർത്ഥന ആശിർവാദത്തിന് ശേഷം ചടങ്ങുകൾക്ക് വിരാമമിട്ടു.









മാറുന്ന കാലം 27

# കളിയല്ല, കഥയല്ല കണക്കുകൾ



സെർജി ആന്റണി

കണക്ക് വന്നു. ഇനി പുതിയ കണക്കുകൂട്ടലുകൾ വേണം. മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ അവതരിപ്പിച്ച ധവളപത്രം സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെക്കുറിച്ചുള്ള നേർചിത്രമാണ്. അതിൽ രാഷ്ട്രീയവും ഉണ്ട്. പക്ഷേ അതിനെ രാഷ്ട്രീയം മാത്രമായി കാണരുത്. നാടിന്റെ പൊതുപ്രശ്നമായി കാണണം. അപ്പോഴാണ് ആത്മാർഥമായ പ്രതിവധി കണ്ടെത്താനാവുക. അതിനു പ്രതിപക്ഷവും ഇടങ്കോലിടരുത്. സാധ്യമായ സഹകരണം അവരും നൽകണം. കാരണം ഇത്തരമൊരു സാമ്പത്തിക സാഹചര്യം രൂപപ്പെട്ടതിൽ എല്ലാവർക്കും പങ്കുണ്ട്. അപ്പോൾ പ്രതിവിധിയിലും കൂട്ടായ ചർച്ച വേണം. ജനക്ഷേമമാണ് രാഷ്ട്രീയപ്രവർത്തനത്തിന്റെ കാമ്പ് എങ്കിൽ ജനം അതു വിലയിരുത്തിക്കൊള്ളും.

ഇതിനു മുമ്പും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ധവളപത്രം ഇറക്കിയിട്ടുണ്ട്. അതിലും രാഷ്ട്രീയം ഉണ്ടായിരുന്നു. അധികാരമൊഴിയുന്ന സർക്കാർ ഖജനാവ് കൈകാര്യം ചെയ്തതിനെക്കുറിച്ച് അപ്പോഴും കടുത്ത വിമർശനം ഉണ്ടായിട്ടുണ്ട്. അന്നും ന്യായവാദങ്ങളും കണക്കിലെ കളികളുമായി മറുപക്ഷവും രംഗത്തെത്തിയിരുന്നു.

മുൻ കാബിനറ്റ് സെക്രട്ടറിയും ആസൂത്രണ ബോർഡ് മുൻ വൈസ് ചെയർമാനുമായിരുന്ന കെ.എം ചന്ദ്രശഖരിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി തയാറാക്കിയ റിപ്പോർട്ട് ധനവകുപ്പിന്റെ വിശദ പരിശോധനയക്കും വിധേയമാക്കിയിരുന്നു. ധനകാര്യ വകുപ്പിന്റെ കൂടി ചുമതലയുള്ള മുഖ്യമന്ത്രി ധവളപത്രം തയാറാക്കുന്നതിൽ നേരിട്ട് ഇടപെടുകയും അതിന്റെ ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.

ധവളപത്രം പുറത്തുവന്നപ്പോൾ ഏറെ ശ്രദ്ധ ആകർഷിച്ചത് സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത സംബന്ധിച്ച കണക്കാണ്. 5.7 ലക്ഷം കോടി രൂപയാണ് സംസ്ഥാനത്തിന്റെ പൊതുക്കടം. മിക്ക മാധ്യമങ്ങളും ഹൈലൈറ്റ് ചെയ്തതും ആ വിഷയംതന്നെ. എന്നാൽ അതിലുപരിയായ ചില പ്രതിസന്ധികളിലൂടെയാണ് കേരളം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്നാണ് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്.

സംസ്ഥാനത്തിന്റെ മൊത്തം നികുതിവരുമാനത്തിൽ 77.6 ശതമാനവും ശമ്പളം, പെൻഷൻ, പലിശയടവ് എന്നിവയ്ക്കായി നീക്കിവയ്ക്കുകയാണ്. പിന്നെ വികസനത്തിനും ക്ഷേമത്തിനും എവിടെ പണം. അതിനാണ് കിഫ്ബി ഉണ്ടാക്കിയത്. എന്നാൽ അതു വലിയ ബാധ്യതയാണെന്നു ധവളപത്രം ചൂണ്ടിക്കാട്ടുന്നു. കിഫ്ബിയുടെ ധനശേഖരണത്തിൽതന്നെ പല പാകപ്പിഴകളുമുണ്ട്. കിഫ്ബിയിലൂടെ നിരവധി വികസനപ്രവർത്തനങ്ങൾ നടന്നു എന്നു പറയുമ്പോഴും 21,000 കോടി രൂപയുടെ കടബാധ്യത നിലനിൽക്കുന്നു എന്ന യാഥാർഥ്യം അവഗണിക്കാനാവുമോ.

കിഫ്ബി വഴിയുള്ള 35,000 കോടി രൂപയുടെ വിവിധ വികസനപദ്ധതികളിൽ ചിലതൊക്കെ നിർമാണഘട്ടത്തിലാണ്. ഈ മുതൽമുടക്കിന്റെ പ്രയോജനം ഇനിയും തിട്ടപ്പെടുത്തിയിട്ടുമില്ല. രാഷ്ട്രീയമായി കിഫ്ബി ഒരു നേട്ടമായിരുന്നുവെങ്കിലും അതിന്റെ ഘടനയും സാമ്പത്തിക ബാധ്യതകളും എറെ സങ്കീർണമാണ്. കിഫ്ബിയുടെ കാര്യത്തിൽ ഒരു പൊളിച്ചെഴുത്തു വേണ്ടിവരും. അതു മിക്കവാറും ബജറ്റിൽ ഉൾപ്പെടുത്താൻ സാധ്യതയുണ്ട്.

പ്രതിപക്ഷം ധവളപത്രത്തെക്കുറിച്ചു പറയുന്നതു മനസിലാക്കാം. അത് അവരുടെ രാഷ്ട്രീയം കൂടിയാണ്. സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്കു പോയതിനെക്കുറിച്ചും ഖജനാവിന്റെ അവസ്ഥയെക്കുറിച്ചും കഴിഞ്ഞ പത്തുവർഷം ഭരിച്ചവർക്കു ചിലതൊക്കെ പറയാനുണ്ടാവുമല്ലോ. മുൻ ധനമന്ത്രി ചില കണക്കുകൾ ഉദ്ധരിച്ച് തന്റെ സർക്കാരിന്റെ ഭാഗം ന്യായീകരിക്കാൻ ശ്രമിച്ചതും അതുകൊണ്ടാണ്.


ഇപ്പോഴത്തെ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ സംസ്ഥാനത്തുടനീളം നടത്തിയ തെറ്റിദ്ധാരണാജനകമായ പ്രചാരണങ്ങൾക്കു മാപ്പു പറയണമെന്നുവരെ ബാലഗോപാൽ പറഞ്ഞുവച്ചു. എന്നാൽ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം അതിനെല്ലാമുള്ള യുക്തമായ മറുപടിയായി. പവർ പോയന്റ് പ്രസന്റേഷനിലൂടെയാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ മാധ്യമങ്ങളോട് ധവളപത്രത്തിലെ കണക്കുകൾ വിശദീകരിച്ചത്.

വാദപ്രതിവാദങ്ങളല്ല പരിഹാരക്രിയകളാണു പ്രധാനം. അതു വൈകരുത്. യു.ഡി.എഫ് സർക്കാരിന്റെ ആദ്യ ബജറ്റിൽ ഇതിനു ചില മറുമരുന്നുകൾ പ്രതീക്ഷിക്കാം. ചില പരിഹാരങ്ങൾ ധവളപത്രത്തിൽതന്നെ നിർദേശിച്ചിട്ടുണ്ട്. അതെല്ലാം നിർദേശങ്ങൾ മാത്രമാണ്. വിശദമായ ചർച്ചകളും വിലയിരുത്തലുകളും വേണം. കിഫ്ബിയപ്പോലൊരു സംവിധാനം പിടിവിട്ടുപോയതിന്റെ അനുഭവപാഠം പ്രധാനമാണ്.

നിരന്തരം വൻനഷ്ടം വരുത്തിവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള ധവളപത്രത്തിലെ പരാമർശനങ്ങൾ പൊതുമേഖല സ്വകാര്യ മേഖലയ്ക്കു തീറെഴുതുന്നു എന്ന വ്യാഖ്യാനത്തിലേക്കു വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയെയും സപ്ലേകോയെയും സ്വയം പര്യാപ്തമാക്കുമെന്നായിരുന്നു മുഖ്യമന്ത്രിയുടെ വിശദീകരണം. ലാഭത്തിൽ പോകുന്ന സിയാൽ പോലും വിറ്റഴിക്കാതിരുന്നാൽ കൊള്ളാം എന്ന മുൻധനമന്ത്രി കെ.എൻ.ബാലഗോപാലിന്റെ കമന്റ് ശ്രദ്ധേയമാണ്. അതിലൊരു രാഷ്ട്രീയവുമുണ്ട്.

സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ പൊതുമണ്ഡലത്തിൽവരുന്നത് ശരിയല്ലെന്ന ബാലഗോപാലിന്റെ നിലപാട് ജനാധിപത്യ ഭരണകൂടങ്ങൾക്കു ചേരുന്നതല്ല. ധനസ്ഥിതിയുമായി ബന്ധപ്പെട്ട ചില രേഖകൾ പുറത്തുവരുന്നത് സർക്കാരിന്റെ പ്രവർത്തനങ്ങളെപ്പോലും ദോഷകരമായി ബാധിക്കാമെന്നാണ് മുൻധനമന്ത്രിയുടെ അഭിപ്രായം.

യു.ഡി.എഫ് സർക്കാരിന്റെ ഇന്ദിരാ ഗാരണ്ടികൾ നടപ്പാകില്ലെന്നാണ് ഒന്നാം പിണറായി സർക്കാരിൽ ധനമന്ത്രിയായിരുന്ന തോമസ് ഐസക്കിന്റെ വിലയിരുത്തൽ. ധനവകുപ്പിന്റെ സീക്രട്ട് സെക്ഷനിൽ മാത്രം ലഭ്യമായിരുന്ന രേഖകൾ എഐ പ്ലാറ്റ്ഫോമിലേക്കു നൽകിയാണോ ധവളപത്രം തയാറാക്കിയതെന്നൊരു വിചിത്ര സംശയവും തോമസ് ഐസക് ഉന്നയിച്ചു. സർക്കാരിന്റെ പ്രവർത്തനങ്ങളുടെ സുതാര്യതയാണ് പ്രധാനം. ജനങ്ങളുടെ മുന്നിൽ വയ്ക്കാനാവാത്ത എന്തു വസ്തുതകളാണ് ഇപ്പോൾ ധവളപത്രത്തിൽ വന്നിട്ടുള്ളതെന്നുകൂടി വിശദീകരിക്കട്ടെ.





*കണക്കുകളുടെ മാജിക്കല്ല, നല്ല കണക്കുകൂട്ടലുള്ളവരെയാ വേണ്ടത്...*

ജൂൺ 15 മുതൽ എല്ലാ ഓർഡിനറി ബസുകളിലും സ്ത്രീകൾക്കും ട്രാൻസ്ജൻഡർമാർക്കും സൗജന്യ യാത്ര അനുവദിക്കുന്ന പ്രഖ്യാപനം മുഖ്യമന്ത്രി വി.ഡി. സതീശൻ പത്തിന് മന്ത്രിസഭായോഗത്തിനുശേഷം പ്രഖ്യാപിച്ചു. ഇതിലൂടെ കെ.എസ്.ആർ.ടി.സിക്കുണ്ടാകുന്ന ബാധ്യത സർക്കാർ ഏറ്റെടുക്കും. എങ്കിലും ആശങ്കകൾ ഏറെയുണ്ട്.

കെ.എസ്.ആർ.ടി.സിക്ക് ആകെയുള്ളത് 5523 ബസുകളാണ്. സ്വിഫ്റ്റ് ബസുകളുംകൂട്ടിയാണിത്. കെ.എസ്.ആർ.ടി.സിയുടെ 5509 ബസുകളിൽ 3239 എണ്ണവും ഓർഡിനറി ബസുകളാണ്. അതുകൊണ്ടുതന്നെ യാത്രക്കാരിൽ വലിയൊരു വിഭാഗം ഓർഡിനറി ബസുകൾ ഉപയോഗിക്കുന്നവരാണെന്നു വ്യക്തം. ചെലവ് വരുമാനത്തേക്കാൾ കൂടുതലായതിനാൽ നിലവിൽ സർക്കാർ സഹായത്താലാണ് കെ.എസ്.ആർ.ടി.സി മുന്നോട്ടുപോകുന്നത്. സ്ത്രീകൾക്കു സൗജന്യ യാത്രാ പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ കൈത്താങ്ങ് കുറെക്കൂടി കൂട്ടും.

സൗജന്യ യാത്രാപദ്ധതി കൂറെക്കൂടി കാര്യക്ഷമമാക്കാനും സ്പോൺസർമാരെയും മറ്റും കണ്ടെത്താനുമുള്ള ആലോചനകൾ നടന്നുവരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഗ്രാമവണ്ടികൾ, പ്രാദേശികതലത്തിലുള്ള വികസനസമിതികൾ തുടങ്ങി പല ആശയങ്ങളും വന്നിട്ടുണ്ട്. അതൊക്കെ കാര്യക്ഷമമായി നടത്തിയെടുക്കുക ശ്രമകരമാണെങ്കിലും പ്രതീക്ഷയോടെ കാത്തിരിക്കാം.

കേരളത്തിലെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന ധവളപത്രം അതിന്റെ അന്തസത്ത മനസിലാക്കി വിലയിരുത്താനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും സർക്കാർ ശ്രമിക്കട്ടെ. പുതിയ സർക്കാരിന്റെ ആദ്യ ബജറ്റ് അടുത്തുതന്നെ വരും. അതിൽ ഇതിനുള്ള ചില ചികിത്സകൾ ഉണ്ടാകും. അതു ഫലപ്രദമാകട്ടെ.

തൊഴിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമൊക്കെ വൻ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതനുസരിച്ചു സർക്കാർ നയങ്ങളിലും മാറ്റമുണ്ടാകണം. മാറ്റങ്ങളോട് വലിയ തോതിൽ പിന്തിരിഞ്ഞുനിന്നൊരു സമൂഹമാണ് കേരളം. അതിനു രാഷ്ട്രീയവും സാമൂഹികവുമായ കാരണങ്ങളുണ്ടായിരുന്നു. അതൊക്കെ അതിജീവിച്ചാണ് ഇപ്പോൾ നാം മുന്നേറുന്നത്. അതിനു കൂടുതൽ ഗതിവേഗം കൈവരിക്കേണ്ടിയിരിക്കുന്നു.

സെക്രട്ടേറിയറ്റിൽ ഇപ്പോൾ വലിയ തിരക്കാണ്. പത്തുവർഷത്തെ കടുത്ത നിയന്ത്രണങ്ങൾ പലതും കെട്ടഴിച്ചുവിട്ടതിന്റെ ആഘോഷമാണത്. അതു നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നപ്പോൾ തന്നെ രോഷപ്രകടനം തുടങ്ങി. മാധ്യമപ്രവർത്തകരാണ് കൂടുതലും രോഷാകുലരാകുന്നത്. മുമ്പ് ശബ്ദമുണ്ടാക്കതെ ഇരുന്നവർ ഇപ്പോൾ അവകാശങ്ങളെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമൊക്കെ ഉച്ചത്തിൽ പറയാൻ തുടങ്ങിയിരിക്കുന്നു.

എല്ലാക്കാര്യങ്ങളിലും മുഖ്യമന്ത്രിയുടെ ശ്രദ്ധ പതിയേണ്ട സാഹചര്യമാണുള്ളത്. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയായാൽ കുറെ കാര്യങ്ങൾക്കു നീക്കുപോക്കുണ്ടാകുമെന്നാണ് പ്രതീക്ഷ. ബജറ്റ് തയാറാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ധനവകുപ്പിന്റെകൂടി ചുമതലയുള്ള മുഖ്യമന്ത്രിക്കു സമയം ലഭിക്കാതെ പോകരുത്.

ധൂർത്തും പാഴ്ചെലവുകളുമൊക്കെ കുറയ്ക്കാൻ ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ എസ്കോർട്ട് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മാധ്യമശ്രദ്ധയും നന്നായി ലഭിച്ചു. കരാർ നിയമനങ്ങൾ ഉൾപ്പെടെയുള്ളവയുടെ കാര്യത്തിൽ ചില നടപടികൾ പറഞ്ഞുകേട്ടെങ്കിലും അതു പിന്നീട് വലിയ ചർച്ചയാകാതെ പോയി.

കിഫ്ബിയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് വലിയ ആരോപണങ്ങളാണ് ഉയരുന്നത്. രാഷ്ട്രീയക്കാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ബന്ധുക്കളെ യഥേഷ്ടം നിയമിച്ചതിന്റെ വിവരങ്ങളും പുറത്തുവരുന്നു. ഒരു ലക്ഷം രൂപയ്ക്കുമേൽ ശമ്പളം പറ്റുന്ന മുപ്പതോളം പേർ കിഫ്ബിയിലുണ്ട്. പ്രതിമാസം നാലു ലക്ഷം രൂപവരെ ശമ്പളം ലഭിക്കന്നവരുമുണ്ട്. പ്രതിവർഷം പത്തു ശതമാനം ശമ്പളവർധന എന്ന വിചിത്ര ഇടപാടും ഇവിടെ നടന്നുപോന്നുവത്രേ. ചീഫ് സെക്രട്ടറി വാങ്ങുന്നതിന്റെ ഇരട്ടി ശമ്പളം വാങ്ങുന്നവരും കിഫ്ബിയിൽ ഉണ്ടെന്നാണ് വിവരം. ഇവരിൽ ചിലർ സർക്കാർ പെൻഷനും കൈപ്പറ്റുന്നവരാണ്.

ഇത്തരം ഇടപാടുകൾ അന്വേഷിക്കാതിരിക്കാനോ നടപടി എടുക്കാതിരിക്കാനോ സാധിക്കില്ല. പക്ഷേ കനത്ത പ്രതിരോധം നേരിടേണ്ടിവരും. ഭരണകൂടത്തിന്റെ ഇച്ഛാശക്തി അളക്കുന്ന വേളകളാണിത്. ഒറ്റപ്പെട്ട പല കേസുകളിലും മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് ജനകീയ പരിഹാരങ്ങൾ ഉണ്ടാക്കുന്നുണ്ട്. അവയൊക്കെ സർക്കാരിന്റെ മനോഭാവമാണ് പ്രകടമാക്കുന്നതെങ്കിൽ വലിയ കാര്യങ്ങളിൽ അതുണ്ടാക്കുന്ന പ്രതിഫലനം തീർച്ചയായും അംഗീകരിക്കപ്പെടും.

പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നത് ലോകമെമ്പാടും സാമ്പത്തിക രംഗത്ത് വലിയ പ്രത്യാഘാതങ്ങൾ ഇനിയും ഉളവാക്കും. കേരളത്തെയും അതു ബാധിക്കും. യുദ്ധമേഖലയിൽ ധാരാളം മലയാളികൾ ജോലി ചെയ്യുന്നുണ്ട്. കുവൈറ്റ് പോലെയുള്ള രാജ്യങ്ങളിൽ ഇറാൻ നടത്തുന്ന ആക്രമണങ്ങൾ മലയാളികളെയും ആശങ്കാകുലരാക്കുന്നു.

റിസർവ് ബാങ്ക് ഇത്തവണയും റിപ്പോ നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല. ഭവനവായ്പകൾക്കും വ്യക്തിഗതവായ്പകൾക്കുമൊക്കെ തൽക്കാലം പലിശ നിരക്ക് ഉയരില്ലെങ്കിലും യുദ്ധസാഹചര്യം വിലയിരുത്തിയാവും തുടർന്നുള്ള നയങ്ങൾക്കു രൂപം നൽകുക. റിസർവ് ബാങ്കിന്റെ പണനയസമതി ഇനി ഓഗസ്റ്റ് ആദ്യവാരമാണ് ചേരുക. ഇന്ധനത്തിന്റെയും ഉത്പന്നങ്ങളുടെയും വിലവർധനയും വിതരണ ശൃംഖലയിലെ തടസങ്ങളും വെല്ലുവിളി ഉയർത്തുമെന്ന മുന്നറിയിപ്പും റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ നികുതി ഘടനയിൽ ചില മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച ചില നിർദേശങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും വ്യവസായികളുടെയും പ്രതിനിധികൾ മുഖ്യമന്ത്രിക്കു സമർപ്പിച്ചിരുന്നു. ചില ജില്ലകളിൽ ജിഎസ്ടി,വാറ്റ് കേസുകൾ കെട്ടിക്കിടക്കുന്ന കാര്യവും അവർ മുഖ്യമന്ത്രിയെ ധരിപ്പിച്ചു.

പൊതുജനാരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഏറെ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ഈ മേഖലകളിൽ കേരളത്തിനുണ്ടായിരുന്ന മുൻതൂക്കം നിലനിർത്താനായിട്ടില്ല. യുവതലമുറ വലിയ തോതിൽ പഠനത്തിനും ജോലിക്കുമായി വിദേശത്തേക്കു കുടിയേറുന്നു.

വ്യവസായ വികസനം, പുതുതലമുറ തൊഴിൽ സാധ്യതകളുടെ കണ്ടെത്തൽ, അതിനുള്ള സൗകര്യമൊരുക്കൽ തുടങ്ങിപല കാര്യങ്ങളിലും കേരളം വർഷങ്ങളായി അശ്രദ്ധ പുലർത്തിപ്പോന്നു എന്ന വസ്തുതയും ധവളപത്രം പരോക്ഷമായി സൂചിപ്പിക്കുന്നുണ്ട്.

കേരളത്തെ തുറമുഖ നഗരമാക്കുമെന്നു മുഖ്യമന്ത്രി പല തവണ പറഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പദ്ധതികൾ ബജറ്റിൽ പ്രതീക്ഷിക്കുന്നു. വൻകിട, ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിക്കും. ജലപാതകളിലൂടെയുള്ള ചരക്കുഗതാഗതം വർധിപ്പിക്കാനാവും ആദ്യം ശ്രമിക്കുക. പിന്നീട് യാത്രസൗകര്യമായും വിനോദസഞ്ചാര വികസനപദ്ധതികളായും അതു വികസിപ്പിക്കാനാവും. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള കേരളത്തിൽ വ്യോമയാന വികസനത്തിനും ചില പദ്ധതികൾ ഉണ്ടാവും.

ചെറുകിട ഇടത്തരം സംരഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികളും തയാറാകുന്നുണ്ട്. തൊഴിൽ വിപണിയിലെ മാറ്റങ്ങൾ സമഗ്രമായി പരിശോധിച്ച് തൊഴിൽ വിദ്യാഭ്യാസരംഗത്ത് അതിന് അനുസൃതമായുള്ള മാറ്റങ്ങൾ വരുത്താനും ശ്രമം നടക്കും. ഇതിനായി വിദഗ്ധർ ഉൾപ്പെടുന്ന 'ജോബ് വാച്ച ടവർ' രൂപീകരിക്കാനും ആലോചനയുണ്ട്.

യു.ഡി.എഫ് സർക്കാരിന്റെ പ്രഥമ ബജറ്റ് ഒരു ദിശാസൂചി ആയിരിക്കും. കേരളീയ സമൂഹത്തെ സമഗ്രമായി കണ്ടുകൊണ്ടുള്ള പദ്ധതികളും നയങ്ങളുമാണ് വേണ്ടത്. അതിനുള്ള ഇച്ഛാശക്തി ഇപ്പോഴത്തെ ഭരണകൂടത്തിനുണ്ട്. അത് എത്രമാത്രം ഫലപ്രദമായി നടപ്പാക്കാനാവും എന്നാണ് അറിയേണ്ടത്.

# നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ ബെസ്റ്റ് പാരിഷ് അവാർഡ് ഡിട്രോയിറ്റ് മാർത്തോമ്മാ പള്ളിക്ക്

മിഷിഗൺ: മാർത്തോമ്മാ സുറിയാനി സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ ഏറ്റവും മികച്ച ഇടവകക്കുള്ള ബെസ്റ്റ് പാരിഷ് അവാർഡ് സുവർണ്ണ ജൂബിലി ആഘോഷിക്കാൻ പോകുന്ന ഡിട്രോയിറ്റ് മാർത്തോമ്മാ ചർച്ചിനു ലഭിച്ചു. ഇടവക ജനങ്ങളുടെ ആത്മീയ പരിപോഷണത്തിനായ് ആരാധനയിലൂടെയും വചന പഠനത്തിലൂടെയും ഇടവക തലത്തിൽ നടത്തപ്പെട്ട പരുപാടികൾ, സാമൂഹ്യ നന്മക്കായി നടപ്പാക്കിയ ജീവ കാരുണ്യ പദ്ധതികൾ, സാമ്പത്തിക ഇടപാടുകളുടെ സുതാര്യതയും ഒപ്പം ജനങ്ങളുടെ പങ്കാളിത്തത്തോടെ വ്യത്യസ്തമായ പ്രോഗ്രാമുകൾ നടപ്പാക്കാൻ പാരിഷ് ഭാരവാഹികൾ നൽകിയ മികച്ച



നേതൃത്വം, ഭദ്രാസന പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ പരിഗണിച്ചാണ് ഈ അവാർഡ്.

ഭദ്രാസന അസംബ്ലി സമ്മേളനത്തിൽ വെച്ച് ഭദ്രാസന അദ്ധ്യക്ഷൻ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായിൽ നിന്നും ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക വികാരി റവ. ജോബിൻ ജോസ്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ബോബൻ ജോർജ്, ഷോൺ തോമസ്, യൂത്ത് ഫെലോഷിപ്പ് ഭദ്രാസന സെക്രട്ടറിയും അസംബ്ലി അംഗവുമായ ഇവാഞ്ചലിൻ ജോൺ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

അതേതുടർന്ന് ഡിട്രോയിറ്റ് മാർത്തോമ്മാ പള്ളിയിലെ ആരാധനക്ക് ശേഷം വികാരി റവ. ജോബിൻ ജോസിൽ നിന്നും ഇടവക ഭാരവാഹികൾക്കു വേണ്ടി സെക്രട്ടറി വിനോദ് തോമസ്, ലെയ്‌ലീഡർ വർഗീസ് എബ്രഹാം, അക്കൗണ്ട് ട്രസ്റ്റി ബോബൻ ജോർജ് എന്നിവർ അവാർഡ് സ്വീകരിച്ചു. 2026-2029 വർഷത്തേക്കുള്ള ഭദ്രാസന കൗൺസിൽ തിരഞ്ഞെടുപ്പിൽ ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക അംഗമായ ഷോൺ തോമസ് നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരുപാടികളാണ് ക്രമീകരിക്കുന്നത് എന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു.

*അലൻ ചെന്നിത്തല*

# 'ആർദ്രം' കാൻസർ കെയർ പ്രോജക്ടുമായി 'ഫോമാ ടീം പ്രോമീസ്'

ഫ്ളോറിഡ: പുത്തൻ കാഴ്ചപ്പാടോടെ ഫോമായുടെ 2026'28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന ടീം പ്രോമീസ്, പുതുതലമുറയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് കരുത്തേകുന്നതിനായി പ്രഖ്യാപിച്ച 'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതിക്ക് പിന്നാലെ, സമൂഹത്തിന്റെ ആരോഗ്യ സുരക്ഷയും ക്ഷേമവും മുൻനിർത്തി മറ്റൊരു സുപ്രധാന സേവന പദ്ധതിയുമായി മുന്നോട്ട് വരുന്നു. കാൻസർ കെയർ പ്രോജക്ട് എന്ന ഈ പദ്ധതിക്ക് 'ആർദ്രം' എന്നാണ് പേരിട്ടിരിക്കുന്നതെന്നും ഈ പേര് നിർദേശിച്ചത് പ്രമുഖ ഓങ്കോളജിസ്റ്റും സാമൂഹ്യപ്രവർത്തകനുമായ ഡോ. എം.വി പിള്ളയാണെന്നും ടീം പ്രോമീസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയും ഫോമായുടെ സ്ഥാപക നേതാവുമായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) അറിയിച്ചു.

പ്രസ്തുത പദ്ധതി കേരളത്തിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പിന്തുണ നൽകും.കാൻസർ രോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക, നേരത്തെയുള്ള രോഗനിർണയത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഈ പ്രോജക്ട് ആവിഷ്കരിക്കുക. 2014'16 കാലഘട്ടത്തിൽ ഫോമാ, തിരുവനന്തപുരത്തെ ആർ.സി.സിയിൽ കാൻസർ കെയർ സെന്റർ നിർ




മ്മാണത്തിന് പിന്തുണ നൽകിയിരുന്നു. അന്നത്തെ ആ സേവന പദ്ധതിയുടെ ഭാഗമായിരുന്ന ഇന്നത്തെ ടീം പ്രോമിസ് പ്രസിഡന്റ് സ്ഥാനാർത്ഥി മാത്യു വർഗീസ്, അന്ന് കൺവൻഷൻ ചെയറായി പ്രവർത്തിച്ചു. അതുപോലെ, ടീം പ്രോമിസ് ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി ടിറ്റോ ജോൺ, അന്ന് യൂത്ത് റെപ്രസന്റേറ്റീവായും സേവനം അനുഷ്ഠിച്ചിരുന്നു.

കേരളത്തിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കുതോടൊപ്പം, നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിനും ഈ പദ്ധതി പ്രയോജനകരമാക്കാനാണ് ടീം പ്രോമിസ് ഉദ്ദേശിക്കുന്നത്. കാൻസർ അവബോധ സെമിനാറുകൾ, നേരത്തെയുള്ള സ്ക്രീനിംഗിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന മെഡിക്കൽ വെബിനാറുകൾ, ഡോക്ടർമാർ, സർവൈവേഴ്സ്, കെയർഗിവേഴ്സ്, വോളന്റിയർമാർ എന്നിവരെ ബന്ധിപ്പിക്കുന്ന ഒരു സപ്പോർട്ട് നെറ്റ്‌വർക്ക് എന്നിവയും പദ്ധതിയുടെ ഭാഗമാക്കാൻ ടീം പ്രോമിസ് ശ്രമിക്കും. കാൻസറിനെ നേരിടുന്ന രോഗികൾക്കും കുടുംബങ്ങൾക്കും പ്രതീക്ഷയും ധൈര്യവും കരുതലും നൽകുന്ന ബഹുമുഖ പരിപാടിയായ 'ആർദ്രം', ഫോമായുടെ ഒരു സ്ഥിരം പ്രോജക്ടായി വളർത്തിയെടുക്കുകയാണ് ട്രീം പ്രോമീസിന്റെ ലക്ഷ്യം.

ഈ കാൻസർ കെയർ പ്രോജക്ട് ടീം പ്രോമീസിന്റെ സ്വപ്ന പദ്ധതികളൊന്നായി ജനങ്ങൾക്ക് ഏറെപ്രയോജനകരമായ വിധത്തിൽ നടപ്പാക്കുമെന്ന് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ ഉറപ്പു നൽകുന്നു.

# മന്ത്ര കൺവെൻഷൻ: ഹിൽട്ടൺ ഡബിൾട്രീയിൽ വേദിയൊരുങ്ങുന്നു

2027 മന്ത്ര ഗ്ലോബൽ ഹിന്ദു കൺവെൻഷൻ 'ശാക്തേയം' കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള ഹിൽട്ടൺ ഡബിൾട്രീ വേദിയാകും. ജൂലൈ 2-5 വരെ നടക്കുന്ന കൺവെൻഷനുമായി ബന്ധപ്പെട്ട് മന്ത്രയും ഹിൽട്ടൺ ഡബിൾട്രീയും തമ്മിലുള്ള കരാർ ഒപ്പുവച്ചു. മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ, സെക്രട്ടറി ഉണ്ണി തൊയക്കാട്ട്, കൺവെൻഷൻ ചെയർ ഷിബു ദിവാകരൻ, ട്രഷറർ സഞ്ജീവ് നായർ, ട്രസ്റ്റി വൈസ് ചെയർ കൊച്ചുണ്ണി ഇളവൻമഠം, ഡയറക്ടർ ബോർഡ് അംഗം അഭിലാഷ് പുളിക്കത്തൊടി, കണക്ടികട്ട് ആർവിപി രഞ്ജിത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഹിൽട്ടൺ ഡബിൾട്രീ, വിശാലമായ കൺവെൻഷൻ സെന്റർ, അൻപതിനായിരം സ്ക്വയർ ഫീറ്റിലധികം മീറ്റിംഗ് സ്പേസ്, നാനൂറിനടുത്ത് മുറികൾ, ഒരു ഡസനോളം സ്യൂട്ട് റൂമുകൾ, അമേരിക്കയിലെ പ്രധാനപ്പെട്ട നാല് വിമാനത്താവളങ്ങളിലേക്കുള്ള സൗകര്യപ്രദമായ സമീപ്യം എന്നിവ കൊണ്ട് ശ്രദ്ധേയമാണ്. 'അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച ഹൈന്ദവ കൺവെൻഷനുകളിൽ ഒന്നിന് വേദി




യാകാൻ എല്ലാ തരത്തിലും അനുയോജ്യമായ കേന്ദ്രമാണ് ഹിൽട്ടൺ ഡബിൾട്രീ,' എന്ന് മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ അഭിപ്രായപ്പെട്ടു. താമസത്തിനും ഭക്ഷണത്തിനും മികച്ച സൗകര്യങ്ങൾ, ആത്മീയ നിർവൃതി പകരുന്ന സത്സംഗങ്ങൾ, കലാമൂല്യമേറിയ വിനോദ പരിപാടികൾ, വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രമുഖരുടെ സാന്നിധ്യം എന്നിവയാൽ സമ്പന്നമാകുന്ന ശാക്തേയം 2027 ഹിന്ദു സമ്മേളനത്തിലേക്കുള്ള രജിസ്ട്രേഷൻ പുരോഗമിക്കുന്നു.

*രഞ്ജിത് ചന്ദ്രശേഖർ*




# വരുമാനം ഇടിയുന്നു, വില കുതിക്കുന്നു

(മൂന്നാം പേജ് തുടർച്ച)

ണോമിസ്റ്റ് ഹെതർ ലോംഗ് വ്യക്തമാക്കുന്നത് പോലെ, ഇതൊരു സാമ്പത്തിക ശാസ്ത്ര സിദ്ധാന്തമല്ല, മറിച്ച് ജനങ്ങൾ നിമിഷം പ്രതി അനുഭവിക്കുന്ന 'യഥാർത്ഥ പ്രതിസന്ധി'യാണ് എന്നാണ്. വരുമാനത്തിന്റെ വലിയൊരു പങ്ക് അടിസ്ഥാന ആവശ്യങ്ങൾക്കായി മാറ്റിവെക്കേണ്ടി വരുന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ ദോഷകരമായി ബാധിക്കും.

### 'റിയൽ ഇൻകം' ഇടിയുന്നു; ജീവനക്കാർ പ്രതിസന്ധിയിൽ

രാജ്യത്ത് പണപ്പെരുപ്പം ഉയരുമ്പോഴും അതിനനുസരിച്ച് വേതന വർധനവ് ഉണ്ടാകുന്നില്ല എന്നതാണ് ഏറ്റവും വലിയ തിരിച്ചടി. നിലവിൽ ശമ്പള വർധനവ് 3.4 ശതമാനത്തിൽ ഒതുങ്ങുമ്പോൾ പണപ്പെരുപ്പം 4.2 ശതമാനമായി തുടരുന്നു. അതായത് ശമ്പളം നേരിയ തോതിൽ കൂടുന്നുണ്ടെന്ന് തോന്നുമെങ്കിലും വിപണിയിലെ വിലക്കയറ്റവുമായി തട്ടിച്ച് നോക്കുമ്പോൾ ജനങ്ങളുടെ യഥാർത്ഥ വാങ്ങൽ ശേഷി കുറയുകയാണ്. മെയ് മാസത്തിലെ കണക്കുകൾ പ്രകാരം പ്രതിവാര വരുമാനത്തിൽ 0.2 ശതമാനത്തിന്റെ കുറവുണ്ടായി. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 0.7 ശതമാനത്തിന്റെ ഇടിവാണ് വരുമാനത്തിൽ രേഖപ്പെടുത്തിയത്. ഇത് 2023 ഫെബ്രുവരിക്ക് ശേഷമുള്ള ഏറ്റവും വലിയ വാർഷിക വരുമാന തകർച്ചയാണ്.

### ഇന്ധനവിലക്കയറ്റവും യാത്രാ ക്ലേശവും

ഇറാനെതിരെയുള്ള സൈനിക നീക്കങ്ങളും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കടുത്ത പ്രസ്താവനകളും അന്താരാഷ്ട്ര വിപണിയിൽ എണ്ണ വില കുതിച്ചുയരാൻ കാരണമായി. നിലവിൽ യുദ്ധത്തിന് മുൻപുള്ള നിരക്കിനേക്കാൾ 40 ശതമാനം അധികമാണ് ഗ്യാസോലിന് അമേരിക്കക്കാർ നൽകേണ്ടി വരുന്നത്. ഗതാഗത ച്ചെലവ് വർധിക്കുന്നത് ചരക്കുകൂലി കൂട്ടുകയും അത് വിപണിയിലെ എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില വീണ്ടും ഉയരാൻ ഇടയാക്കുകയും ചെയ്യും.

### നിക്ഷേപങ്ങളും പെൻഷൻ ഫണ്ടുകളും അപകടത്തിൽ

വാൾസ്ട്രീറ്റിലെ തകർച്ച വൻകിട സ്രാവുകളെ മാത്രമല്ല ബാധിക്കുന്നത്. അമേരിക്കയിലെ ദശലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരുടെ 401(കെ) പോലുള്ള പെൻഷൻ ഫണ്ടുകളും സമ്പാദ്യങ്ങളും ഓഹരി വിപണിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ജൂൺ തുടക്കം മുതൽ വിപണിയിൽ നിന്നുണ്ടായ 3.3 ട്രില്യൺ ഡോളറിന്റെ മൂല്യച്ചോർച്ച സാധാരണക്കാരുടെ റിട്ടയർമെന്റ് പ്ലാനുകളെയും ദീർഘകാല സമ്പാദ്യങ്ങളെയും വലിയ തോതിൽ ബാധിക്കും. ഇത് ജനങ്ങൾക്കിടയിൽ ഭാവി സുരക്ഷിതത്വത്തെക്കുറിച്ചുള്ള വലിയ ഭീതിയാണ് സൃഷ്ടിക്കുന്നത്.

### ഉയർന്ന പലിശനിരക്കുകൾ നീണ്ടുനിൽക്കും; ലോണുകൾ ഭാരമാകും

പണപ്പെരുപ്പം 4.2 ശതമാനത്തിൽ തുടരുന്നതിനാൽ, വിപണി നിയന്ത്രിക്കാൻ യുഎസ് ഫെഡറൽ റിവർവ് പലിശനിരക്കുകൾ ഉയർന്ന നിലയിൽ തന്നെ നിലനിർത്താൻ നിർബന്ധിതരാകും. ചിലപ്പോൾ ഈ വർഷാവസാനത്തോടെ വീണ്ടുമൊരു പലിശ വർധനവിനും സാധ്യതയുണ്ട്. പലിശ നിരക്ക് ഉയർന്ന് നിൽക്കുന്നത് ഭവന വായ്പകൾ, കാർ ലോണുകൾ, ക്രെഡിറ്റ് കാർഡ് കുടിശ്ശികകൾ എന്നിവയുടെ പലിശ ഭാരം ഇരട്ടിയാക്കും. പുതിയ ബിസിനസ്സ് തുടങ്ങാനോ വീട് വാങ്ങാനോ ആഗ്രഹിക്കുന്നവർക്ക് ഇത് തിരിച്ചടിയാകും.

### നികുതി നയം വരുത്തുന്ന അധിക ബാധ്യത

ചൈന, കാനഡ, യൂറോപ്യൻ യൂണിയൻ ഉൾപ്പെടെയുള്ള 60 രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് ട്രംപ് ഭരണകൂടം നിർദ്ദേശിച്ച 10 ശതമാനം ഇറക്കുമതി തീരുവ പ്രാബല്യത്തിൽ വരാനിരിക്കുകയാണ്. ഇത് നടപ്പിലായാൽ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്ന വസ്ത്രങ്ങൾ, ഗാർഹിക ഉപകരണങ്ങൾ, ഇലക്ട്രോണിക്സ് എന്നിവയ്ക്ക് വില വീണ്ടും കൂടും. ഇത് പണപ്പെരുപ്പം കൂടുതൽ സങ്കീർണ്ണമാക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധനായ മൈക്കൽ ഫെറോലി മുന്നറിയിപ്പ് നൽകുന്നു.

ചുരുക്കത്തിൽ മുകളിൽ പറഞ്ഞ ഘടകങ്ങളെല്ലാം കൂട്ടിവായിക്കുമ്പോൾ അമേരിക്കൻ സമ്പദ്വ്യവസ്ഥ ഒരു വലിയ അനിശ്ചിതത്വത്തിലേക്കാണ് നീങ്ങുന്നത്. വിപണിയിലെ കറക്ഷൻ തുടരുകയും പണപ്പെരുപ്പം താഴേക്ക് വരാതിരിക്കുകയും ചെയ്താൽ രാജ്യം സാമ്പത്തിക മാന്ദ്യത്തിലേക്ക് നീങ്ങുമോ എന്ന ഭീതിയിലാണ് ഉപഭോക്താക്കളും നിക്ഷേപകരും. വരും മാസങ്ങളിൽ ഫെഡറൽ റിസർവ് എടുക്കുന്ന തീരുമാനങ്ങളും പശ്ചിമേഷ്യൻ രാഷ്ട്രീയ സാഹചര്യങ്ങളും മാത്രമായിരിക്കും ഈ പ്രതിസന്ധിയിൽ അമേരിക്കയ്ക്ക് ആശ്വാസം നൽകുക.

# 'ബർത്ത് ടൂറിസം' ശൃംഖലകൾ പൂട്ടി അമേരിക്ക

(മൂന്നാം പേജ് തുടർച്ച)

ൽ രേഖകൾ ചമയ്ക്കൽ, വിസ അപേക്ഷകളിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തൽ, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ നടത്തിയതായി കണ്ടെത്തിയതിനെ തുടർന്നാണ് ഈ അന്താരാഷ്ട്ര ശൃംഖലകൾക്കെതിരെ നടപടി സ്വീകരിച്ചത്.

ആഫ്രിക്കൻ, യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള നിരവധി പ്രമുഖ വിസ കൺസൾട്ടന്റുമാരും ഏജൻസികളും ഈ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. മുൻപ് വിസ അനുവദിച്ച് കിട്ടിയവരും എന്നാൽ ചട്ടങ്ങൾ ലംഘിച്ചവരുമായ വ്യക്തികളുടെ വിസകളാണ് റദ്ദാക്കപ്പെട്ട 500ലധികം കേസുകളിൽ ഭൂരിഭാഗവും.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണകൂടം അധികാരമേറ്റതു മുതൽ കുടിയേറ്റ നിയമങ്ങൾ കർശനമാക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടികൾ. പ്രസവിക്കാൻ എന്ന പ്രാഥമിക ഉദ്ദേശ്യത്തോടെ വിസയ്ക്ക് അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ പൂർണ്ണമായി നിരസിക്കാൻ വിദേശങ്ങളിലുള്ള യുഎസ് കോൺസുലേറ്റുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ മുൻപ് ഇത്തരത്തിൽ യുഎസിൽ എത്തി പ്രസവിച്ച ശേഷം സ്വന്തം രാജ്യങ്ങളിലേക്ക് മടങ്ങിയ വിദേശികൾക്ക് ഭാവിയിൽ അമേരിക്കയിലേക്ക് പ്രവേശിക്കുന്നതിന് സ്ഥിരം വിലക്ക് ഏർപ്പെടുത്താനും പുതിയ വിസ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

ഈ വൻ സുരക്ഷാ നവീകരണത്തിന്റെ ഭാഗമായി വിമാനത്താവളങ്ങളിലും മറ്റ് അതിർത്തി ചെക്ക്പോസ്റ്റുകളിലും പരിശോധന കർശനമാക്കിയിട്ടുണ്ട്. ഗർഭിണികളായ വിദേശി വനിതകൾ ടൂറിസ്റ്റ് വിസയിൽ എത്തുമ്പോൾ കൃത്യമായ മെഡിക്കൽ ഇൻഷുറൻസ് രേഖകളും പ്രസവച്ചെലവ് സ്വന്തമായി വഹിക്കാനുള്ള സാമ്പത്തിക ഭദ്രതയും തെളിയിക്കേണ്ടതുണ്ട്.

അല്ലാത്തപക്ഷം അവരെ യുഎസിൽ പ്രവേശിക്കാൻ അനുവദിക്കാതെ തിരികെ കയറ്റി അയക്കും. വിസ ദുരുപയോഗം തടയാനും അമേരിക്കൻ നികുതിദായകരുടെ പണം സംരക്ഷിക്കാനും ഇത്തരം കർശനമായ നടപടികൾ അനിവാര്യമാണെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ വ്യക്തമാക്കി.

# ആർട്ടെമിസ് III ദൗത്യത്തിന് വനിതകളില്ല; വിമർശനങ്ങൾക്ക് മറുപടിയുമായി നാസ

ചന്ദ്രനിലേക്കുള്ള അമേരിക്കയുടെ ആർട്ടെമിസ് പദ്ധതിയിലെ നിർണായക പരീക്ഷണ ദൗത്യമായ ആർട്ടെമിസ് III-നായി തിരഞ്ഞെടുക്കപ്പെട്ട നാല് ബഹിരാകാശ യാത്രികരിൽ ഒരാൾ പോലും വനിത അല്ലെന്ന പ്രഖ്യാപനം വിവാദങ്ങൾക്ക് വഴിവെച്ചു. ഇതിന് പിന്നാലെ വിമർശനങ്ങൾക്ക് മറുപടിയുമായി നാസ അഡ്മിനിസ്ട്രേറ്റർ ജാരെഡ് ഐസക്മാൻ രംഗത്തെത്തി. ചൊവ്വാഴ്ച പ്രഖ്യാപിച്ച സംഘത്തിൽ നാസയിലെ റാൻഡി ബ്രെസ്നിക്, ഫ്രാങ്ക് റൂബിയോ, ആൻഡ്രെ ഡഗ്ലസ് എന്നിവരും യൂറോപ്യൻ ബഹിരാകാശ ഏജൻസിയിലെ ലൂക്ക പർമിറ്റാനോയുമാണ് ഉൾപ്പെട്ടിരിക്കുന്നത്.

ഈ പ്രഖ്യാപനത്തിന് പിന്നാലെ സമൂഹമാധ്യമങ്ങളിൽ വിമർശനം ഉയർന്നു. ബഹിരാകാശ രംഗത്തെ സ്വാധീനമുള്ള ഉള്ളടക്ക നിർമ്മാതാവായ ആസ്ട്രോ അലക്സാണ്ട്ര 'ആർട്ടെമിസ് IIIൽ ഒരു വനിത പോലുമില്ലാത്തത് അമ്പരപ്പിക്കുന്ന തീരുമാനമാണ്' എന്ന് എക്സിൽ കുറിച്ചു. ഇതിന് മറുപടിയായി ബുധനാഴ്ച പുറത്തിറക്കിയ പ്രസ്താവനയിൽ ജാരെഡ് ഐസക്മാൻ, 'നിരാശ മുതൽ രോഷം വരെയുള്ള പ്രതികരണങ്ങൾ ഞാൻ കണ്ടിട്ടുണ്ട്' എന്ന് പറഞ്ഞു.

ചില ബഹിരാകാശ യാത്രികരെ ആർട്ടെമിസ് IIIലേക്ക് തിരഞ്ഞെടുക്കാതിരുന്നതിന് വിവിധ കാരണങ്ങളുണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു. ചിലർ ഇതിനകം തന്നെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള ഭാവി ദൗത്യങ്ങൾക്കായി നിയോഗിക്കപ്പെട്ടവരാണ്. മറ്റു ചിലരുടെ പരിശീലനവും സാങ്കേതിക പരിചയവും പിന്നീട് നടക്കുന്ന ചന്ദ്രോപരിതല ദൗത്യങ്ങൾക്ക് കൂടുതൽ അനുയോജ്യമാണെന്നും അദ്ദേഹം പറഞ്ഞു.

'ദൗത്യലക്ഷ്യങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ഏറ്റവും അനുയോജ്യമായ സംഘത്തെയാണ് ബഹിരാകാശ യാത്രികരുടെ ഓഫീസ് തിരഞ്ഞെടുക്കുന്നത്. പരീക്ഷണ പൈലറ്റ് അനുഭവം, പ്രത്യേക പദ്ധതികളിലെ പ്രവർത്തന പരിചയം, ലഭ്യത എന്നിവ ഉൾപ്പെടെ നിരവധി ഘടകങ്ങൾ പരിഗണിച്ചാണ് തീരുമാനം എടുക്കുന്നത്,' എന്ന് ഐസക്മാൻ വ്യക്തമാക്കി.




2027ലെ വേനൽക്കാലത്തിന് ശേഷമാണ് ആർട്ടെമിസ് III വിക്ഷേപണം ലക്ഷ്യമിടുന്നത്. സ്പേസ്എക്സ്, ബ്ലൂ ഒറിജിൻ എന്നീ കമ്പനികൾ വികസിപ്പിക്കുന്ന രണ്ട് ചന്ദ്ര ലാൻഡറുകളുടെ പരീക്ഷണമാണ് ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. ഭൂമിയുടെ ഭ്രമണപഥത്തിൽ ഏകദേശം രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരീക്ഷണങ്ങളിൽ നാസയുടെ ഓറിയൺ പേടകവും പുതിയ ലാൻഡറുകളും തമ്മിലുള്ള ഡോക്കിങ്, സംയോജന നടപടികൾ പരിശോധിക്കും.

അതിന് പിന്നാലെ 2028ൽ നടക്കാനിരിക്കുന്ന ആർട്ടെമിസ് IV ദൗത്യത്തിൽ, ഈ ലാൻഡറുകളിലൊന്ന് ചന്ദ്രന്റെ ഭ്രമണപഥത്തിൽ ഓറിയൺ പേടകവുമായി കൂടിച്ചേർന്ന് ബഹിരാകാശ യാത്രികരെ ചന്ദ്രോപരിതലത്തിലേക്ക് എത്തിക്കാനാണ് നാസയുടെ പദ്ധതി.

2023 മുതൽ ആർട്ടെമിസ് പദ്ധതിയിലൂടെ ചന്ദ്രനിൽ കാലുകുത്തുന്ന ആദ്യ വനിതയെയും ആദ്യ വർണവിവേചന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വ്യക്തിയെയും അയയ്ക്കുമെന്ന വാഗ്ദാനം നാസ നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഈ പരാമർശം ചില ഔദ്യോഗിക വെബ്സൈറ്റുകളിൽ നിന്ന് നീക്കം ചെയ്യപ്പെട്ടു. അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വൈവിധ്യം, സമത്വം, ഉൾപ്പെടുത്തൽ നയങ്ങൾക്കെതിരെ സ്വീകരിച്ച നിലപാടുമായി ഇതിന് ബന്ധമുണ്ടെന്ന വിലയിരുത്തലുകളും ഉയർന്നു.

എന്നാൽ ബഹിരാകാശ യാത്രികരെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ രാഷ്ട്രീയ നിയമനക്കാർക്ക് യാതൊരു പങ്കുമില്ലെന്ന് ഐസക്മാൻ വ്യക്തമാക്കി. ട്രംപ് ഭരണകൂടം തീരുമാനത്തെ സ്വാധീനിച്ചോ എന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഈ വിശദീകരണം.

നാസയിൽ നിലവിൽ ദൗത്യങ്ങൾക്ക് യോഗ്യരായ 37 സജീവ ബഹിരാകാശ യാത്രികരിൽ 15 പേർ വനിതകളാണ്. കഴിഞ്ഞ വർഷം നാസ പ്രഖ്യാപിച്ച പുതിയ 10 ബഹിരാകാശ യാത്രിക സ്ഥാനാർഥികളിൽ ഭൂരിപക്ഷവും വനിതകളായിരുന്നു. ചരിത്രത്തിലാദ്യമായാണ് ഇത്തരമൊരു സാഹചര്യം ഉണ്ടായത്.


എക്സിൽ ഏകദേശം 1.05 ലക്ഷം അനുയായികളുള്ള ജ്യോതിശാസ്ത്ര ഗവേഷക ജാസ്മിൻ സിങ് ആർട്ടെമിസ് III സംഘത്തിൽ വനിതകളില്ലാത്തത് നിരാശാജനകമാണെന്ന് പ്രതികരിച്ചു.

'ആർട്ടെമിസ് II ദൗത്യത്തിലെ ക്രിസ്റ്റീന കോച്ച് പോലുള്ളവരിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട നിരവധി ആളുകൾക്ക് ഇത് വലിയ തിരിച്ചടിയാണ്. നമ്മെപ്പോലുള്ള ഒരാൾ അസാധാരണമായ നേട്ടം കൈവരിക്കുന്നത് കാണുന്നതിന്റെ പ്രാധാന്യം എല്ലാവർക്കും മനസ്സിലാകണമെന്നില്ല,' എന്നും അവർ കുറിച്ചു.

വിമർശനങ്ങൾക്കിടെ, തിരഞ്ഞെടുക്കപ്പെട്ട ആർട്ടെമിസ് III സംഘാംഗങ്ങൾ എല്ലാവരും മികച്ച പരിചയസമ്പത്തും യോഗ്യതയും ഉള്ളവരാണെന്ന് ഐസക്മാൻ പറഞ്ഞു.

'ആർട്ടെമിസ് III സംഘത്തെ അവരുടെ ദൗത്യത്തിനായി അഭിനന്ദിക്കണം. തുടർന്ന് വരുന്ന ദൗത്യങ്ങളിലെ സംഘങ്ങളെയും അവരുടെ സമയം വരുമ്പോൾ അതുപോലെ ആദരിക്കും. അമേരിക്കയെ വീണ്ടും ചന്ദ്രനിലേക്ക് എത്തിക്കാനും ഭാവി തലമുറകൾക്കായുള്ള പുതിയ വഴികൾ തുറക്കാനുമുള്ള വലിയ പദ്ധതിയുടെ ഭാഗമാണ് ഓരോ ദൗത്യവും,' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.






## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–679–5526**

**773–396–0535**

#052026

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#051326

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.


**ബന്ധപ്പെടുക: 847–421–2233**

#061026



## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മററെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**തോമസ് ജോൺ**

#061026

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**മറിയാമ്മ കുര്യാക്കോസ്**

#061026

## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#061026

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#061026

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#061026

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

# സെന്റ് ആന്റണി സീറോമലബാർ മിഷനിൽ വിശുദ്ധ അന്തോണീസ് സഹദായുടെ പ്രധാന തിരുനാൾ ജൂൺ 21 ന്



മിൽവാക്കി: സെന്റ് ആന്റണി സീറോമലബാർ മിഷനിൽ വിശുദ്ധ അന്തോണീസ് സഹദായുടെ പ്രധാന തിരുനാൾ 2026 ജൂൺ 21 ഞായറാഴ്ച ഭക്തിനിർഭരമായി ആഘോഷിക്കും. തിരുനാൾദിനം ഞായറാഴ്ച ഉച്ചകഴിഞ്ഞു 02:45നു മിൽവാക്കി സെന്റ് തെരേസ് പള്ളിയിൽ (9525 W Bluemound Rd, Milwaukee WI 53226) നടക്കുന്ന ആഘോഷപൂർവ്വകമായ കുർബാന, ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത ബിഷപ് എമെരിറ്റസ് അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. വിസ്കോൺസിനിലെ സീറോമലബാർസഭാ വൈദീകർ സഹകാർമ്മികർ ആയിരിക്കും. തിരുനാൾ കുർബാനയെ തുടർന്ന് ലദീഞ്, പ്രദക്ഷിണം എന്നിവ നടക്കും. തുടർന്ന് പാരിഷ് ആഡിറ്റോറിയത്തിൽ കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കും. മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ അങ്ങാടിയത്ത് പിതാവിന് വിസ്കോസിൻ സീറോമലബാർ സമൂഹം ആശംസകൾ അർപ്പിക്കും.

തിരുനാളിനോടനുബന്ധിച്ചു നടത്തുന്ന പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിൽ ഇടവകാംഗങ്ങളായ നെയ്തൻ തോമസ് ഇലവനാൽ, ഡാനിയേൽ ജോൺ പോൾ & ആൻ മേരി ജോൺ പോൾ കൈതവളപ്പിൽ, ജെറാർഡ് ഗിൽസൺ പയ്യപ്പിള്ളി എന്നിവർ ആദ്യ കുർബാന സ്വീകരിക്കും.

തിരുനാളിൽ പങ്കെടുത്തു വിശുദ്ധന്റെ അനുഗ്രഹവും ആത്മീയ നവീകരണവും പ്രാപിക്കാൻ ഏവരെയും ക്ഷണിക്കുന്നതായി വിസ്കോൺസിൻ സീറോമലബാർ മിഷൻ ഡയറക്ടർ റവ. ഫാ. നവീൻ പള്ളൂരത്തിൽ പറഞ്ഞു. തിരുനാളിനുവേണ്ട ഒരുക്കങ്ങൾ പൂർത്തിയായതായി തിരുനാൾ കമ്മറ്റി കൺവീനർ വിൻസെന്റ് സക്കറിയാസ്, ട്രസ്റ്റിമാരായ രഞ്ജു ജോസ്, തോമസ് ഡിക്രൂസ്, സൂസൻ സുജിൽ എന്നിവർ അറിയിച്ചു.

# ‘നീ കൂടെ ഉണ്ടെങ്കിൽ’; പുതിയ ക്രൈസ്തവ ഭക്തിഗാനം ജൂൺ 14ന് റിലീസ് ചെയ്യും

ഷിക്കാഗോ: ‘യൂണിഫോം മ്യൂസിക് ആൻഡ് ബാൻഡ് ഇന്റർനാഷണലിന്റെ’ ബാനറിൽ ഒരുങ്ങുന്ന ഏറ്റവും പുതിയ ക്രൈസ്തവ ഭക്തിഗാനം ‘നീ കൂടെ ഉണ്ടെങ്കിൽ’ ജൂൺ 14 ഞായറാഴ്ച റിലീസ് ചെയ്യും. ’‘ഭയപ്പെടേണ്ട’ (Fear Not) എന്ന ബൈബിൾ പ്രമേയത്തെ അടിസ്ഥാനമാക്കി, ഏറെ ആത്മീയഭാവം ഉണർത്തുന്ന രീതിയിലാണ് ഈ ആരാധന ഗീതം ഒരുക്കിയിരിക്കുന്നത്.

ബിനോയ് തോമസ് ഷിക്കാഗോ രചനയും സംഗീത സംവിധാനവും നിർവ്വഹിച്ച ഈ മനോഹര ഗാനം ആലപിച്ചിരിക്കുന്നത് പ്രശസ്ത ഗായകരായ മിനി അനിൽ, അഭിനന്ദു കെ എന്നിവർ ചേർന്നാണ്. ജോബി പ്രീമോസ് മ്യൂസിക് പ്രോഗ്രാമിംഗും, അസ്ട്ര പോസ്റ്റർ ഡിസൈനിംഗും നിർവ്വഹിച്ചിരിക്കുന്നു. ഷിക്കാഗോയിലെ മ്യൂസിക് ലാബിലാണ് ഇതിന്റെ റെക്കോർഡിംഗ് പൂർത്തിയായത്. ബിനോയ് തോമസ്, ബിന്ദു സാബു എന്നിവരാണ് പ്രോജക്ട് കോർഡിനേഷൻ.

സർവ്വ ദുഃഖങ്ങളിലും ഭാരങ്ങളിലും ഭയമില്ലാതെ മുന്നോട്ട് പോകാൻ ആശ്വാസമേകുന്ന ഈ ഗാനം ജൂൺ 14 മുതൽ ‘യൂണിഫോം മ്യൂസിക് ഒഫീഷ്യലിന്റെ’ യൂട്യൂബ് ചാനലിലും മറ്റ് പ്രമുഖ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ലഭ്യമാകുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചു.



അമേരിക്ക വാചകം

# യൂണിവേഴ്സിറ്റി ഓഫ് ടെക്സസും കേരളാ സർവകലാശാലയുമായി സംയുക്ത സംരംഭത്തിന് ഫോമാ ടീം പ്രോമിസ്

ഫ്ളോറിഡ: 'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതിയുടെയും 'ആർദ്രം' കാൻസർ കെയർ പ്രോജക്ടിന്റെയും തുടർച്ചയായി 'ഫോമാ ടീം പ്രോമിസ്' യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് ഓസ്റ്റിനിലെ മലയാള വിഭാഗവും കേരളാ യൂണിവേഴ്സിറ്റിയുമായി മലയാള ഭാഷാ പഠനം സംബന്ധിച്ച ഒരു സംയുക്ത സംരംഭവുമായി ഫോമാ ടീം പ്രോമിസ് മുന്നോട്ട് വരുന്നു.

''വേരുകൾ സംരക്ഷിക്കാം... വരും തലമുറയെ ശക്തിപ്പെടുത്താം...'' എന്ന മുദ്രാവാക്യവുമായാണ് യൂണിവേഴ്സിറ്റി ഓഫ് ടെക്സസും കേരള സർവകലാശാലയും തമ്മിൽ 'കേരള പഠനസംരംഭ'ത്തിന് ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള ചർച്ചകൾക്ക് തുടക്കമിടാൻ ടീം പ്രോമിസ് ലക്ഷ്യമിടുന്നത്.




അമേരിക്കയിൽ മലയാള ഭാഷയും കേരള സംസ്കാരവും പഠിപ്പിക്കുന്ന അപൂർവ്വം സർവ്വകലാശാലകളിൽ ഒന്നായ ടെക്സസ് സർവകലാശാല യൂണിവേഴ്സിറ്റിയുമായി ചേർന്നൊരുക്കുന്ന പ്രസ്തുത സംരംഭം ഭാഷാപ്രേമികൾക്ക് ഏറെ ആവേശം നൽകുന്ന ഒന്നാണെന്ന് ഫോമാ ടീം പ്രോമീസിന് നേതൃത്വം നൽകുന്ന പ്രസിഡന്റ് സ്ഥാനാർത്ഥിയും ഫോമായുടെ സ്ഥാപക നേതാവുമായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) വ്യക്തമാക്കി.

ഈ പദ്ധതിക്ക് വിദ്യാഭ്യാസസാമൂഹിക രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളും പ്രത്യേകിച്ച് അന്താരാഷ്ട്ര പ്രശസ്തനായ ഓങ്കോളജിസ്റ്റും എഴുത്തുകാരനുമായ ഡോ. എം.വി പിള്ളയെ പോലുള്ള വ്യക്തികളുടെ പിന്തുണ ഈ സംരംഭത്തിന് ശക്തി പകരും.

പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് ഓസ്റ്റിനിലെ മലയാളം വിഭാഗവും, ഇന്ത്യയിലെ ആദ്യത്തെ സർവ്വകലാശാലകളിലൊന്നായ കേരള സർവ്വകലാശാലയും തമ്മിൽ അതിരുകളില്ലാത്ത സാംസ്കാരിക കൂട്ടായ്മയാണ് വിഭാവനം ചെയ്യുന്നതെന്ന് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ അഭിപ്രായപ്പെടുന്നു.

# കൽഹാരിയിൽ ചരിത്രമെഴുതാൻ ഒരുങ്ങി ഫൊക്കാന കൺവൻഷൻ 2026: കൺവെൻഷൻ ചെയർമാൻ ആൽബർട്ട് ആന്റണി

നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ സംഘടനകളിലൊന്നായ ഫൊക്കാന ഇന്റർനാഷണൽ കൺവെൻഷൻ ഇത്തവണ കുടുംബകേന്ദ്രിതമായ പുതിയ ആശയങ്ങളുമായും ശ്രദ്ധേയമായ സാംസ്കാരിക പരിപാടികളുമായും ചരിത്രം സൃഷ്ടിക്കാൻ ഒരുങ്ങുകയാണ്. അമേരിക്കയിലെ പ്രശസ്തമായ കൽഹാരി റിസോർട്ടിൽ നടക്കുന്ന കൺവെൻഷൻ, സംഘടനാ അംഗങ്ങളെ മാത്രമല്ല, ഫൊക്കാനയ്ക്ക് പുറത്തുള്ള മലയാളി കുടുംബങ്ങളെയും യുവതലമുറയെയും ഒരുമിപ്പിക്കുന്ന വേദിയായി മാറുമെന്നാണ്



സംഘാടകരുടെ പ്രതീക്ഷ. മോഹിനിയാട്ടത്തിലും ചെണ്ടമേളത്തിലും ഗിന്നസ് റെക്കോർഡ് ലക്ഷ്യമിടുന്ന വമ്പൻ പരിപാടികൾ, കുടുംബങ്ങൾക്ക് അനുയോജ്യമായ റിസോർട്ട് സൗകര്യങ്ങൾ, വനിതായുവജന പങ്കാളിത്തത്തിന് നൽകുന്ന പ്രാധാന്യം എന്നിവയാണ് ഇത്തവണത്തെ പ്രത്യേകതകൾ. ഫൊക്കാന കൺവെൻഷൻ ചെയർമാൻ ആൽബർട്ട് ആന്റണിയാണ്.

ഭാര്യ: ഷൈനി (ആശുപത്രിയിൽ സീനിയർ സിസ്റ്റം ആപ്ലിക്കേഷൻ അനലിസ്റ്റ്)

മക്കൾ: ആൻമരിയ, അലോഷ്യസ്.

ഈ കൺവെൻഷനെ ഒരു സാധാരണ സമ്മേളനമായി മാത്രം കാണരുത്. കുടുംബങ്ങൾക്കും യുവതലമുറയ്ക്കും ഒരുമിച്ച് സമയം ചെലവഴിക്കാനും നമ്മുടെ സംസ്കാരവും പാരമ്പര്യവും ആഘോഷിക്കാനും ഉള്ള വലിയ അവസരമാണ്.

നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും ശക്തിയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന വേദിയായിരിക്കും ഈ കൺവെൻഷൻ.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി,ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവർ ഉൾപ്പെടെ ഭരണസമിതി അംഗങ്ങൾ എല്ലാവരും തന്നെ നല്ലരീതിയിൽ കൂടെനിൽക്കുന്നത് വലിയ കരുത്താണ്. യാതൊരുവിധ അംഗീകാരവും പ്രതീക്ഷിക്കാതെ ആത്മാർത്ഥമായി ഒപ്പം നിൽക്കുന്ന സുഹൃത്തുക്കളുടെയും സംഘടനാപ്രവർത്തകരുടെയും സമയത്തിനും പരിശ്രമത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. സ്പോൺസർമാരുടെ അകമഴിഞ്ഞ പിന്തുണയും ഈ അവസരത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുന്നു.

എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

# അമേരിക്ക ഗോട്ട് ടാലന്റഡ്: മലയാളി അമേരിക്കൻ ടാലന്റുകൾക്ക് അവസരമൊരുക്കി ഫൊക്കാന

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ ദി ബെസ്റ്റ് ഓഫ് ദ ബെസ്റ്റ് ആർട്ടിസ്റ്റുകളെ കണ്ടെത്തുകയും അവരെ ഒരു കുടക്കീഴിൽ അണിനിരത്തി ഒരു ഷോ ആയി 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുന്ന ഫൊക്കാന കൺവെൻഷനിൽ അവതരിപ്പിക്കുന്നു. ഓഗസ്റ്റ് 7ന് വൈകിട്ടാണ് അമേരിക്ക 'ഗോട്ട് ടാലന്റഡ്' എന്ന പ്രോഗ്രാം അവതരിപ്പിക്കുന്നത്.

മികച്ച സംഗീതം, ഡാൻസ്, ഫ്യൂഷൻ, കേരളത്തിന്റെ തനതായ നാടൻ കലകൾ തുടങ്ങിയ കലകളിൽ പ്രാവിണ്യം തെളിയിച്ച നോർത്ത് അമേരിക്കയിലെ കലാകാരന്മാർക്കും കലാകാരികൾക്കും ഫൊക്കാന കൺവെൻഷനിൽ നടത്തുന്ന 'അമേരിക്കഗോട്ട്ടാലന്റഡ്' എന്ന പ്രോഗ്രമിലേക്ക് സ്വാഗതം. നോർത്ത് അമേരിക്കയിലെ ഏറ്റവും കഴിവുറ്റ കലാകാരന്മാരെ കണ്ടെത്തി ഒരു ചരടിൽ കോർത്തിണക്കി ഒരു ഷോ ആയി അവതരിപ്പിക്കുമ്പോൾ അത് നമ്മുടെ കലാകാരന്മാർക്കു കൊടുക്കുന്ന ഒരു ആദരവ് കൂടിയായിരിക്കും. ഈ പ്രോഗ്രാമിന്റെ ചെയർമാനായി ശബരി നായരും കോർഡിനേറ്ററായി ഗണേഷ് നായരുമാണ് പ്രവർത്തിക്കുന്നത്. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഈ ഇ-മെയിലിൽ ബന്ധപ്പെടുക: fokanatalent@gmail.com

കാണികളെ ആനന്ദത്തിന്റേയും ആസ്വാദനത്തിന്റേയും കൊടുമുടികളേറ്റുവാൻ എല്ലാ കലാപ്രതിഭകളെയും 'അമേരിക്ക ഗോട്ട് ടാലന്റ്' എന്ന പ്രോഗ്രാമിലേക്ക് സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ശ്രീകുമാർ ഉണ്ണിത്താൻ

# ഫോമായുടെ 20–ാം വാർഷികത്തിൽ കേരളത്തിലെ നിർധനർക്ക് 20 വീടുകൾ നിർമിച്ച് നൽകുമെന്ന് 'ടീം വോയ്സ് ഓഫ് ഫോമാ'




ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമാ അതിന്റെ പിറവിയുടെ 20-ാം വാർഷികം ആഘോഷിക്കുന്ന 2028ൽ കേരളത്തിലെ ഏറ്റവും നിർധനരായ 20 കുടുംബങ്ങളെ കണ്ടെത്തി അവർക്ക് വീട് നിർമിച്ച് നൽകുമെന്ന് 'ടീം വോയ്സ് ഓഫ് ഫോമാ' പ്രഖ്യാപിച്ചു. ഇതിൽ ഒരു വീട് തങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ചേർന്ന് സ്വന്തം നിലയിൽ നിർമിക്കുമെന്ന് ഫോമായുടെ 2026-28 കാലയളവിലേക്കുള്ള ഭരണസമിതി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 'ടീം വോയ്സ് ഓഫ് ഫോമാ' യുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ അറിയിച്ചു.

ഫോമയുടെ സ്ഥാപക പ്രവർത്തകരും ആദ്യകാല നേതാക്കളും സംഘടനയുടെ വളർച്ചയ്ക്കായി വർഷങ്ങളോളം പ്രവർത്തിച്ച സീനിയർ സിറ്റിസൺസുമാണ് ഇന്നത്തെ ഫോമയുടെ ശക്തമായ അടിത്തറ. എന്നാൽ പുതിയ തലമുറയിലെ പലർക്കും ഇവരെക്കുറിച്ചുള്ള അറിവ് പരിമിതമാണെന്ന തിരിച്ചറിവിൽ നിന്നാണ് മുതിർന്നവർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചതെന്ന് ടീം വോയ്സ് ഓഫ് ഫോമായ്ക്ക് നേതൃത്വം നൽകുന്ന പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ പറഞ്ഞു. ഇതിന്റെ ഭാഗമായി അറുപത് വയസ്സിന് മുകളിലുള്ള സീനിയർ സിറ്റിസൺസിനെ ഒരുമിപ്പിച്ച് എല്ലാ മാസവും ഓൺലൈൻ സൂം മീറ്റിംഗുകൾ സംഘടിപ്പിക്കും. അമേരിക്കയിലെയും കാനഡയിലെയും വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളി മുതിർന്ന പൗരന്മാർക്ക് പരസ്പരം ആശയവിനിമയം നടത്താനും സൗഹൃദങ്ങൾ പുതുക്കാനും ഈ വേദി അവസരമൊരുക്കും.

യോഗ പരിശീലന ക്ലാസുകൾ, ആരോഗ്യ ബോധവൽക്കരണ സെഷനുകൾ, സംഗീതകലാപരിപാടികൾ, ഹാസ്യവിരുന്നുകൾ, സാഹിത്യസാംസ്കാരിക ചർച്ചകൾ തുടങ്ങിയവ എല്ലാ മാസവും നടക്കുന്ന സൂം മീറ്റിംഗുകളുടെ ഭാഗമായി സംഘടിപ്പിക്കും. പ്രമുഖ സാമൂഹിക പ്രവർത്തകയും സംഘാടകയും ആരോഗ്യ വിദഗ്ധയുമായ ഡോ. മഞ്ജു പിള്ളയുടെ നേതൃത്വത്തിൽ വിവിധ മെഡിക്കൽ മേഖലകളിലെ വിദഗ്ധ ഡോക്ടർമാർ പങ്കെടുക്കുന്ന ആരോഗ്യ സംവാദങ്ങളും സംഘടിപ്പിക്കും.

ഫോമാ അംഗസംഘടനകളിലെ വിദ്യാർത്ഥികളിൽ അക്കാദമിക് രംഗത്ത് മികച്ച വിജയം കൈവരിക്കുന്നവരെ ഫോമയുടെ ജനറൽ ബോഡിയോഗങ്ങളിൽ പ്രത്യേകം ആദരിക്കും. വിദ്യാഭ്യാസ രംഗത്ത് മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി നാഷണൽ കൺവൻഷനിൽ പ്രത്യേക ആദരവും സ്കോളർഷിപ്പുകളും നൽകാനുള്ള പദ്ധതിയും ടീം വോയ്സ് ഓഫ് ഫോമാ തയ്യാറാക്കുന്നുണ്ട്.

''ഫോമയുടെ ഭൂതകാലത്തെ പ്രതിനിധീകരിക്കുന്ന മുതിർന്ന തലമുറയെയും ഭാവിയെ നയിക്കുന്ന യുവതലമുറയെയും ഒരേ വേദിയിൽ കൊണ്ടുവരികയാണ് ഞങ്ങളുടെ ലക്ഷ്യം സീനിയർ സിറ്റിസൺസിന്റെ അനുഭവസമ്പത്തും യുവജനങ്ങളുടെ ഊർജവും ഒരുമിച്ചാൽ ഫോമയുടെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശയും ശക്തിയും ലഭിക്കും...' എന്ന് പുതിയ ഭരണസമിതിയുടെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി. ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ വ്യക്തമാക്കി.

എ.എസ്. ശ്രീകുമാർ

# കുട്ടികളുടെ സുരക്ഷയ്ക്ക് പുതിയ നിയമം; 16 വയസിൽ താഴെയുള്ളവർക്ക് സോഷ്യൽ മീഡിയ നിരോധിക്കാൻ കാനഡ

ഒട്ടാവ: കൗമാരക്കാരുടെ മാനസികാരോഗ്യവും ഡിജിറ്റൽ സുരക്ഷയും മുൻനിർത്തി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് കടുത്ത നിയന്ത്രണമേർപ്പെടുത്താൻ ഒരുങ്ങി കനേഡിയൻ സർക്കാർ. 16 വയസ്സിന് താഴെയുള്ള കുട്ടികൾ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ നിർമ്മിക്കുന്നത് തടയാൻ കമ്പനികൾക്ക് നിയമപരമായ ബാധ്യത നൽകുന്ന പുതിയ ബിൽ ഫെഡറൽ സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചു. 'സേഫ് സോഷ്യൽ മീഡിയ ആക്ട്' എന്ന് പേരിട്ടിരിക്കുന്ന ഈ ബില്ലിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ്ബോട്ടുകൾക്കും കർശന നിയന്ത്രണങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ട്.




മാതാപിതാക്കളും കുട്ടികളുടെ അവകാശങ്ങൾക്കായി പോരാടുന്ന സംഘടനകളും ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യ പരിഗണിച്ചാണ് സർക്കാർ ഈ നിർണായക നീക്കം നടത്തിയത്. ഫേസ്ബുക്ക്, എക്സ്, ലൈവ് സ്ട്രീമിങ് സൈറ്റുകൾ, അശ്ലീല ഉള്ളടക്കങ്ങൾ പങ്കുവെക്കുന്ന അഡൽറ്റ് വെബ്സൈറ്റുകൾ എന്നിവയ്ക്കാണ് ഈ നിയന്ത്രണം ബാധകം. എന്നാൽ ഗൂഗിൾ പോലുള്ള സെർച്ച് എഞ്ചിനുകളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ ശക്തമായ മുൻകരുതലുകൾ എടുത്തിട്ടുള്ള കമ്പനികൾക്ക് ഭാവിയിൽ ഈ നിരോധനത്തിൽ നിന്ന് ഇളവ് തേടാം. എന്നാൽ അശ്ലീല ഉള്ളടക്കങ്ങൾ നൽകുന്ന സൈറ്റുകൾക്ക് ഇത്തരം യാതൊരു ഇളവുകളും ലഭിക്കില്ല.

ഉപയോക്താക്കൾക്ക് 16 വയസ്സിൽ താഴെയല്ല എന്ന് ഉറപ്പുവരുത്താൻ കമ്പനികൾ ഫലപ്രദമായ പ്രായപരിശോധനാ രീതികൾ ഉപയോഗിക്കണം. എന്നാൽ ഇതിനായി ഏത് സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന് ബില്ലിൽ കൃത്യമായി പറയുന്നില്ല. പുതിയ ബില്ലിൽ ചാറ്റ്ബോട്ടുകൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും, അവ ഉത്തരവാദിത്തത്തോടെ പെരുമാറണം എന്ന നിബന്ധന മുന്നോട്ട് വെക്കുന്നുണ്ട്. കുട്ടികളെ ദോഷകരമായി ബാധിക്കുന്ന ഉള്ളടക്കങ്ങൾ നിയന്ത്രിക്കാൻ ചാറ്റ്ബോട്ട് നിർമ്മാതാക്കൾ ബാധ്യസ്ഥരാണ്.

ഏതെങ്കിലും ഉപയോക്താവ് സ്വയം ഉപദ്രവിക്കാനോ മറ്റുള്ളവരെ അക്രമിക്കാനോ ഉള്ള താല്പര്യം ചാറ്റ്ബോട്ടുമായി പങ്കുവെച്ചാൽ ഉടൻ തന്നെ കമ്പനികൾ അടിയന്തര ഇടപെടൽ നടത്തണം. കുറ്റകൃത്യങ്ങൾ ചെയ്യാൻ ഉപയോക്താക്കളെ പ്രേരിപ്പിക്കുന്നതിൽ നിന്നും എഐ ചാറ്റ്ബോട്ടുകളെ നിയമപരമായി വിലക്കിയിട്ടുണ്ട്. ഈ നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു സ്വതന്ത്ര ഡിജിറ്റൽ സേഫ്റ്റി കമ്മീഷൻ രൂപീകരിക്കും. കമ്മീഷൻ നിലവിൽ വരുന്നതിന് മുൻപ് തന്നെ വലിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ (ഉദാഹരണത്തിന് എക്സ്) ഈ നിരോധനം പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

എല്ലാ സോഷ്യൽ മീഡിയ കമ്പനികളും തങ്ങളുടെ ഡിജിറ്റൽ സുരക്ഷാ പ്ലാൻ ഈ കമ്മീഷന് മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഉപയോക്താക്കളുടെ പരാതികൾ പരിഹരിക്കാനും നിയമം ലംഘിക്കുന്ന കമ്പനികൾക്കെതിരെ നടപടിയെടുക്കാനും ഈ കമ്മീഷന് പൂർണ്ണ അധികാരമുണ്ടായിരിക്കും.

# കാനഡയെക്കുറിച്ചുള്ള ട്രംപിന്റെ പരാമർശങ്ങൾ അനാദരവുമുള്ളത്; രൂക്ഷ വിമർശനവുമായി പെൻസിൽവാനിയ ഗവർണർ

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കാനഡയെക്കുറിച്ച് നടത്തിയ വിവാദ പരാമർശങ്ങൾക്കെതിരെ പെൻസിൽവാനിയ ഗവർണർ ജോഷ് ഷാപിറോ രൂക്ഷ വിമർശനവുമായി രംഗത്തെത്തി. ഒന്റാറിയോ പ്രീമിയർ ഡഗ് ഫോർഡുമായി വ്യാപാര സഹകരണ കരാറിൽ ഒപ്പുവെച്ച ശേഷം നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

'ഇപ്പോൾ പല കാനഡക്കാർക്കും അമേരിക്ക സ്വാഗതം ചെയ്യുന്ന രാജ്യമല്ലെന്ന തോന്നലുണ്ട്. നമ്മുടെ പ്രസിഡന്റിൽ നിന്ന് വരുന്ന അശ്രദ്ധയും അനാദരവുമുള്ള പ്രസ്താവനകൾ കണക്കിലെടുക്കുമ്പോൾ അത് ഞാൻ മനസ്സിലാക്കുന്നു,' എന്നാണ് ഷാപിറോ പറഞ്ഞത്. കാനഡയുടെ പരമാധികാരത്തെ താൻ ബഹുമാനിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. 'വാക്കുകൾ മാത്രമല്ല, ട്രംപ് ഭരണകൂടം ഏർപ്പെടുത്തിയിരിക്കുന്ന തീരുവകളും ഇരു രാജ്യങ്ങളുടെയും സമ്പദ്വ്യവസ്ഥയ്ക്ക് യഥാർത്ഥ ഭീഷണിയാണ്,' എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ട്രംപ് ആരംഭിച്ച വ്യാപാര യുദ്ധത്തിനും കാനഡയെ അമേരിക്കയുടെ 51-ാമത്തെ സംസ്ഥാനമാക്കുമെന്ന ആവർത്തിച്ചുള്ള പരാമർശങ്ങൾക്കും ശേഷം ഒന്റാറിയോയും പെൻസിൽവാനിയയും തമ്മിലുള്ള വ്യാപാരം ഏകദേശം 500 മില്യൺ ഡോളർ കുറഞ്ഞതായി ഷാപിറോ പറഞ്ഞു.'അതിന്റെ ഫലമായി പെൻസിൽവാനിയയിലെ ഉപഭോക്താക്കൾക്ക് ലഭ്യമായ ഉൽപ്പന്നങ്ങളുടെ എണ്ണം കുറയുന്നു. അതുപോലെ, നമ്മുടെ ബിസിനസുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള വിപണികളും നഷ്ടമാകുന്നു. ഫെഡറൽ തലത്തിൽ നടക്കുന്ന ഈ അസ്ഥിരത എല്ലാവരെയും പ്രതികൂലമായി ബാധിക്കുകയാണ്,' അദ്ദേഹം പറഞ്ഞു.



അമേരിക്ക-കാനഡ-മെക്സിക്കോ വ്യാപാര കരാർ പുതുക്കുന്നതിൽ താൽപര്യമില്ലെന്നും അമേരിക്കയ്ക്ക് കാനഡയിൽ നിന്ന് ഒന്നും ആവശ്യമില്ലെന്നുമുള്ള ട്രംപിന്റെ പുതിയ പ്രസ്താവനയെയും ഡഗ് ഫോർഡ് തള്ളിക്കളഞ്ഞു.

'ഞാൻ അതിനോട് പൂർണമായും വിയോജിക്കുന്നു. നമുക്ക് പരസ്പരം സഹായം ആവശ്യമാണ്. നമ്മൾ ഒരുമിച്ച് പ്രവർത്തിച്ചില്ലെങ്കിൽ ചൈന പോലുള്ള രാജ്യങ്ങൾ നിർണായക ധാതു വിഭവങ്ങളുടെ വിപണി കൈയടക്കും. അതിനാൽ നമ്മൾ പരസ്പരം പിന്തുണയ്ക്കേണ്ടതുണ്ട്,' ഫോർഡ് പറഞ്ഞു.

വാഷിങ്ടണിൽ അമേരിക്കൻ നിയമനിർമ്മാതാക്കളുമായി കൂടിക്കാഴ്ച നടത്തി വ്യാപാര ബന്ധങ്ങൾക്ക് പിന്തുണ ഉറപ്പാക്കാൻ ശ്രമിച്ചതിന് തൊട്ടുപിന്നാലെയാണ് ഫോർഡിന്റെ ഷാപിറോയുമായുള്ള കൂടിക്കാഴ്ച.

അമേരിക്കൻ ചേംബർ ഓഫ് കൊമേഴ്സുമായുള്ള ഒരു പരിപാടിയിലും ഫോർഡ് പങ്കെടുക്കാനിരുന്നതായിരുന്നു. എന്നാൽ 'ഷെഡ്യൂൾ സംബന്ധമായ പ്രശ്നങ്ങൾ' കാരണം അത് അവസാന നിമിഷം റദ്ദാക്കിയെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ വൈറ്റ് ഹൗസിന്റെ സമ്മർദത്തെ തുടർന്നാണ് പരിപാടി റദ്ദാക്കിയതെന്ന് ചില മാധ്യമ റിപ്പോർട്ടുകൾ പുറത്തുവന്നു. ഇതിനെക്കുറിച്ച് പ്രതികരിച്ച ഫോർഡ്, അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ പോലും അതിൽ ആശങ്കയില്ലെന്നും പിന്നീട് ചേംബർ ഓഫ് കൊമേഴ്സ് നേതാക്കളുമായി കൂടിക്കാഴ്ച നടത്താനുള്ള അവസരമുണ്ടാകുമെന്നും പറഞ്ഞു.

അതേസമയം, വിൻഡ്സർ നഗരത്തെയും അമേരിക്കയിലെ ഡെട്രോയിറ്റ് നഗരത്തെയും ബന്ധിപ്പിക്കുന്ന ഗോർഡി ഹൗ അന്താരാഷ്ട്ര പാലത്തിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കില്ലെന്നും ഫോർഡ് അറിയിച്ചു. പാലം തുറക്കുന്നതിൽ ഇപ്പോഴും അനിശ്ചിതത്വമുണ്ടെന്ന ട്രംപിന്റെ പരാമർശത്തെ തുടർന്നാണ് ഈ തീരുമാനം.'റിബൺ മുറിക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിനേക്കാൾ പാലം യഥാർത്ഥത്തിൽ തുറന്ന് വാഹനങ്ങൾ ഓടിത്തുടങ്ങുമ്പോഴാണ് ഞാൻ പങ്കെടുക്കുക,' എന്നും ഫോർഡ് വ്യക്തമാക്കി.




കേരളം വാചകം

# ബഡ്ജറ്റിൽ വിസ്മയമായി ഇന്ധന സെസ് കുറച്ചേക്കും

തിരുവനന്തപുരം: പെട്രോൾ,ഡീസൽ വില കുതിച്ചുയരുന്നത് കണക്കിലെടുത്ത് സംസ്ഥാനത്ത് സർക്കാർ വാങ്ങുന്ന ഇന്ധന സെസ് പിൻവലിക്കാൻ ആലോചന. അടുത്തയാഴ്ച അവതരിപ്പിക്കുന്ന യു.ഡി.എഫ്. സർക്കാരിന്റെ ആദ്യബഡ്ജറ്റിൽ ഈ തീരുമാനമുണ്ടാകുമെന്നാണ് സൂചന. ഒരുശതമാനം നികുതി സെസും രണ്ടുരൂപ സാമൂഹ്യ സുരക്ഷാ സെസുമടക്കം മൂന്ന് രൂപയിലേറെ തുകയാണ് ഓരോ ലിറ്റർ പെട്രോളിലും ഡീസലിലും സംസ്ഥാനത്ത് അധികമായി വാങ്ങുന്നത്. 19നാണ് സംസ്ഥാന ബഡ്ജറ്റ്.

കഴിഞ്ഞ ഒന്നരമാസത്തിനിടെ പത്തുരൂപയുടെ വർദ്ധനവാണ് പെട്രോളിനും ഡീസലിനുമുണ്ടായത്. സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകൾ കണക്കിലെടുത്ത് വിലവർദ്ധന മരവിപ്പിച്ചിരുന്ന കേന്ദ്ര സർക്കാർ ഇലക്ഷൻ ഫലം വന്നതിന് പിന്നാലെ തുടർച്ചയായി വിലകൂട്ടികൊണ്ടിരിക്കുകയാണ്. വിലക്കയറ്റത്തിന്റെ ആഘാതം പഠിച്ച ശേഷം അനുഭാവപൂർണ്ണമായ തീരുമാനമുണ്ടാകുമെന്ന് ധനവകുപ്പിന്റെ കൂടി ചുമതലയുള്ള മുഖ്യമന്ത്രി വി.ഡി.സതീശൻ ഉറപ്പ് നൽകിയിരുന്നു.

### ഇന്ധന സെസ് തിരിച്ചടിയായി

ഇന്ധന സെസ് ഏർപ്പെടുത്തിയത് സംസ്ഥാനത്തിന് തിരിച്ചടിയായെന്നാണ് റിപ്പോർട്ട്. വിൽപനയും വരുമാനവും കുറഞ്ഞു. ഓരോ വർഷവും വാഹനപെരുപ്പം കൂടുകയാണെങ്കിലും അതിന് ആനുപാതികമായി ഇന്ധന വിൽപന കൂടിയില്ലെന്ന് മാത്രമല്ല നിലവിൽ കിട്ടികൊണ്ടിരുന്നത് കുറയുകയും ചെയ്തു. ഓരോ വർഷവും ഡീസൽ വിൽപനയിൽ 76.56കോടി ലിറ്ററും പെട്രോൾ വിൽപനയിൽ 17.76 കോടിലിറ്ററിന്റേയും കുറവാണ് സംസ്ഥാനത്തുണ്ടായത്. നികുതി വരുമാനത്തിലാകട്ടെ 2022-23വർഷത്തിൽ 11827.4കോടിയും 2023-24വർഷത്തിൽ 12126.12കോടിയുമുണ്ടായിരുന്ന ഇന്ധന നികുതിവരുമാനം 202425ൽ 9105.3കോടിയായി കുറഞ്ഞു. പ്രതിവർഷം 1500കോടിയിലേറെ വർദ്ധനയുണ്ടാകേണ്ടയിടത്താണ് ഈ കുറവ്. അതേസമയം ഇന്ധന സെസ് ആയി രണ്ടുവർഷം കിട്ടിയത് 1751.51കോടിരൂപ മാത്രമാണ്.



സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന് പണം കണ്ടെത്താനെന്ന് പറഞ്ഞ് 2023-24 ബഡ്ജറ്റിലാണ് സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും രണ്ടുരൂപാവീതം സെസ് ഏർപ്പെടുത്തിയത്. അതിനൊപ്പം പ്രളയകാലത്തെ സാമ്പത്തിക നഷ്ടം നികത്താനെന്ന പേരിൽ ഏർപ്പെടുത്തിയ വിൽപനനികുതിയുടെ മേലുള്ള ഒരുശതമാനം സെസും കൂടി തുടരാൻ തീരുമാനിതോടെ സെസ് 3രൂപയിലെത്തി.

### അതിർത്തികടന്ന് ഇന്ധന വിൽപന

കേരളത്തിൽ 3രൂപ അധികം സെസ് വാങ്ങുന്നതോടെ ഡീസൽ, പെട്രോൾ വിൽപന അതിർത്തികടന്നെന്നാണ് സർക്കാരിന്റെ കണ്ടെത്തൽ. സംസ്ഥാനത്ത് ഡീസലിന് 104.31രൂപയും പെട്രോളിന് 115.49രൂപയുമാണ് തിരുവനന്തപുരത്തെ വില. എന്നാൽ പെട്രോളിന് അതിർത്തി നഗരങ്ങളായ മൈസൂരിൽ 12.6രൂപയും മംഗലാപുരത്ത് 3.42രൂപയും കോയമ്പത്തൂരിൽ 7.26രൂപയും നാഗർകോവിലിൽ 6.81രൂപയും കുറവാണ്. ഡീസലിനാകട്ടെ മൈസൂരിൽ 10.62രൂപയും മംഗലാപുരത്ത് 4.21രൂപയും കോയമ്പത്തൂരിൽ 11.42രൂപയും നാഗർകോവിലിൽ 3.77രൂപയും കുറവുണ്ട്.

സെസ് ഏർപ്പെടുത്തിയതോടെ സംസ്ഥാനാന്തര ചരക്കു വാഹനങ്ങൾ ഇന്ധനം നിറയ്ക്കുന്നതു മറ്റു സംസ്ഥാനങ്ങളിൽ നിന്നാക്കി. കെ.എസ്.ആർ.ടി.സി പോലും മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് ഇന്ധനം നിറയ്ക്കുന്നത് പ്രതിമാസം സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർധിക്കുന്നതിനാൽ ഇന്ധനത്തിന്റെ വിൽപന ഓരോ മാസവും കൂടുകയാണ് ചെയ്യുക. മാത്രമല്ല വിലകൂടിയതോടെ സ്വകാര്യ വാഹനങ്ങൾ ഇന്ധന ഉപയോഗം കുറച്ചതും ഇലക്ട്രിക് വാഹനങ്ങളിലേക്കു മാറിയതും വരുമാനമിടിയാൻ കാരണമായി. സെസ് പിൻവലിച്ചാൽ ജനങ്ങൾക്ക് ആശ്വാസമാകുമെന്ന് മാത്രമല്ല നികുതിവരുമാനം കൂടുമെന്നുമാണ് സർക്കാർ കണക്കുകൂട്ടൽ.

## കെ.എസ്.ആർ.ടി.സിയിൽ ജൂൺ 15 തിങ്കളാഴ്ച മുതൽ സ്ത്രീ സൗജന്യയാത്ര



തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ പ്രായമോ വരുമാനമോ കണക്കിലെടുക്കാതെ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡറുകൾക്കും സൗജന്യയാത്ര നൽകുന്ന പദ്ധതിക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി. സൗജന്യയാത്രയിലൂടെ കെ.എസ്.ആർ.ടി.സിക്കുണ്ടാവുന്ന 800കോടി പ്രതിവർഷ വരുമാനനഷ്ടം സർക്കാർ നൽകും.

യു.ഡി.എഫിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്ന പദ്ധതി 'പ്രിയദർശിനി' എന്ന പേരിലാണ് തിങ്കളാഴ്ച മുതൽ നടപ്പാക്കുക. കൂടുതൽ ബസുകൾ വാങ്ങിയും ഷെഡ്യൂളുകൾ കൂട്ടിയും പരസ്യവരുമാനം വർദ്ധിപ്പിച്ചും ആറുമാസത്തിനകം പദ്ധതിയുടെ അടുത്തഘട്ടത്തിലേക്ക് കടക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു. ഫാസ്റ്റ്പാസഞ്ചർ, ടൗൺ-ടു-ടൗൺ, സിറ്റിഫാസ്റ്റ്അടക്കം സർവീസുകളിലും തുടർന്ന് സൗജന്യയാത്ര നടപ്പാക്കുമെന്നാണ് കണക്കുകൂട്ടൽ.

സൗജന്യയാത്രയിലൂടെ പ്രതിമാസം 65മുതൽ 70കോടിവരെ ബാദ്ധ്യത സർക്കാരിനുണ്ടാവും. ശമ്പളം, പെൻഷൻ അടക്കം ചെലവുകൾക്ക് നിലവിൽ കെ.എസ്.ആർ.ടി.സിക്ക് 1500കോടി എല്ലാവർഷവും നൽകുന്നുണ്ട്. അതിനുപുറമെ സൗജന്യയാത്രയുടെ ചെലവും നൽകും.

കെ.എസ്.ആർ.ടി.സിയുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള വിവിധ മാർഗ്ഗങ്ങൾ ആറുമാസത്തിനകം കണ്ടെത്തും. സ്വതന്ത്രമായി വരുമാനമുണ്ടാക്കുന്ന തലത്തിലേക്ക് കെ.എസ്.ആർ.ടി.സിയെ മാറ്റും. സാമ്പത്തികനില മെച്ചപ്പെടുത്തിയശേഷമായിരിക്കും സൗജന്യയാത്രയുടെ രണ്ടാംഘട്ടം നടപ്പാക്കുക.

സൗജന്യ യാത്രാ പദ്ധതി തുടങ്ങുമ്പോൾ ഓർഡിനറി ബസുകളിൽ സ്ത്രീകൾക്ക് സീറോ ടിക്കറ്റ് നൽകുമെന്ന് മന്ത്രി സി.പി. ജോൺ പറഞ്ഞു. ടിക്കറ്റ് നൽകും. പണം ഈടാക്കില്ല.

സൗജന്യയാത്രയ്ക്ക് ദൂര പരിധിയില്ല. എപ്പോൾ വേണമെങ്കിലും യാത്ര ചെയ്യാം. സ്വകാര്യ ബസ് മേഖലയെ സംരക്ഷിക്കും. സൗജന്യയാത്ര പ്രാബല്യത്തിലായശേഷം സ്വകാര്യ ബസ് ഉടമകളുമായി ചർച്ച നടത്തും.










# പ്രധാനമന്ത്രി പദവിയിലെ നേട്ടത്തിന് നരേന്ദ്രമോദിയെ അനുമോദിച്ച് കേന്ദ്രമന്ത്രിസഭ

ന്യൂഡൽഹി: ജവഹർലാൽ നെഹ്റുവിനെ പിന്തള്ളി പ്രധാനമന്ത്രി പദത്തിൽ റെക്കോർഡ് കുറിച്ച നരേന്ദ്ര മോദിക്ക് കേന്ദ്ര മന്ത്രിസഭയുടെ അഭിനന്ദനം. പദവിയിൽ തുടർച്ചയായി 4399 ദിവസമാണ് മോദി പൂർത്തിയാക്കിയത്. 4398 ആയിരുന്നു നെഹ്റുവിന്റെ റെക്കോർഡ്. യോഗം മോദിയെ അഭിനന്ദിച്ച് പ്രമേയം പാസാക്കി. മന്ത്രിമാർ എഴുന്നേറ്റ് നിന്ന് കൈയടിച്ചു. പ്രധാനമന്ത്രി നന്ദി പറഞ്ഞു.

'രാഷ്ട്രം ആദ്യം' എന്ന ആദർശവുമായി നയിക്കുന്ന നേതാവിന് ജനങ്ങൾ നൽകിയ അഭൂതപൂർവമായ പിന്തുണയാണ് ഈ നേട്ടത്തിൽ പ്രതിഫലിക്കുന്നതെന്ന് പ്രമേയത്തിൽ പറയുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യ 2047 ഓടെ വികസിത രാഷ്ട്രമായി മാറുമെന്നും പ്രത്യാശ പ്രകടിപ്പിച്ചു.

രാജ്യത്തെ ജനങ്ങളെ സുരക്ഷിതരാക്കുകയും നഷ്ടപ്പെട്ട ആത്മാഭിമാനവും അന്തസ്സും വീണ്ടെടുക്കുകയും ചെയ്തതാണ് പ്രധാനമന്ത്രിയുടെ ഏറ്റവും വലിയ നേട്ടമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ അനുമോദന സന്ദേശത്തിൽ പറഞ്ഞു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും കേന്ദ്ര മന്ത്രിമാരും ആശംസകൾ നേർന്നു.



### ആശംസയുമായി ലോക നേതാക്കൾ

ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ, ശ്രീലങ്കൻ പ്രസിഡന്റ് അനുരകുമാര ദിസനായകെ, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബു, മാലിദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, കെനിയൻ പ്രസിഡന്റ് വില്യം സമോയി റൂട്ടോ, ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജയ് മ്യൂങ്, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, ഡെൻമാർക്ക് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സൻ, സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോഡൗലിഡ്സ്, ഗ്രീസ് പ്രധാനമന്ത്രി കിരിയാക്കോസ് മിത്സോതാകിസ്, ജർമ്മൻ ചാൻസലർ ബുണ്ടസ്കാൻസ്ലർ ഫ്രെഡറിക് മെർസ്, പാപുവ ന്യൂ ഗിനിയ പ്രധാനമന്ത്രി ജെയിംസ് മറാപെ, ട്രിനിഡാഡ് ആൻഡ് ടുബാഗോ പ്രധാനമന്ത്രി കമാൽ പെർസാദ്ബിസേസർ തുടങ്ങി നിരവധി രാഷ്ട്രത്തലവൻമാരും അഭിനന്ദനങ്ങൾ നേർന്നു.

### ഇച്ഛാശക്തിയുള്ള നേതാവ്:

### എൻ.ഡി.എ യോഗം

ധീരമായ പരിഷ്കാരങ്ങൾ പിന്തുടരാനുള്ള ഇച്ഛാശക്തിയുള്ള നേതാവാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയെന്ന് കേന്ദ്ര സർക്കാരിന്റെ 12-ാം വാർഷികത്തിന്റെ ഭാഗമായി ഡൽഹിയിൽ സംഘടിപ്പിച്ച എൻ.ഡി.എ മുഖ്യമന്ത്രിമാരുടെയും ഉപമുഖ്യമന്ത്രിമാരുടെയും യോഗം അഭിപ്രായപ്പെട്ടു.

പ്രധാനമന്ത്രിപദം ഏറ്റവും കൂടുതൽ കാലം വഹിച്ചെന്ന റെക്കാഡ് നേടിയ മോദിയെ അഭിനന്ദിച്ച് പ്രമേയം പാസാക്കി. വെല്ലുവിളികളെ ധീരമായ പരിഷ്കാരങ്ങളിലൂടെ അദ്ദേഹം മറികടന്നുവെന്ന് പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു അവതരിപ്പിച്ച പ്രമേയം കേന്ദ്ര ആഭ്യന്തരമന്ത്രിഅമിത്ഷാ,കേന്ദ്രപ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, നാഗാലാൻഡ് മുഖ്യമന്ത്രി നെയ്ഫിയു റിയോ, ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണുദേവ് സായ്, ഘടകകക്ഷി നേതാക്കളായ ജിതൻ റാം മാഞ്ചി, എച്ച്.ഡി. കുമാരസ്വാമി, ഏക്നാഥ് ഷിൻഡെ, ചിരാഗ് പാസ്വാൻ, ജയന്ത് ചൗധരി തുടങ്ങിയവർ പിന്തുണച്ചു. കേന്ദ്ര മന്ത്രി അനുപ്രിയ പട്ടേൽ പ്രമേയം വായിച്ചു.

### പാർട്ടിയെക്കാൾ വലുത് രാജ്യം: പ്രധാനമന്ത്രി

പാർട്ടിയേക്കാൾ വലുത് രാജ്യമെന്ന മനോഭാവമുള്ളതിനാൽ തീരുമാനങ്ങളെടുക്കാൻ ബുദ്ധിമുട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മറുപടി പ്രസംഗത്തിൽ പറഞ്ഞു. അസാധ്യമെന്ന് കരുതിയ തീരുമാനങ്ങൾ, കൃത്യമായി എടുക്കാൻ കഴിഞ്ഞെന്ന് ജമ്മുകാശ്മീരിലെ 370-ാം വകുപ്പ് റദ്ദാക്കിയത് അടക്കം ചൂണ്ടിക്കാട്ടി വിശദീകരിച്ചു. ദേശീയ താത്പര്യം മുൻനിർത്തിയുള്ള തീരുമാനങ്ങൾ ഇനിയും വരുമെന്നും പറഞ്ഞു.









### അമേരിക്കയ്ക്കെതിരെ ഒന്നാം ഘട്ട പ്രത്യാക്രമണം തുടങ്ങി;

# മിസൈലുകളും ഡ്രോണുകളും തൊടുത്തുവിട്ട് ഇറാന്റെ വൻ തിരിച്ചടി

മിഡിൽ ഈസ്റ്റിനെ പൂർണ്ണമായൊരു യുദ്ധത്തിലേക്ക് തള്ളിവിട്ടുകൊണ്ട് അമേരിക്കൻ വ്യോമാക്രമണങ്ങൾക്ക് നേരെ ഇറാന്റെ ഭാഗത്തുനിന്നും ആദ്യത്തെ ഔദ്യോഗിക സൈനിക പ്രത്യാക്രമണം ആരംഭിച്ചതായി ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ ദിവസങ്ങളിൽ തങ്ങളുടെ തന്ത്രപ്രധാന കേന്ദ്രങ്ങൾക്കും നഗരങ്ങൾക്കും നേരെ അമേരിക്ക നടത്തിയ മാരകമായ വ്യോമാക്രമണങ്ങൾക്ക് മറുപടിയായാണ് ഇറാൻ ഇസ്ലാമിക് റവല്യൂഷണറി ഗാർഡ് കോർപ്സിന്റെ നേതൃത്വത്തിൽ ഈ വൻ തിരിച്ചടി ആരംഭിച്ചിരിക്കുന്നത്. മേഖലയിലെ യുഎസ് താവളങ്ങളെ ലക്ഷ്യമിട്ട് നൂറുകണക്കിന് ബാലിസ്റ്റിക് മിസൈലുകളും ആത്മഹത്യാ ഡ്രോണുകളുമാണ് ഇറാൻ ഒരേസമയം തൊടുത്തുവിട്ടിരിക്കുന്നത്.

അമേരിക്കൻ സൈന്യത്തിന്റെ അപ്പാച്ചെ ഹെലികോപ്റ്റർ വെടിവെച്ചിട്ട സംഭവത്തിന് പിന്നാലെ ഇറാനെതിരെ കടുത്ത സൈനിക നീക്കങ്ങൾ നടത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിന് പിന്നാലെ ദക്ഷിണ ഇറാന്റെ ഭാഗങ്ങളിൽ അമേരിക്കൻ യുദ്ധവിമാനങ്ങൾ മിസൈൽ വർഷം നടത്തുകയും ചെയ്തു. തങ്ങളുടെ പരമാധികാരത്തിന് മേൽ കടന്നുകയറിയ പാശ്ചാത്യ ശക്തികൾക്ക് ഇതിലും കനത്ത വില നൽകേണ്ടി വരുമെന്ന് വ്യക്തമാക്കിക്കൊണ്ടാണ് ഇറാൻ തങ്ങളുടെ ഒന്നാം ഘട്ട പ്രത്യാക്രമണ പദ്ധതി ഇപ്പോൾ സജീവമാക്കിയിരിക്കുന്നത്.

ഇറാന്റെ മിസൈൽ പ്രതിരോധ വിഭാഗം അതിർത്തി പ്രദേശങ്ങളിൽ നിന്നും ചെങ്കടൽ മേഖലയിൽ നിന്നും ഒരേസമയം ആക്രമണം ഏകോപിപ്പിക്കുന്നതായാണ് വിവരം. കുവൈറ്റ്,



ബഹ്റൈൻ, ജോർദാൻ എന്നീ രാജ്യങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള അമേരിക്കൻ സൈനിക താവളങ്ങളും കമാൻഡ് സെന്ററുകളും തകർക്കുകയാണ് ഇറാന്റെ പ്രാഥമിക ലക്ഷ്യം. ഇറാന്റെ ഭാഗത്തുനിന്നുണ്ടായ ഈ അപ്രതീക്ഷിത മിസൈൽഡ്രോൺ വർഷത്തെ പ്രതിരോധിക്കാൻ യുഎസ് സെൻട്രൽ കമാൻഡ് തങ്ങളുടെ പാട്രിയറ്റ് മിസൈൽ പ്രതിരോധ സംവിധാനങ്ങൾ അടിയന്തരമായി സജീവമാക്കിയിട്ടുണ്ട്.

ഇരുശക്തികളും തമ്മിലുള്ള ഈ നേരിട്ടുള്ള സൈനിക ഏറ്റുമുട്ടൽ മിഡിൽ ഈസ്റ്റിൽ വലിയൊരു യുദ്ധ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ പേർഷ്യൻ ഗൾഫ് മേഖലയിലൂടെയുള്ള അന്താരാഷ്ട്ര ചരക്കുനീക്കങ്ങൾ പൂർണ്ണമായും തടസ്സപ്പെട്ടു. കൂടാതെ ആഗോള വിപണിയിൽ അസംസ്കൃത എണ്ണവില കുതിച്ചുയരുകയാണ്. വരും മണിക്കൂറുകളിൽ അമേരിക്ക നൽകുന്ന പുതിയ തിരിച്ചടികളെ ആശങ്കയോടെയാണ് അന്താരാഷ്ട്ര സമൂഹം ഉറ്റുനോക്കുന്നത്.

### ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണം അമേരിക്കയ്ക്ക്;

# രഹസ്യ ദൗത്യത്തിലൂടെ കോടിക്കണക്കിന് ബാരൽ എണ്ണ കടത്തിയെന്ന് ട്രംപ്

മിഡിൽ ഈസ്റ്റിൽ ഇറാനുമായുള്ള സൈനിക സംഘർഷം കടുക്കുന്നതിനിടയിൽ, ലോകത്തെ ഞെട്ടിച്ചുകൊണ്ട് അതീവ തന്ത്രപ്രധാനമായ വെളിപ്പെടുത്തലുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രംഗത്തെത്തി.

കഴിഞ്ഞ മാസം യുഎസ് സൈന്യത്തിന്റെ നേതൃത്വത്തിൽ ഹോർമുസ് കടലിടുക്കിൽ അതീവ രഹസ്യമായ ഒരു സൈനിക ദൗത്യം വിജയകരമായി പൂർത്തിയാക്കിയതായി ട്രംപ് പ്രഖ്യാപിച്ചു. ഈ രഹസ്യ ദൗത്യത്തിലൂടെ പത്ത് കോടിയിലധികം ബാരൽ അസംസ്കൃത എണ്ണ സുരക്ഷിതമായി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കാൻ കഴിഞ്ഞതായാണ് ട്രംപ് അവകാശപ്പെടുന്നത്.

തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ 'ട്രൂത്ത് സോഷ്യൽ' വഴിയാണ് ട്രംപ് ഈ നിർണ്ണായക വിവരങ്ങൾ പുറത്തുവിട്ടത്. അന്താരാഷ്ട്ര ഊർജ്ജ വിപണിയുടെ സുരക്ഷിതത്വത്തിന് വേണ്ടി ഹോർമുസ് കടലിടുക്കിലൂടെ പോകുന്ന എണ്ണ ടാങ്കറുകൾക്കും മറ്റ് വാണിജ്യ കപ്പലുകൾക്കും സംരക്ഷണം നൽകാൻ താൻ തന്നെയാണ് യുഎസ് സൈന്യത്തിന് നേരിട്ട് നിർദ്ദേശം നൽകിയതെന്ന് ട്രംപ് വ്യക്തമാക്കി. അമേരിക്കൻ നാവികസേനയുടെ കർശനമായ കാവലിൽ ഇരുനൂറിലധികം (200) വാണിജ്യ കപ്പലുകളാണ് ഇറാൻ ഏർപ്പെടുത്തിയ തടസ്സങ്ങൾ മറികടന്ന് സുരക്ഷിതമായി കടന്നുപോയത്.

ഹോർമുസ് കടലിടുക്കിന്റെ പൂർണ്ണ നിയന്ത്രണം ഇപ്പോൾ അമേരിക്കയുടെ കൈകളിലാണെന്നും ഇറാൻ അവിടെ നിഷ്പ്രഭരാക്കപ്പെട്ടുവെന്നും ട്രംപ് അവകാശപ്പെട്ടു. ഇറാന്റെ സൈന്യം പൂർണ്ണമായും പരാജയപ്പെട്ടുവെന്നും അവരുടെ സാമ്പത്തിക വ്യവസ്ഥ തകർന്നടിഞ്ഞുവെന്നും വ്യക്തമാക്കിയ ട്രംപ്, ഇറാന്റെ അധ്യായം അവസാനിച്ചുവെന്നും കുറിച്ചു.

യുഎസ് സൈന്യത്തിന്റെ ഈ വിജയകരമായ ഇടപെടൽ കാരണമാണ് ആഗോള വിപണിയിൽ എണ്ണവില ബാരലിന് 250 ഡോളറിലേക്ക് കുതിച്ചുയരാതെ 85 മുതൽ 90 ഡോളർ പരിധിയിൽ നിലനിർത്താൻ കഴിഞ്ഞതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈറ്റ് ഹൗസിൽ വാർത്താലേഖകരോട് സംസാരിക്കവെയാണ് ഇറാനെതിരെ കടുത്ത സൈനിക മുന്നറിയിപ്പുകൾ ട്രംപ് ആവർത്തിച്ചത്. തങ്ങൾ മുന്നോട്ടുവെച്ച സമാധാന കരാറുകളിൽ ഒപ്പിടാൻ ഇറാൻ തയ്യാറാകാതെ ചർച്ചകൾ നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതിശക്തമായ രീതിയിൽ തന്നെ ഇറാനെ ആക്രമിക്കുമെന്ന് ട്രംപ് വ്യക്തമാക്കി.

അമേരിക്കൻ സൈന്യത്തിന്റെ അപ്പാച്ചെ ഹെലികോപ്റ്റർ വെടിവെച്ചിട്ട സംഭവത്തിന് ഇരട്ടി ശക്തിയോടെ തിരിച്ചടി നൽകാൻ യുഎസ് സൈന്യം സജ്ജമാണെന്നും നയതന്ത്ര ചർച്ചകൾ പരാജയപ്പെട്ടാൽ സൈനിക നടപടി ഉടനടി ആരംഭിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

അതേസമയം പ്രസിഡന്റിന്റെ ഈ വെളിപ്പെടുത്തലുകൾ യുഎസ് രാഷ്ട്രീയത്തിൽ വലിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്. അമേരിക്കൻ ഊർജ്ജ സെക്രട്ടറി ക്രിസ് റൈറ്റിനോട് ഈ രഹസ്യ എണ്ണ ദൗത്യത്തെക്കുറിച്ച് യുഎസ് കോൺഗ്രസ് സമിതി ചോദ്യങ്ങൾ ഉന്നയിച്ചപ്പോൾ, ഇത്തരമൊരു ദൗത്യത്തെക്കുറിച്ച് തനിക്ക് അറിവില്ലെന്നാണ് അദ്ദേഹം മറുപടി നൽകിയത്.

എന്നാൽ കഴിഞ്ഞ ആഴ്ചകളിൽ ഹോർമുസ് കടലിടുക്കിലൂടെയുള്ള എണ്ണക്കപ്പലുകളുടെ നീക്കം വർദ്ധിച്ചതിന് പിന്നിൽ യുഎസ് സൈന്യത്തിന്റെ സുരക്ഷാ സഹായം ഉണ്ടായിരുന്നുവെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. അന്താരാഷ്ട്ര തലത്തിൽ വലിയ നയതന്ത്ര ചലനങ്ങളാണ് ഈ പ്രഖ്യാപനം സൃഷ്ടിക്കുന്നത്.






# അതിരു വിടരുത് മൊബൈൽ ക്യാമറ; പോലീസ് ഇടപെടും





ബാബു കദളിക്കാട്

സാങ്കേതിക വിദ്യകളാകെ നിർമ്മിത ബുദ്ധിയുടെ ആഗിരണത്തിലായ സത്യാനന്തര കാലത്ത് വിവേകത്തിന്റെ മൂല്യശോഷണത്തിനു ഗതിവേഗമേറുന്നതിലുള്ള വ്യഥ പങ്കുവയ്ക്കുന്നു, ലോകമെങ്ങുമുള്ള സാമൂഹിക നിരീക്ഷകർ. മിക്ക ജീവിത മേഖലകളിലും പെരുമാറ്റച്ചട്ടങ്ങൾക്കു ജീവൻ പകരുന്ന സംസ്കാര മഹിമ പഴങ്കഥയായി മാറുന്നു. മാനുഷരെല്ലാരും മാധ്യമ പ്രവർത്തകരാകാൻ മൽസരിക്കവേ ഈ ദുരവസ്ഥ അശ്ളീലതയിലേക്ക് വഴുതിവീഴുന്നു. സങ്കേതികവിദ്യ വളരുമ്പോൾ മാനവികതയും ഒപ്പം വളരേണ്ടത് അനിവാര്യമെന്നറിയാത്തതിന്റെ ദോഷം.

ഒരാളുടെ ജീവിതത്തിലെ ഏറ്റവും സ്വകാര്യവും വേദനാജനകവുമായ നിമിഷങ്ങളിലേക്കും മാധ്യമ പ്രവർത്തനത്തിന്റെ മേലാപ്പിട്ടവർ ക്യാമറകളുമായി അതിക്രമിച്ചുകയറുകയാണ്. അന്തരിച്ച നടൻ സലിംകുമാറിന്റെ സംസ്കാരച്ചടങ്ങുകൾക്കിടെ കണ്ട ദൃശ്യങ്ങൾ അതിന്റെ ഏറ്റവും പുതിയ ഉദാഹരണമായി. മൃതദേഹം ചിതയിലേക്ക് എടുക്കുമ്പോൾ, ആ നിമിഷം മൊബൈൽ ഫോണിൽ പകർത്താൻ ചിലർ ബന്ധുക്കളെപ്പോലും തള്ളിമാറ്റുന്ന കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. മരണം സംഭവിച്ച വീട്ടിലെ അംഗങ്ങൾക്കുപോലും സ്വസ്ഥമായി ദു:ഖം പങ്കുവയ്ക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നു.

ഒരു കാലത്ത് മരണം സമൂഹത്തെ നിശ്ശബ്ദരാക്കിയിരുന്നു. മരണവീടുകൾ അനുശോചനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഇടങ്ങളായിരുന്നു. ഇന്ന് വിലാപയാത്രകളിലും സംസ്കാരച്ചടങ്ങുകളിലും പോലും ചിലർ സ്വന്തം സാന്നിധ്യം രേഖപ്പെടുത്താനുള്ള മത്സരത്തിലാണ്. അതിനുള്ള ഉപകരണമായിരിക്കുന്നു മൊബൈൽ ഫോൺ.

മനുഷ്യന്റെ കൈയിലെ ഏറ്റവും ശക്തമായ ഉപകരണങ്ങളിലൊന്നാണതെങ്കിലും അതിന്റെ ഉപയോഗത്തിന് അതിരുകൾ വേണമെന്ന കാര്യം ഓർമ്മിക്കപ്പെടുന്നില്ല. ക്യാമറ ഓൺ ചെയ്യുന്നതിന് മുമ്പ് 'കരുണ' ഓൺ ചെയ്യാൻ കഴിയണം. വൈറലാകുന്നതിനെക്കാൾ വിലപ്പെട്ടതാണ് മറ്റൊരാളുടെ അന്തസ്സും സ്വകാര്യതയും എന്ന ബോധം സമൂഹം വീണ്ടെടുക്കേണ്ട സമയമാണിത്. ലളിതമായ ആ സത്യം മറക്കുന്ന സമൂഹം സങ്കേതികമായി പുരോഗമിച്ചേക്കാം; പക്ഷേ മാനവികമായി പിന്നോട്ടാണ് പോകുന്നത്.

സാമൂഹികമാധ്യമങ്ങളാണ് ഈ പ്രവണതയെ കൂടുതൽ അപകടകരമാക്കിയത്. ഒരോ മനുഷ്യനും ഇപ്പോൾ ഒരു മാധ്യമപ്രവർത്തകനാകാൻ ശ്രമിക്കുകയാണ്. എന്നാൽ, മാധ്യമപ്രവർത്തനത്തിന്റെ ഉത്തരവാദിത്വമോ ധാർമികബോധമോ ഇല്ലാതെയാണ് പലപ്പോഴും ആ ശ്രമം. കാഴ്ചക്കാരെ നേടണം, വൈറലാകണം, ലൈക്കുകളും ഷെയറുകളും വർധിക്കണം എന്ന ലക്ഷ്യമാണ് പലരെയും നയിക്കുന്നത്. മറ്റൊരാളുടെ ദുഃഖം സ്വന്തം ഡിജിറ്റൽ പ്രശസ്തിക്കുള്ള അസംസ്കൃത വസ്തുവായി മാറുന്നു. മനുഷ്യന്റെ മരണം പോലും ചിലരുടെ കണ്ണിൽ ഒരു 'കണ്ടന്റ്' മാത്രമായി ചുരുങ്ങുന്നു.

മറ്റൊരാളുടെ സ്വകാര്യതയിലേക്കും ജീവിതത്തിലേക്കും മൊബൈൽ ക്യാമറകൾ അതിക്രമിച്ചുകയറുന്ന പ്രവണതയ്ക്കെതിരേ കേരള പോലീസ് നൽകിയ മുന്നറിയിപ്പ് നമ്മുടെ സമൂഹം ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. അനുമതിയില്ലാതെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തുന്നതും പ്രചരിപ്പിക്കുന്നതും മൂന്ന് വർഷം വരെ തടവും രണ്ട് ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണെന്ന് പോലീസ് ഓർമിപ്പിക്കേണ്ടിവന്നതുതന്നെ പ്രശ്നത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.

സങ്കേതികവിദ്യ മനുഷ്യരുടെ കൈകളിൽ കൂടുതൽ ശക്തിയാർജിക്കുമ്പോൾ അതിനൊപ്പം വളരേണ്ടിയിരുന്ന ഉത്തരവാദിത്വബോധം പലപ്പോഴും പിന്നിലാകുന്നതിന്റെ തെളിവാണിത്. മറ്റൊരാളുടെ സ്വകാര്യ നിമിഷങ്ങൾ പോലും സ്വന്തം കൗതുകത്തിന്റെയോ സാമൂഹികമാധ്യമ പ്രശസ്തിയുടെയോ ഉപാധിയായി കാണുന്ന അപകടകരമായ സംസ്കാരം സമൂഹത്തിൽ വളർന്നുവരുന്നുവെന്ന മുന്നറിയിപ്പു കൂടിയാണ് പോലീസിന്റെ ഇടപെടൽ.

നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്ന അപകടകരമായ ഒരു സംസ്കാരത്തിന്റെ ലക്ഷണമാണിതെല്ലാം. അപകടസ്ഥലങ്ങളിൽ പരുക്കേറ്റവരെ സഹായിക്കുന്നതിനു പകരം അവരുടെ ദൃശ്യങ്ങൾ പകർത്തുന്നവർ, റോഡപകടത്തിൽ രക്തം വാർന്നു കിടക്കുന്ന മനുഷ്യന്റെ അടുത്തേക്ക് ഓടിയെത്തുന്നത് രക്ഷിക്കാനല്ല മറിച്ച് വീഡിയോ എടുക്കാനാണ് എന്ന അവസ്ഥ, ദുരന്തമുഖങ്ങളിൽ ദുരിതമനുഭവിക്കുന്നവരുടെ മുഖത്തേക്ക് ക്യാമറ തള്ളിക്കയറ്റുന്ന രീതി... ഒരേ മനോഭാവത്തിന്റെ പ്രകടനങ്ങളാണിവ.

പ്രശസ്തരുടെയും പൊതുപ്രവർത്തകരുടെയും കലാകാരന്മാരുടെയും കാര്യത്തിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാണ്. പൊതുജീവിതത്തിൽ ഉണ്ടായിരുന്ന ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തോടുള്ള ആദരവ് അർപ്പിക്കാൻ ജനങ്ങൾ എത്തുന്നത് സ്വാഭാവികമാണ്. എന്നാൽ, അതുകൊണ്ട് ആ കുടുംബത്തിന്റെ സ്വകാര്യത ഇല്ലാതാകുന്നില്ല.

ഒരു സെലിബ്രിറ്റിയുടെ മരണവും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖവും പൊതുസ്വത്തല്ല. അവരുടെ കണ്ണീരും അവരുടെ വേദനയും ചിത്രീകരിക്കാനുള്ള അവകാശം ആർക്കും ലഭിക്കുന്നില്ല. ജനപ്രിയത ഒരാളുടെ സ്വകാര്യതയെ റദ്ദാക്കുന്നില്ല എന്ന അടിസ്ഥാന സത്യം സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

കേരള പോലീസ് ഇപ്പോൾ നൽകിയ മുന്നറിയിപ്പ് അതുകൊണ്ടുതന്നെ സമയോചിതമാണ്. സ്വകാര്യ ദൃശ്യങ്ങൾ അനുമതിയില്ലാതെ പകർത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് നിയമനടപടികൾക്ക് കാരണമാകുമെന്ന ഓർമപ്പെടുത്തൽ സ്വാഗതാർഹമാണ്. എന്നാൽ, നിയമം മാത്രം മതിയാകില്ല. ഇത് അടിസ്ഥാനപരമായി സംസ്കാരത്തിന്റെ പ്രശ്നമാണ്. ഒരോ പൗരനും സ്വയം ചോദിക്കേണ്ട ചോദ്യമുണ്ട്: നമ്മുടെ കുടുംബത്തിലെ ഒരാളുടെ മരണസമയത്ത് അപരിചിതർ ക്യാമറയുമായി കടന്നുവന്നാൽ നാം അത് അംഗീകരിക്കണോ?

## അശ്ലീലം; അല്ലാതെന്ത്?

സെലിബ്രിറ്റികളോ സാധാരണക്കാരോ ആയിക്കോട്ടേ, അവരുടെ സ്വകാര്യ നിമിഷങ്ങളിലേക്ക് ഇടിച്ചുകയറി റീൽസ് എടുത്ത് സമൂഹ മാദ്ധ്യമങ്ങളിൽ വിളമ്പുന്നത് സംസ്കാര സമ്പന്നതയല്ല, വെറുമൊരു അശ്ലീല പ്രവൃത്തിയാണ്. ലൈക്കും ഷെയറും കിട്ടാനുള്ള ഈ കാട്ടിക്കൂട്ടലുകൾ സാമൂഹിക ജീവിതത്തെതന്നെ അലങ്കോലമാക്കുന്നു. നടൻ ശ്രീനിവാസന്റെയും ഏറ്റവുമൊടുവിൽ സലിംകുമാറിന്റെയും മരണാനന്തര ചടങ്ങുകളിൽ ഇത് നാം കണ്ടതാണ്.

സലിംകുമാറിന്റെ മകൻ ചന്തു പ്രകടിപ്പിച്ച കോപം സമൂഹ മന:സാക്ഷിയെ ഉണർത്തുന്നതാണ്. ഇതിനു പിന്നാലെ സ്വകാര്യതയിലേക്ക് കടന്നു കയറുന്ന റീൽസുകാരെ നിലയ്ക്കു നിറുത്താൻ പൊലീസ് ഒരുങ്ങുന്നത് തികച്ചും സ്വാഗതാർഹമെന്ന് പറയുന്നു സംവിധായകൻ സത്യൻ അന്തിക്കാട്. അദ്ദേഹത്തിന്റെ വാക്കുകൾ:

'മരിക്കുന്നതിന് മുൻപ് ശ്രീനിവാസൻ സ്വകാര്യസംഭാഷണത്തിൽ എന്നോട് ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അതിലൊന്ന് പൊതുദർശനത്തിന് വയ്ക്കാൻ പാടില്ല എന്നതായിരുന്നു. പക്ഷേ, നിരവധി ആരാധകർ കാണാൻ ആഗ്രഹിച്ചിരുന്നതു കൊണ്ട് നിവൃത്തിയില്ലാതെ കുറച്ചുനേരം പൊതുദർശനത്തിന് വയ്ക്കേണ്ടിവന്നു. മരണവീട്ടിൽ ബന്ധുക്കളാരാണ് സുഹൃത്തുക്കളാരാണ് എന്ന് തിരിച്ചറിയാൻ പറ്റാത്ത വിധത്തിൽ മൊബൈൽ ഫോൺ കൊണ്ടുള്ള അറ്റാക്കാണ് യുട്യൂബേഴ്സ് നടത്തുന്നത്. വൈകാരികത നിറഞ്ഞ ആ സമയത്ത് നമുക്ക് പ്രതികരിക്കാൻ കഴിയാത്ത നിലയിലാകും.

ശ്രീനിവാസന്റെ മൃതശരീരം ചിതയിലേക്ക് എടുക്കുന്ന സമയത്ത് എന്റെയും ധ്യാൻ ശ്രീനിവാസന്റെയും തൊട്ടടുത്തു നിന്ന് ഞങ്ങളെ ആശ്വസിപ്പിക്കാനെന്ന മട്ടിൽ ഒരാൾ കെട്ടിപ്പിടിച്ചു. എന്നിട്ട് ദൂരെയുള്ള ഒരളോട് ഫോട്ടോ എടുത്തുകൊള്ളാൻ ആംഗ്യം കാണിച്ചു. ഇത്തരം സാഹചര്യത്തിൽ അവരെ തള്ളിമാറ്റാൻ കഴിയുന്ന മാനസികാവസ്ഥയിലല്ലല്ലോ നമ്മൾ. അത്രമാത്രം നിസഹായാവസ്ഥയിലായിപ്പോകും.

സലിംകുമാറിന്റെ വീട്ടിലുണ്ടായ ഓൺലൈൻ മാദ്ധ്യമങ്ങളുടെ ഇടപെടലിന്റെയും കൂടി പശ്ചാത്തലത്തിൽ ഇത്തരം യുട്യൂബേഴ്സിനെതിരെയുള്ള നിയമനടപടികൾ വളരെ അനിവാര്യമായിരിക്കുകയാണ്. ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത തരത്തിലാണ് ഇവരുടെ ഇടപെടൽ.

അനുവാദമില്ലാതെ ഒരു മനുഷ്യനും ഇത്തരം സ്ഥലങ്ങളിലേക്ക് വരാൻ പാടില്ല. അത് കർശനമായിപാലിക്കപ്പെടണം. മരണവീട്ടിലെ ആളുകളും അതിന് ജാഗ്രത പാലിക്കണം. എന്റെ അറിവിൽ, കോടിയേരി ബാലകൃഷ്ണൻ മരിച്ചപ്പോൾ ഇത്തരം സംഭവങ്ങളില്ലാതെ അത് സഖാക്കൾ തന്നെ നിയന്ത്രിച്ചു. അങ്ങനെ ചെയ്യാൻ പറ്റും. പേടിയുണ്ടായാൽ മതി. നടപടിയെടുക്കുമെന്നത് പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങാതെ പൊലീസ് ഇതൊരു ദൗത്യമായി ഏറ്റെടുക്കണം.

വി.ഡി.സതീശനും രമേശ് ചെന്നിത്തലയും സർക്കാരിന്റെ തലപ്പത്തുള്ളതിനാൽ പ്രതീക്ഷയുണ്ട്. അവർക്ക് ഇതുചെയ്യാനാകും. ഇനിയെങ്കിലും ഒരു സെലിബ്രിറ്റിയുടെ മുന്നിലേക്ക് മൊബൈൽഫോൺ കൊണ്ടുള്ള യുട്യൂബേഴ്സിന്റെ വരവ് ഇല്ലാതാക്കണം.'

കോൺഗ്രസിൽ നിന്ന് പുറത്താകാൻ വഴിയൊരുക്കി രാഹുൽ മാങ്കൂട്ടത്തിനെതിരെ ആദ്യം ആരോപണമുന്നയിച്ച നടിയും മോഡലുമായ റിനി ആൻ ജോർജ് ഇതേ വിഷയത്തിൽ സമൂഹമാദ്ധ്യമങ്ങളിലുയർന്ന വിമർശനങ്ങളിൽ പ്രതികരണവുമായെത്തി.

'വളരെ ചെറിയ, ആർക്കും ഉപദ്രവകരം അല്ലാത്ത കാര്യങ്ങൾ പോലും ചിലർക്ക് വലിയ പ്രശ്ന'മാണെന്ന് റിനി ഫേസ്ബുക്കിൽ കുറിച്ചു. നടൻ സലിം കുമാറിന്റെ മരണാനന്തര ചടങ്ങുകൾക്കെത്തിയ റിനി പലരെയും നോക്കി ചിരിക്കുന്ന വീഡിയോ സമൂഹമാദ്ധ്യമങ്ങളിൽ വൈറലായിരുന്നു. അത്തരമൊരു ചടങ്ങിൽവച്ച് ചിരിച്ച റിനിക്കെതിരെ രൂക്ഷവിമർശനമാണ് ഉയർന്നത്. ഇതിന് പിന്നാലെയാണ് പ്രതികരണവുമായി റിനി രംഗത്തെത്തിയത്.

ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണരൂപം: 'ഞാൻ വളരെ ചെറുപ്പം മുതൽ ശ്രദ്ധിച്ചിരിക്കുന്ന ഒരു കാര്യമാണ്...വളരെ ചെറിയ, ആർക്കും ഉപദ്രവകരം അല്ലാത്ത കാര്യങ്ങൾ പോലും ചിലർക്ക് വലിയ പ്രശ്നം ആണ്...മഹാ അപരാധം ആണ്...

ഉദാഹരണത്തിന് കാലിന്മേൽ കാൽ കയറ്റി വെച്ച് ഇരിക്കുക, ഇഷ്ടപ്പെട്ട ഒരു വസ്ത്രം ധരിക്കുക, മരണസ്ഥലത്തു പരിചയം ഉള്ള ആളുകളെ കണ്ടാൽ ഒന്ന് ചിരിക്കുക തുടങ്ങിയവ... എന്നാൽ ആരെങ്കിലും റേപ്പ് ചെയ്താലും കൊന്നാലും അതൊക്കെ മറച്ചു വച്ച് നന്നായി അഭിനയിച്ചാൽ, ഡബിൾ ഓക്കെ... കൂടെ നിന്ന് സെൽഫി എടുക്കൽ, റീൽസ് എടുക്കൽ അങ്ങനെ പലതും കാണാം...നാടകമേ ഉലകം.'




# ‘വീണ’ത് വിദ്യയാക്കുമോ സി.പി.എം?

അധികാര നഷ്ടത്തിന്റെ 30 ദിനങ്ങൾ പിന്നിട്ടപ്പോൾ സി.പി.എം നേതൃത്വം കണ്ടെത്തിയ തോൽവിയുടെ കാരണങ്ങൾ ആർക്കും തീർത്തും അപ്രതീക്ഷിതമായിരുന്നില്ല. ഗോവിന്ദൻമാഷ് ഇങ്ങനെയൊക്കെത്തന്നെ പറയുമെന്ന് ഏറെക്കുറെ ഉറപ്പായിരുന്നു. കാരണം, താത്വികമായ ഒരു അവലോകനം പാർട്ടി നടത്തുമ്പോൾ അതിന് വടിവൊത്ത ചില ചിട്ടവട്ടങ്ങൾ നിർബന്ധമാണ്.




2026 ലെ നിയമസഭാ തെരഞ്ഞെടുപ്പ് തോൽവിക്കു ശേഷം അണികൾക്ക് മുന്നിൽ എല്ലാ പ്രതിരോധങ്ങളും തകർന്ന് ക്ഷീണിതനായി തറവാട്ടിലേക്ക് തിരിച്ചുവരുന്ന ഒരു പഴയ കാരണവർ വേഷമാണ് മാഷിൽ പലരും പ്രതീക്ഷിച്ചത്. പഴയ പി.ടി മാസ്റ്ററായ എം.വി.ഗോവിന്ദനിൽ നിന്ന് അത് പ്രതീക്ഷിച്ചവർക്ക് തെറ്റി. മാഷിന്റെ അർത്ഥാന്തരങ്ങളുള്ള ചിരിക്ക് ഇപ്പോഴും ഒരു മാറ്റവുമില്ല. കാഴ്ചപ്പാടിലും മാറ്റമില്ല. പത്രക്കാർക്ക് മുന്നിൽ കോപിഷ്ഠനാവരുത് എന്ന് പ്രതിജ്ഞ ചെയ്തത് പോലെയായിരുന്നു ഗോവിന്ദൻ മാഷിന്റെ ഒരു മണിക്കൂർ നീണ്ട വാർത്താസമ്മേളന വേള.

## പെയ്തുതീരാതെ

മഴ തോർന്നാലും മരം പെയ്തുകൊണ്ടിരിക്കും എന്നതുപോലെയാണ് സി.പി.എമ്മിൽ ഇപ്പോൾ തുടരുന്ന തെരഞ്ഞെടുപ്പ് അവലോകന ചർച്ചകൾ. കീഴ്ഘടകങ്ങൾക്ക് അഭിപ്രായം സ്വരൂപിക്കാൻ പാർട്ടി നേതൃത്വം നൽകിയിരുന്ന സമയം തീരും മുൻപ് സംസ്ഥാന സെക്രട്ടറിയേറ്റ് ചേർന്ന് ഭാവി പരിപാടികൾ പ്രഖ്യാപിച്ചത് അണികളിൽ അമ്പരപ്പ് ഉളവാക്കി. താഴെത്തട്ടിൽ ചർച്ചകൾ തുടരുമ്പോൾ തന്നെ തെറ്റ് തിരുത്തൽ പ്രഖ്യാപനവുമായി സംസ്ഥാന നേതൃത്വം യോഗം ചേർന്ന് വിവരങ്ങൾ മാധ്യമങ്ങളോട് പങ്കുവെച്ചു.

തോൽവിയുടെ കാരണങ്ങളായി പറഞ്ഞ കാര്യങ്ങൾ കേവലം വെള്ളാപ്പള്ളി നടേശനുമായുള്ള കൂട്ടുകെട്ടിലും സ്ഥാനാർത്ഥി നിർണയത്തിലും ഒതുക്കി മുന്നോട്ടു പോകാൻ സി.പി.എം ശ്രമിക്കുമ്പോഴും അതൊന്നും ആരും മുഖവിലയ്ക്കെടുത്തിട്ടില്ല. ശബരിമല സ്വർണ്ണക്കൊള്ളയിൽ പത്മകുമാറിനെ തള്ളിപ്പറഞ്ഞില്ല എന്ന് ലോകം മുഴുവൻ വിശ്വസിക്കുമ്പോഴും, തള്ളിപ്പറഞ്ഞത് ജനങ്ങൾക്ക് ബോധ്യപ്പെട്ടില്ല എന്നാണ് പാർട്ടിയുടെ നിരീക്ഷണം. വെള്ളാപ്പള്ളിയെ തരാതരം ആശ്ലേഷിച്ചത് മറന്നുകൊണ്ടാണ് മുസ്ലിം വിരുദ്ധ പരാമർശത്തെ എതിർത്തുവെന്ന് പാർട്ടി സെക്രട്ടറി പറയുന്നത്.

തെരഞ്ഞെടുപ്പ് കാലത്ത് പുറത്തിറക്കിയ മറ്റൊരു ക്യാപ്സൂൾ ആയിരുന്നു കോൺഗ്രസ്-ബി.ജെ.പി ഡീൽ എന്നത്. തോൽക്കുമ്പോൾ പറയാൻ ഒരു കാര്യം മാത്രം. അതും വലിയ കണ്ടെത്തലായി സി.പി.എം നേതൃയോഗം അവതരിപ്പിക്കുമ്പോൾ രാഷ്ട്രീയ വിദ്യാർത്ഥികൾ പോലും ചിരിക്കുകയാണ്.

പാർട്ടിയിലെ നേതാക്കളുടെ പാർലമെന്ററി വ്യാമോഹവും സംഘടനാ വീഴ്ചകളും പരിശോധിക്കാൻ പ്ലീനം ചേരുമെന്ന് കരുതിയിരുന്നെങ്കിലും അത് വേണ്ടെന്ന് വയ്ക്കുകയാണ് ചെയ്തത്. മുൻപ് വിഭാഗീയത രൂക്ഷമായിരുന്ന കാലത്ത് പാലക്കാട് പ്ലീനം വിളിച്ചുചേർത്തിരുന്നു.

അതിനുശേഷം അത്തരമൊന്ന് സി.പി.എമ്മിൽ ഉണ്ടായിട്ടില്ല. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ നടത്തേണ്ടിയിരുന്ന പ്ലീനം ഒഴിവാക്കാനാണ് തീരുമാനിച്ചത്. അത്തരം ഒരു പ്ലീനം നടന്നാൽ ഏരിയ തലത്തിൽ വരെയുള്ള നേതാക്കൾ അതിൽ പങ്കെടുക്കുകയും അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാവും. 19 മാസം കഴിഞ്ഞ് ആരംഭിക്കുന്ന പാർട്ടി സമ്മേളനങ്ങൾക്ക് മുൻപ് അത്തരം ഒരു വിമർശനവും തുറന്നു പറച്ചിലും നടന്നാൽ ഇപ്പോഴത്തെ സംസ്ഥാന സെക്രട്ടറിയേറ്റ് നേതാക്കൾക്ക് വലിയ ക്ഷീണം സംഭവിക്കും, അത് ഒഴിവാക്കാനാണ് പാർട്ടി ശ്രമിച്ചത്. ചുരുക്കത്തിൽ നേതൃത്വത്തിന് യാതൊരു പരിക്കും ഏൽക്കാത്ത വിധം അടുത്ത പാർട്ടി സമ്മേളനങ്ങളിലേക്ക് ഇതേ സെറ്റപ്പിൽ കടന്നുപോവുക. അണികളുടെയും അനുഭാവികളുടെയും അമർഷവും രോഷവും അപ്പോഴേക്കും എരിഞ്ഞടങ്ങും.

അല്ലെങ്കിൽ തന്നെ അണികളെ വേണ്ടവിധം പരിഗണിച്ചിരുന്നെങ്കിൽ ഇത്ര വലിയ തോൽവി ഉണ്ടാവുമായിരുന്നില്ല. പ്രധാന ഘടകകക്ഷി പോലും മുന്നണി സ്ഥാനാർഥികളെ വേണ്ടത്ര പിന്തുണച്ചില്ല എന്ന് വിമർശനം ഉയരുന്നുണ്ട്. നിലവിലെ നേതൃത്വം മാറട്ടെ എന്ന് ചിന്തിച്ച സാധാരണ സി.പി.എം പ്രവർത്തകരെ പാർട്ടി ഇനിയും പരിഗണിക്കുന്നില്ലഎന്നുവേണംഇപ്പോഴത്തെ നീക്കങ്ങൾ കാണുമ്പോൾ വിലയിരുത്താൻ !

നിയമസഭാ തെരഞ്ഞെടുപ്പിൽ നേരിട്ട കനത്ത തോൽവി അവലോകനം ചെയ്യാൻ കീഴ്ഘടകങ്ങൾക്ക് അനുവദിച്ച സമയം പൂർത്തിയാകും മുമ്പ് സംസ്ഥാന ഘടകം തീർപ്പ് കൽപ്പിച്ചതിൽ പാർട്ടിക്കുള്ളിൽ അമർഷം തുടരുകയാണ്. ബ്രാഞ്ച് ലോക്കൽ തലങ്ങളിൽ പരാജയ കാരണങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ അനുവദിച്ചിരുന്ന സമയം തീരും മുമ്പാണ് സംസ്ഥാന സെക്രട്ടറിയേറ്റ് ചേർന്നതും വിലയിരുത്തൽ നടത്തിയതും. നിശ്ചിത സമയത്തിനും നാല് ദിവസം മുൻപേ ‘അവലോകനങ്ങൾ’ വിലയിരുത്തിയ പാർട്ടി, ഭാവി നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തു.

## തിരിച്ചറിവുകൾ

വൈകി ഉദിച്ച തിരിച്ചറിവുകൾ എന്ന് പറയുന്നത് സി.പി.എമ്മിന്റെ കാര്യത്തിൽ തെറ്റാണ്. തിരിച്ചറിവിനെ തിരിച്ചറിയാത്തതുകൊണ്ടല്ല, തൽക്കാലം ഇങ്ങനെ മതി എന്ന് ഇപ്പോഴത്തെ പാർട്ടി നേതൃത്വം തീരുമാനിച്ച് ഉറച്ചതുകൊണ്ടാണ് തെരഞ്ഞെടുത്ത ചില അബദ്ധങ്ങളെങ്കിലും ആർക്കോവേണ്ടി തുറന്നു സമ്മതിക്കാൻ നേതൃത്വം ഒരുങ്ങിയത്.

പ്രതിപക്ഷ ഉപനേതാവ് പദവി നൽകിയില്ലെങ്കിൽ വല്യേട്ടനോട് പിണങ്ങി സി.പി.ഐ പോകും എന്ന ഭയം പാർട്ടിക്ക് ഇല്ല. പോകുന്നെങ്കിൽ പോകട്ടെ എന്ന് മനസ്സിൽ കരുതുന്ന നേതാക്കളും ഉണ്ട്. സംഘടനാ ദൗർബല്യം കൊണ്ട് വീർപ്പുമുട്ടുകയാണ് സി.പി.ഐ എന്ന പ്രസ്ഥാനം. ബിനോയ് വിശ്വം എന്ന സെക്രട്ടറിക്ക് ന്യായീകരിക്കാൻ കഴിയാത്ത വിധം കാര്യങ്ങൾ കൈവിട്ടു പോയി. ഈ ഘട്ടത്തിലാണ് മുന്നണിയിലെ വലിയ കക്ഷിയുമായി സ്വരച്ചേർച്ചയില്ലാത്ത സാഹചര്യം ഉടലെടുത്തത്. ചുരുക്കത്തിൽ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ശേഷിപ്പുകൾ എത്തിച്ചേർന്നിരിക്കുന്ന ദുരിത ഘട്ടം ഇടതുപക്ഷത്തെ സ്നേഹിക്കുന്നവർക്ക് സഹിക്കാവുന്നതിനും അപ്പുറമാണ്.

സി.പി.എം ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ നൈതിക പ്രശ്നം മാസപ്പടി കേസിൽ പിണറായി വിജയന്റെ മകൾ വീണയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്യുമോ എന്നതാണ്.

ഇഡി നീക്കം പിണറായിക്കെതിരെ എന്ന പ്രചരണം പാർട്ടിക്ക് നല്ലതല്ല. ഇഡിസംഘത്തെ ആക്രമിച്ചത് പോലും പ്രതിരോധത്തിലാക്കിയത് പാർട്ടിയെയും പിണറായിയുമാണ്. അത്തരം നീക്കങ്ങളും പാടില്ലായിരുന്നു എന്ന് കരുതുന്ന നേതാക്കൾ സി.പി.എമ്മിൽ ഉണ്ട് .അതിനാൽ വീണയെ അറസ്റ്റ് ചെയ്താൽ പോലും അതിന്റെ പേരിൽ ഒരു പ്രക്ഷോഭം വേണ്ട എന്ന നിലപാടിലാണ് ഗോവിന്ദനും സംഘവും.

അതിനെ നമുക്ക് നേരത്തെ ഉദിച്ച ബുദ്ധി എന്ന് വേണമെങ്കിൽ വിളിക്കാവുന്നതാണ്.

*പ്രിജിത്ത് രാജ്*






## അധ്യായം 36

# അവിചാരിതമായ കൂടിക്കാഴ്ച

നേര്യമംഗലത്ത് ഇപ്പോൾ പെയ്യുന്ന മഴയ്ക്ക് എന്തോ ഒരു പ്രത്യേകത അവന് തോന്നി. വെറുതെ പെയ്യുകയല്ല... ഓർമ്മകളെ നനയ്ക്കുന്നു. മുറിവുകളെ ഉണർത്തുന്നു. ചിലപ്പോൾ വർഷങ്ങളായി മനസ്സിൽ ഒളിപ്പിച്ചുവെച്ച സ്നേഹത്തെപ്പോലും തിരികെ വിളിച്ചുണർത്തുകയാണെന്ന് അവന് തോന്നി.

"ഇതാണ് ഞങ്ങളുടെ റീഡിംഗ് റൂം.."

മുളകൊണ്ടുണ്ടാക്കിയ കെട്ടിടത്തിലേക്ക് വിരൽ ചൂണ്ടി ബിനോയി പറഞ്ഞു. റോബിൻസ് അവന്റെ പിന്നാലെ നടക്കുകയായിരുന്നു. ചുറ്റും കുട്ടികളുടെ ചിരികൾ. കുന്നുകളിൽ നിന്ന് വീശിയെത്തുന്ന തണുത്ത കാറ്റ്. ജീവിതം ഒരു നിമിഷത്തേക്ക് ലളിതമായിരുന്നു. അപ്പോഴാണ് അകലെയൊരു ജീപ്പിന്റെ ശബ്ദം കേട്ടത്. ബിനോയി സംസാരം നിർത്തി. മുഖത്ത് അറിയാതെ ഒരു പുഞ്ചിരി തെളിഞ്ഞു.

ടോമിച്ചനും മോളിയും ഒരേസമയം ആ ഭാഗത്തേക്ക് തിരിഞ്ഞനോക്കി. സ്കൂളിന്റെ ഗേറ്റിലൂടെ ആ ജീപ്പ് അകത്തേക്ക് കയറി. മഴത്തുള്ളികൾ വിൻഡ്ഷീൽഡിലൂടെ ഒഴുകി. ജീപ്പ് പതുക്കെ മുന്നോട്ട് വന്നു.

പിന്നെ "പുനർജനി" എന്ന ബോർഡിന്റെ സമീപത്ത് നിന്നു. റോബിൻസ് വെറുതെ നോക്കി. അവനറിയില്ലായിരുന്നു എന്തിനാണ് എല്ലാവരുടെയും മുഖം പെട്ടെന്ന് പ്രകാശിച്ചതെന്ന്.

ഡ്രൈവർ സ്റ്റിൽ നിന്നും ഒരു യുവതി പുറത്തേക്ക് ഇറങ്ങി. കൈയിൽ കറുത്ത കുട. ഇരുണ്ട നീല ജീൻസ്. വെളുത്ത ഷർട്ട്. തോളിന് താഴേവരെ വീണു ചുരുണ്ട മുടി. റോബിൻസിന്റെ ഹൃദയം ഒരു നിമിഷം മിടിപ്പ് മറന്നു. മഴ പെയ്യുന്നുണ്ടായിരുന്നു. പക്ഷേ ആ ചുറ്റുവട്ടമാകെ നിശ്ചലമായതുപോലെ.

ആ മുഖം... ആ കണ്ണുകൾ... പുഞ്ചിരി... കാലം അവളെ മാറ്റിയിരുന്നു. പക്ഷേ അവന്റെ ഓർമ്മയിലെ ബീനയെ മായ്ച്ചുകളഞ്ഞിരുന്നില്ല. ബീന ആദ്യം കണ്ടത് തന്റെ അച്ഛനെയും അമ്മയെയുമായിരുന്നു. അവളുടെ കണ്ണുകൾ പെട്ടെന്ന് വിടർന്നു.

"അപ്പേ...?" ടോമിച്ചന്റെ ചുണ്ടുകൾ വിറച്ചു.

"മോളേ..."

അടുത്ത നിമിഷം ബീന കുട പോലും മറന്ന് ഓടി. മഴ അവളുടെ മേൽ ചിതറിവീണു. "അമ്മേ!"

മോളിയും അവളുടെ നേരെ ഓടി. അവർ തമ്മിൽ കെട്ടിപ്പിടിച്ചു. വർഷങ്ങളുടെ അകലം ഒരു നിമിഷത്തിൽ ഉരുകിപ്പോയി.

"എന്റെ കുഞ്ഞേ..." മോളിയുടെ ശബ്ദം കരച്ചിലിൽ മുങ്ങി.

"എത്ര നാളായി... നീ വന്ന വിവരം ആരും പറഞ്ഞതുമില്ല.!"

ബീനയ്ക്ക് സംസാരിക്കാനായില്ല. അവൾ അമ്മയുടെ തോളിൽ മുഖം ചേർത്ത് കരഞ്ഞു. ഒരു ചെറിയ പെൺകുട്ടിയെപ്പോലെ. ടോമിച്ചൻ അടുത്തുവന്നു. സാധാരണ വികാരങ്ങൾ പ്രകടിപ്പിക്കാത്ത മനുഷ്യൻ. പക്ഷേ ഇപ്പോൾ അയാളുടെ കണ്ണുകളും നിറഞ്ഞിരുന്നു.

"സുഖമാണോ മോളേ?" ബീന അപ്പന്റെ കൈകളിൽ പിടിച്ചു.

"നന്നായിരിക്കുന്നു അപ്പേ.." പക്ഷേ അവളുടെ ശബ്ദം പറഞ്ഞത് മറ്റൊന്നായിരുന്നു.

വർഷങ്ങളായി അവൾക്കും ഈ നിമിഷം നഷ്ടമായിരുന്നു. റോബിൻസ് കുറച്ചകലെ നിന്നു. അവനത് വിശ്വസിക്കാനാകുന്നില്ല. അനങ്ങാതെ. സംസാരിക്കാതെ. അവൻ കാണുകയായിരുന്നു. ഒരു കുടുംബം വീണ്ടും ഒന്നാകുന്നത്. അവന്റെ മനസ്സിൽ സന്തോഷവും വേദനയും ഒരുമിച്ച് ഉയർന്നു. കാരണം അവൻ ഇതിന്റെ ഭാഗമായിരുന്നില്ല.

അമ്മയുടെ തോളിൽ നിന്ന് മുഖം ഉയർത്തിയ ബീനയുടെ കണ്ണുകൾ റോബിൻസിന്റെ മേൽ പതിഞ്ഞു. ഒരു നിമിഷം. അവളുടെ മുഖത്തെ പുഞ്ചിരി അപ്രത്യക്ഷമായി. ആകെയോരു അമ്പരപ്പ്..!

അവൾ അനങ്ങാതെ നിന്നു. അവളുടെ ചുണ്ടുകൾ പതുക്കെ ചലിച്ചു. അവൾക്ക് വിശ്വസിക്കാനായില്ല.


### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. 0അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചു കയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി പഴയ സുഹൃത്തുക്കളെ കാണുന്നു. തുടർന്നു വായിക്കുക

"റോബിൻസ്...!"

വർഷങ്ങൾക്കു മുമ്പ് യാത്രപോലും പറയാതെ അപ്രത്യക്ഷമായ മനുഷ്യൻ. പല രാത്രികളിലും സ്വപ്നത്തിൽ വന്ന മുഖം. അവൻ അവിടെ നിൽക്കുകയായിരുന്നു. മഴയുടെ നടുവിൽ. യാഥാർത്ഥ്യമായി. റോബിൻസിനും ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല.




ഒട്ടേറെ അപകടമേഖലകളിൽ പോയിയ റിപ്പോർട്ട് ചെയ്തിട്ടുള്ളവൻ. ലോകനേതാക്കളോട് ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളവൻ.

പക്ഷേ ഇപ്പോൾ... ഒരു വാക്കുപോലും പുറത്തുവന്നില്ല.

ബീന യാന്ത്രീകമായി മെല്ലെ അവന്റെ അടുത്തേക്ക് നടന്നു. മഴ അവരുടെ ഇടയിലൂടെ വീണു. ഓരോ ചുവടും വർഷങ്ങളുടെ അകലത്തെ കുറച്ചുകൊണ്ടിരുന്നു. അവസാനം അവർ നേർക്കുനേർ നിന്നു.

"റോബിൻസ് ?" ബീനയുടെ ശബ്ദം വിറച്ചു.

റോബിൻസ് ചെറുതായി പുഞ്ചിരിച്ചു.

"ഞാൻ തന്നെയാണ്." ബീനയുടെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു.

"നീ ജീവനോടെയുണ്ടെന്ന് പോലും എനിക്കറിയില്ലായിരുന്നു..."

ആ വാക്കുകൾ റോബിൻസിന്റെ ഹൃദയത്തിൽ കുത്തിയിറങ്ങി.

"ക്ഷമിക്കണം." അതായിരുന്നു അവന് പറയാനായത്.

പന്ത്രണ്ട് വർഷത്തെ നിശബ്ദതയ്ക്ക് ശേഷം. ബീന അവനെ നോക്കി. നേരെ കണ്ണുകളിലേക്ക്.

"ഞാൻ നിന്നെ വെറുക്കാൻ ശ്രമിച്ചു മറക്കാനും. രണ്ടും നടന്നില്ല." റോബിൻസ് തലകുനിച്ചു.

"അറിയാം."

"പിന്നെ..." അവൾ കണ്ണീർ തുടച്ചു.

"...ഒരിക്കലും ഒരിക്കലും മറക്കാൻ കഴിയുന്നില്ലായിരുന്നു." ചുറ്റും മഴയുടെ ശബ്ദം മാത്രം. ആരും ഒന്നും പറഞ്ഞില്ല.

ബിനോയി ദൂരെയെവിടയോ നോക്കി. ടോമിച്ചനും മോളിയും പരസ്പരം നോക്കി. ജീവിതത്തിൽ ചില നിമിഷങ്ങൾ! ആ നിമിഷങ്ങൾ സ്വയം ജീവിക്കട്ടെ. കണ്ണുനിറഞ്ഞുവന്നെങ്കിലും ബീന പെട്ടെന്ന് ചിരിച്ചു. കണ്ണീരിനിടയിലൂടെ.

"നിനക്ക് വയസ്സായല്ലോ." റോബിൻസും ചിരിച്ചു.

"നിനക്കും."

"കള്ളം."

"ഡോക്ടർമാർക്ക് വയസ്സാകില്ലേ..?" ആദ്യമായി അവൾ പൊട്ടിച്ചിരിച്ചു.

ആ ചിരി കേട്ടപ്പോൾ റോബിൻസിന് തോന്നി...

താൻ ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലാത്ത എന്തോ ഒന്ന് തിരികെ ലഭിച്ചതുപോലെ. മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു. പക്ഷേ അവന്റെ ഉള്ളിൽ വർഷങ്ങളായി പെയ്തുകൊണ്ടിരുന്ന ഏകാന്തതയുടെ മഴയ്ക്ക് ശമനം വന്നിരുന്നു.

"അയ്യോ... നിങ്ങൾ മഴയത്തുതന്നെ നിൽക്കുകയാണോ?"

പിന്നിൽ നിന്നും ഒരു സ്ത്രീശബ്ദം ഉയർന്നു. എല്ലാവരും തിരിഞ്ഞുനോക്കി. വലിയ കുട ചൂടി ഒരു യുവതി വരുന്നു. മുഖത്ത് തെളിഞ്ഞ പുഞ്ചിരി. അരികിൽ രണ്ട് കുട്ടികളും.

"ഇതാണ് എന്റെ ഭാര്യ ഷേർളി." ബിനോയി പരിചയപ്പെടുത്തി.

"ഇവരാണ് ഈ വീട്ടിലെ യഥാർത്ഥ പ്രിൻസിപ്പൽ."

"അതെ ഞാനിനി വടിയെടുക്കണോ എല്ലാവരും വീട്ടിൽ കയറാൻ..?"

ഷേർളി കുസൃതിയോടെ ചോദിച്ചു. ഷേർളിയുടെ പിന്നിൽ രണ്ട് കുട്ടികൾ. അവർ കൗതുകത്തോടെ റോബിൻസിനെ നോക്കി.

"അച്ചാ... ഇതാരാ?"

മൂത്തവൻ ചോദിച്ചു:

"ഇത് അച്ചന്റെ ഏറ്റവും അടുത്ത കൂട്ടുകാരനാണ്." ബിനോയി പറഞ്ഞു.

"റോബിൻസ് അങ്കിൾ."

"അമേരിക്കയിൽ നിന്നാണോ വന്നത്?"

മറ്റേ കുട്ടി ചോദിച്ചു.

"അതെ".

"സ്പൈഡർമാനെ കണ്ടിട്ടുണ്ടോ?" അത് കേട്ടതോടെ പൊട്ടിച്ചിരി ഉയർന്നു. റോബിൻസ് മുട്ടുകുത്തി കുട്ടികളുടെ അടുത്തിരുന്നു.

"സ്പൈഡർമാനെ കണ്ടിട്ടില്ലടാ മോനേ..."

"അമേരിക്കയിൽ പോയിട്ട് സ്പൈഡർമാനെ കണ്ടില്ല..?"

"അത് ശരിയാണല്ലോ..! എനിക്കിതുവരെ സ്പൈഡർ മാനെ കാണാനായില്ല."

കുട്ടികളുടെ കണ്ണുകൾ അത്ഭുതത്തോടെ വിടർന്നു. റോബിൻസ് ഉടനെ അവരുടെ ഹീറോ ആയി മാറി.

"മതി..."

ഷേർളി കൈയടിച്ചു.

"എല്ലാവരും അകത്തേക്ക് വാ. ഭക്ഷണം തയ്യാറായിട്ടുണ്ട്."

മുളയും മരവും കൊണ്ട് നിർമ്മിച്ച വലിയ ഡൈനിങ് ഹാളിലേക്ക് എല്ലാവരും നടന്നു. പുറത്ത് മഴ അപ്പോഴും നിലച്ചിട്ടില്ല. അകത്ത് ചൂടും വെളിച്ചവും. ഉച്ചഭക്ഷണം ഒരു ആഘോഷം പോലെയായിരുന്നു.

കപ്പ, മീൻ പൊള്ളിച്ചത്, കപ്പലണ്ടിച്ചമ്മന്തി, നാടൻ കോഴിക്കറി, പിടി, കള്ളപ്പം.

ബീനയും മോളിയും ഒരുമിച്ച് സംസാരിക്കുന്നു. ടോമിച്ചൻ കൊച്ചുമക്കളോടൊപ്പം കളിക്കുന്നു. ബിനോയി സ്കൂളിന്റെ കഥകൾ പറയുന്നു. ഷേർളി എല്ലാവർക്കും വിളമ്പുന്നു. റോബിൻസ് നിശബ്ദനായി ഇരുന്നു. ഒരു പുഞ്ചിരിയോടെ.

വർഷങ്ങളായി ലോകത്തിന്റെ പല കോണുകളിൽ നിന്നും അവൻ ഭക്ഷണം കഴിച്ചിട്ടുണ്ട്. ന്യൂയോർക്ക്. ലണ്ടൻ. നെയ്റോബി. പക്ഷേ...

ഈ മേശയ്ക്കരികിൽ ഇരുന്ന് ലഭിച്ച സന്തോഷം മറ്റെവിടെയും ലഭിച്ചിട്ടില്ല. വൈകുന്നേരം കുട്ടികൾ അവനെ സ്കൂൾ മുഴുവൻ കാണിച്ചു. അവിടെ താമസിച്ചു പഠിക്കുന്ന കുട്ടികളും അവരോടൊപ്പം കൂടി. അവരുടെ മരവീട്. പച്ചക്കറിത്തോട്ടം. മഴവെള്ളം ശേഖരിക്കുന്നകുളം.രാത്രിയായപ്പോൾവലിയൊരു അടുപ്പിന് ചുറ്റും എല്ലാവരും ഇരുന്നു.

വൈദ്യുതി വിളക്കുകളേക്കാൾ തീയുടെ വെളിച്ചമായിരുന്നു മനോഹരം. പഴയ കഥകൾ. ഇതിനിടെ നാലഞ്ച് പൊതിച്ച കൊട്ടതേങ്ങ (മൂപ്പേറിയ ഉണക്കത്തേങ്ങ) കൊണ്ടുവന്നു ഷേർളി. അതിന്റെ കണ്ണു തുളച്ച് അതിൽ കരിപ്പെട്ടിച്ചക്കര കുത്തിനിറച്ച് പിന്നെ അല്പം കാട്ടുതേനും ഓരോന്നിലും ഒഴിച്ചുകൊടുത്തു. പിന്നെ നാടൻ മെഴുകു വച്ച് അടച്ച് തീകൂനയിലേക്കിട്ടു.

തണുത്ത കാറ്റിൽ തീയുടെ പുക പതുക്കെ വളഞ്ഞുയർന്നു. പുറത്തെ ചിരട്ട ചൂടേറ്റ് പൊള്ളാൻ തുടങ്ങി. പുകയുടെ മണം മാറി. തേങ്ങയുടെ എണ്ണയും കരിപ്പെട്ടിച്ചക്കരയും തേനും ചേർന്ന് വായുവിൽ പടരുന്ന മണം എല്ലാവരുടെയും മൂക്കിലേക്കെത്തി.

ഷേർളി ചിരിച്ചുകൊണ്ടു പറഞ്ഞു:

"ഇത് കിട്ടിയാൽ കുട്ടികൾ ഭക്ഷണം പോലും മറക്കും." ബീന തീയുടെ വെളിച്ചത്തിലേക്ക് നോക്കിയിരുന്നു. അവളുടെ മുഖത്ത് ഓറഞ്ച് നിറമുള്ള പ്രകാശം വീണു. റോബിൻസ് അറിയാതെ അവളെത്തന്നെ നോക്കി.

ചിരട്ടയ്ക്ക് തീ പിടിച്ച് അകത്തുള്ള നീരാവി മർദ്ദം കൂട്ടിയപ്പോൾ തേങ്ങ പൊട്ടിയിരുന്നു.

"സംഗതി റെഡിയായി..!"

ബിനോയി വിജയിയെപ്പോലെ പ്രഖ്യാപിച്ചു. തീയിൽ നിന്ന് എടുത്ത തേങ്ങ കുറച്ചുനേരം തണുപ്പിച്ചു. പിന്നെ ഒരു വെട്ടുകത്തി കൊണ്ട് പൊട്ടിച്ചു. എല്ലാവർക്കും കൊടുത്തു. വെന്ത തേങ്ങയുടെ സുഗന്ധം.

കറുപ്പും സ്വർണ്ണനിറവും കലർന്ന ഒരു തിളക്കം. പഴയകാലത്തിന്റെ രുചി പോലെ. ബിനോയി വീണ്ടും ഒരു കഷണം എടുത്ത് റോബിൻസിന് നൽകി.

"സൂക്ഷിച്ച്. ഇനിയും ചെറുചൂടുണ്ട്."

റോബിൻസ് അതും വായിലിട്ടു. തേങ്ങയുടെ മൃദുവായ ചൂട്. അടുത്ത നിമിഷം കരിപ്പെട്ടിച്ചക്കരയുടെയും തേനിന്റേയും കട്ടിയുള്ള മധുരം. പിന്നെ രണ്ടും ഒന്നായി ഉരുകിപ്പോകുന്നു. ഒരു നിമിഷത്തേക്ക് അവൻ കണ്ണടച്ചു.

"എങ്ങനെയുണ്ട്?" ബീന ചോദിച്ചു. റോബിൻസ് കണ്ണുതുറന്ന് അവളെ നോക്കി.

"ഇതിനെപ്പറ്റി എഴുതാൻ ഒരു പത്രം മുഴുവൻ വേണം."

ബീന പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ ഇടയിൽ അവൾ തന്റെ കഷണത്തിന്റെ പകുതി പൊട്ടിച്ച് അവന് നീട്ടി.

"ഇതും കഴിക്ക്.' ആരും ശ്രദ്ധിക്കാത്ത ഒരു ചെറിയ നിമിഷം.

പക്ഷേ റോബിൻസിന്റെ ഹൃദയം അത് സൂക്ഷിച്ചു. തീയുടെ വെളിച്ചത്തിൽ എല്ലാവരും ചിരിച്ചും സംസാരിച്ചും ആ വെന്ത തേങ്ങ പങ്കുവെച്ച് കഴിച്ചു. ആ രാത്രി എല്ലാവരും അവിടെ തന്നെ താമസിച്ചു. പുറത്ത് മഴയുടെ സംഗീതം. അകത്ത് മനുഷ്യരുടെ സ്നേഹത്തിന്റെ ഇളം ചൂട്.

(തുടരും)

# ഡിജിറ്റൽ കാലത്തെ 'ട്രോൾ' രാഷ്ട്രീയം: ഇന്ത്യൻ യുവത്വത്തെ സ്വാധീനിക്കുന്നത് എങ്ങനെ?



'യുദ്ധമല്ല, സ്നേഹമാണ് വേണ്ടത്!' ഒരു വശത്ത് രാജ്യത്തെ പരമ്പരാഗത രാഷ്ട്രീയ കോട്ടകളിൽ അധികാര കസേരകൾക്കായി നേതാക്കൾ പരസ്പരം പോരടിക്കുമ്പോൾ,മറുവശത്ത്സോഷ്യൽമീഡിയയുടെ ചുവരുകളിൽ പുതിയൊരു രാഷ്ട്രീയ വിപ്ലവം പിറവിയെടുക്കുകയാണ്. നീറ്റ് പരീക്ഷാ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഉയർന്നുവന്ന കോക്രോച്ച് ജനതാ പാർട്ടിയും, അതിന് മറുപടിയായി മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് മാർണ്ഡേയ കട്ജു പ്രഖ്യാപിച്ച ഇഷ്ഖ് കരോ പാർട്ടിയും വെറും ട്രോളുകളല്ല, മറിച്ച് ഇന്ത്യൻ യുവത്വത്തിന്റെ മാറുന്ന രാഷ്ട്രീയ ചിന്തകളുടെ പ്രതിഫലനമാണ്.

### എന്താണ് കോക്രോച്ച്–ഇഷ്ഖ് കരോ പോര്?

വിദ്യാഭ്യാസ മേഖലയിലെ അഴിമതികൾക്കെതിരെയും നീറ്റ് പരീക്ഷാ ക്രമക്കേടുകൾക്കെതിരെയും ഡൽഹിയിലെ ജന്തർ മന്തറിൽ അഭിജിത്ത് ദിപ്കെയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന വേറിട്ട പ്രതിഷേധമായിരുന്നു 'കോക്രോച്ച് ജനതാ പാർട്ടി'യുടേത്. യുവതലമുറ ഈ ആശയത്തെ ഇരുകൈയും നീട്ടി സ്വീകരിച്ചതോടെ സംഭവം വൈറലായി.

എന്നാൽ വെറുമൊരു മന്ത്രിയുടെ രാജി ആവശ്യപ്പെടുന്നത് കൊണ്ട് മാത്രം ഇന്ത്യയിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും മാറില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് മാർണ്ഡേയ കട്ജു എക്സിലൂടെ സ്വന്തം പാർട്ടി പ്രഖ്യാപിച്ചത്. മനുഷ്യർക്കിടയിൽ സ്നേഹം പ്രചരിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഇർഫാൻ അലിയെ ചെയർമാനാക്കി കട്ജു പ്രഖ്യാപിച്ച ഈ പാർട്ടി, കോക്രോച്ച് പാർട്ടിയെ പരിഹസിച്ചതോടെ സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയായി മാറി.

### ഇന്ത്യൻ രാഷ്ട്രീയത്തെയും ജനങ്ങളെയും എങ്ങനെ സ്വാധീനിക്കും?

ഇത്തരം പ്രസ്ഥാനങ്ങൾ കേൾക്കുമ്പോൾ തമാശയായി തോന്നാമെങ്കിലും, ഇന്ത്യൻ രാഷ്ട്രീയത്തിലും ജനങ്ങളിലും ഇവ ഉണ്ടാക്കുന്ന സ്വാധീനം ചെറുതല്ല. ഇന്നത്തെ യുവതലമുറയ്ക്ക് വോട്ട് ബാങ്ക് രാഷ്ട്രീയത്തിലും ജാതിമത വിഭജനങ്ങളിലുംതാൽപ്പര്യമില്ലഎന്നതിന്റെതെളിവാണിത്. രാഷ്ട്രീയ പാർട്ടികളുടെ പൊള്ളയായ വാഗ്ദാനങ്ങളിൽ മടുത്ത യുവാക്കൾ ഇത്തരം വ്യത്യസ്ത പ്ലാറ്റ്ഫോമുകളിലേക്ക് ആകർഷിക്കപ്പെടുന്നു.

### ഗൗരവമുള്ള വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിക്കൽ

വിദ്യാഭ്യാസ രംഗത്തെ അഴിമതികളെയുംചോദ്യപേപ്പർചോർച്ചയെയുംജനശ്രദ്ധയിൽനിലനിർത്താൻകോക്രോച്ച്പാർട്ടിസഹായിച്ചു.ദാരിദ്ര്യം,കുട്ടികളിലെപോഷകാഹാരക്കുറവ്, തൊഴിലില്ലായ്മ തുടങ്ങിയ യഥാർത്ഥ പ്രശ്നങ്ങളെ സ്നേഹത്തിലൂടെയുംഐക്യത്തിലൂടെയുംനേരിടണമെന്ന വലിയൊരു സന്ദേശമാണ് ഇഷ്ഖ് കരോ പാർട്ടി മുന്നോട്ട് വെക്കുന്നത്.

### ഡിജിറ്റൽ രാഷ്ട്രീയത്തിന്റെ ശക്തി

മുൻകാലങ്ങളിൽ തെരുവുകളിൽ മാത്രം ഒതുങ്ങിയിരുന്ന പ്രതിഷേധങ്ങൾ ഇന്ന് എക്സ്, ഇൻസ്റ്റാഗ്രാം റീലുകൾ എന്നിവയിലൂടെ കോടിക്കണക്കിന് ആളുകളിലേക്ക് നിമിഷനേരം കൊണ്ട് എത്തുന്നു. യുവാക്കളെ രാഷ്ട്രീയമായി ചിന്തിപ്പിക്കാൻ ഡിജിറ്റൽ ട്രോളുകൾക്ക് കഴിയുമെന്ന് ഈ രണ്ട് കൂട്ടായ്മകളും തെളിയിക്കുന്നു.

ഇത് വെറുമൊരു തമാശയല്ല, മറിച്ച് രാജ്യത്തെ ജനങ്ങളുടെ ദുരിതം മാറ്റാൻ ലക്ഷ്യമിട്ടുള്ളഗൗരവകരമായരാഷ്ട്രീയസംരംഭമാണെന്നാണ് ജസ്റ്റിസ് കട്ജു വ്യക്തമാക്കിയത്. തുടക്കത്തിൽ ആളുകൾ ഇതിനെട്രോളുകളായികാണുമെങ്കിലും,വരും ദിവസങ്ങളിൽ പരമ്പരാഗത രാഷ്ട്രീയ പാർട്ടികൾക്ക് യുവാക്കളുടെ വോട്ട് ബാങ്ക് നിലനിർത്താൻ ഇത്തരം ജനകീയ കൂട്ടായ്മകളുടെ ആശയങ്ങളെക്കൂടി പരിഗണിക്കേണ്ടി വരും എന്നത് തീർച്ചയാണ്.

### മാറുന്ന ഇന്ത്യ, മാറുന്ന രാഷ്ട്രീയം

വെറുപ്പിന്റെയും വിഭജനത്തിന്റെയും രാഷ്ട്രീയത്തിന് നടുവിൽ സ്നേഹത്തിന്റെ പാർട്ടിയുമായി കട്ജുവും, വ്യവസ്ഥിതിയിലെ പുഴുക്കുത്തുകൾക്കെതിരെ കോക്രോച്ച് പാർട്ടിയുമായി യുവത്വവും നിലയുറപ്പിക്കുമ്പോൾ, ഇന്ത്യൻ രാഷ്ട്രീയം ഒരു പുതിയ യുഗത്തിലേക്ക് കടക്കുകയാണ്. വരും ദിവസങ്ങളിൽ ഈ ഡിജിറ്റൽ വിപ്ലവം ബാലറ്റ് ബോക്സുകളിൽ ചലനമുണ്ടാക്കുമോ എന്ന് രാജ്യം ഉറ്റുനോക്കുന്നു.

### ഡിജിറ്റൽ വിപ്ലവം ബാലറ്റ് ബോക്സിലെത്തുമോ?

ഈ രണ്ട് മുന്നേറ്റങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ലക്ഷക്കണക്കിന് ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ടെങ്കിലും, ഇവയ്ക്ക് മുന്നിൽ ചില പ്രധാന വെല്ലുവിളികളുണ്ട്. സോഷ്യൽമീഡിയയിലെ ലൈക്കുകളുംഷെയറുകളുംയഥാർത്ഥവോട്ടുകളായി മാറണമെങ്കിൽ ശക്തമായ ഒരു താഴേത്തട്ടിലുള്ള പാർട്ടി സംവിധാനം ആവശ്യമാണ്. വലിയ സാമ്പത്തിക ശേഷിയും പരമ്പരാഗത വോട്ട് ബാങ്കുകളുമുള്ള വൻകിട രാഷ്ട്രീയ പാർട്ടികളോടാണ് ഇവർക്ക് മത്സരിക്കേണ്ടി വരുന്നത്.

എങ്കിലും, പരമ്പരാഗത രാഷ്ട്രീയ രീതികളിൽ മടുത്ത ഒരു വലിയ വിഭാഗം ജനങ്ങൾക്ക്, പ്രത്യേകിച്ച് പുതിയ വോട്ടർമാർക്ക്, ഈ ഡിജിറ്റൽ വിപ്ലവം ഒരു പുതിയ പ്രതീക്ഷ നൽകുന്നുണ്ട്. വരും ദിവസങ്ങളിൽ ഇത് ഇന്ത്യൻ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ എന്ത് ചലനമാണ് ഉണ്ടാക്കുക എന്ന് രാജ്യം ഉറ്റുനോക്കുകയാണ്.

◗ ജിജി ജേക്കബ്

# പൂർണ്ണമായി തകർന്ന് വെടിനിർത്തൽ: മിഡിൽ ഈസ്റ്റ് പുകയുന്നു; ലോകം പട്ടിണിയിലേയ്ക്ക് !



പശ്ചിമേഷ്യയെ സമ്പൂർണ്ണ യുദ്ധത്തിലേക്ക് തള്ളിവിട്ടുകൊണ്ട് അമേരിക്കയും ഇറാനും തമ്മിലുള്ള നേരിട്ടുള്ള സൈനിക ഏറ്റുമുട്ടൽ അതിരൂക്ഷമാകുന്നു. ഒമാൻ തീരത്ത് വെച്ച് യുഎസ് സൈന്യത്തിന്റെ അപ്പാച്ചെ ഹെലികോപ്റ്റർ ഇറാന്റെ ആക്രമണ ഡ്രോൺ വെടിവച്ചിട്ടതിന് പ്രതികാരമായി അമേരിക്ക ഇറാനിൽ ശക്തമായ വ്യോമാക്രമണം നടത്തിയിരിക്കുകയാണ്. ഇതിന് തൊട്ടുപിന്നാലെ മേഖലയിലെ മൂന്ന് രാജ്യങ്ങളിലെ യുഎസ് താവളങ്ങൾക്ക് നേരെ ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും അയച്ച് ഇറാനും തിരിച്ചടിച്ചു. ഇതോടെ രണ്ട് മാസമായി നിലനിന്നിരുന്ന താൽക്കാലിക വെടിനിർത്തൽ പൂർണ്ണമായും തകർന്നു.

### മിന്നലാക്രമണവുമായി അമേരിക്ക

അമേരിക്കൻ സൈനികരുടെ ജീവന് ഭീഷണി ഉണ്ടാക്കുന്ന പ്രകോപനങ്ങൾക്ക് ശക്തമായ മറുപടി നൽകുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചതിന് പിന്നാലെയായിരുന്നു ആക്രമണം. യു.എസ് സെൻട്രൽ കമാൻഡിന്റെ നിർദ്ദേശ പ്രകാരം യുഎസ് വ്യോമസേനയുടെയും നാവിക സേനയുടെയും യുദ്ധ വിമാനങ്ങൾ ഇറാനിലെ 20 ഓളം തന്ത്രപ്രധാന കേന്ദ്രങ്ങളിൽ ബോംബ് വർഷം നടത്തി.

തന്ത്രപ്രധാനമായഹോർമുസ്കടലിടുക്കിന് സമീപമുള്ള ഇറാന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ, റഡാറുകൾ, ഗ്രൗണ്ട് കൺട്രോൾ സ്റ്റേഷനുകൾ എന്നിവലക്ഷ്യമിട്ടായിരുന്നുയു.എസ്ആക്രമണം. ജാസ്ക്, സിരിക്, ഖേഷം ദ്വീപ് എന്നിവിടങ്ങളിലെ വൻ സ്ഫോടനങ്ങൾ ഉണ്ടായതായും ഒരു കമ്മ്യൂണിക്കേഷൻ ടവറും രണ്ട് വാട്ടർ റിസർവോയറുകളും തകർന്നതായും ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് സ്ഥിരീകരിച്ചു.

### തിരിച്ചടിച്ച് ഇറാൻ

അമേരിക്കൻ ആക്രമണം കഴിഞ്ഞ് മണിക്കൂറുകൾക്കകംഇറാൻശക്തമായതിരിച്ചടി ആരംഭിച്ചു. ബഹ്റൈൻ, കുവൈറ്റ്, ജോർദാൻ എന്നിവിടങ്ങളിലെ യുഎസ് സൈനിക താവളങ്ങൾ ലക്ഷ്യമിട്ട് ഇറാൻ ഒരേസമയം മിസൈലുകളും ഡ്രോണുകളും വർഷിക്കുകയായിരുന്നു. യുഎസ് നാവിക സേനയുടെ അഞ്ചാം ഫ്ലീറ്റ് ആസ്ഥാനം സ്ഥിതി ചെയ്യുന്ന ബഹ്റൈനിൽ പുലർച്ചെ മിസൈൽ മുന്നറിയിപ്പ് സൈറണുകൾ മുഴങ്ങിയിരുന്നു. ജനങ്ങളോട് അടിയന്തരമായി സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ ബഹ്റൈൻ ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചു.

യുഎസ്എഫ്35യുദ്ധവിമാനങ്ങളുടെ ഹാങ്കറുകളും കമാൻഡ് സെന്ററും സ്ഥിതി ചെയ്യുന്ന അൽഅസ്‌റഖ് താവളത്തിന് നേരെ ഇറാൻ നാല് ലോങ് റേഞ്ച് മിസൈലുകൾ തൊടുത്തുവിട്ടു. എന്നാൽ ഇവയിൽ അഞ്ചെണ്ണം ജോർദാൻ സൈന്യം ആകാശത്തുവെച്ച് തന്നെ വിജയകരമായി വെടിവച്ചിട്ടിരുന്നു. കുവൈറ്റിന് നേരെ വന്ന വ്യോമ ലക്ഷ്യങ്ങളെ തങ്ങളുടെ പ്രതിരോധ സംവിധാനം നേരിട്ടതായി കുവൈറ്റ് സൈന്യവും വ്യക്തമാക്കി.

മിക്ക മിസൈലുകളും ഡ്രോണുകളും തകർത്തതായും യുഎസ് സൈനികർക്കോ താവളങ്ങൾക്കോ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടില്ലെന്നുമാണ് പ്രാഥമിക യുഎസ് വിലയിരുത്തൽ. എന്നാൽ, അമേരിക്ക ഇനിയും ആക്രമണം തുടർന്നാൽ ഇതിലും മാരകമായ തിരിച്ചടി നേരിടേണ്ടിവരുമെന്ന് ഇറാന്റെ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി മുന്നറിയിപ്പ് നൽകി. അയൽരാജ്യങ്ങൾ തങ്ങളുടെ മണ്ണ് അമേരിക്കയ്ക്ക് ഉപയോഗിക്കാൻ നൽകരുതെന്നും ഇറാൻ ആവശ്യപ്പെട്ടു.

### ഇന്ത്യൻ വംശജന്റെ 'ഡ്രോൺ ബോട്ട്' രക്ഷാപ്രവർത്തനം

അതിനിടെ, തിങ്കളാഴ്ച ഇറാൻ വെടിവച്ചിട്ട യുഎസ് അപ്പാച്ചെ ഹെലികോപ്റ്ററിലെ രണ്ട് പൈലറ്റുമാരെ അതിസാഹസികമായി രക്ഷപ്പെടുത്തിയ വാർത്ത പുറത്തുവന്നിരുന്നു. ഇന്ത്യൻ വംശജനായ വൈഭവ് അൽതേക്കർ സഹസ്ഥാപകനായ സാരോണിക് ടെക്നോളജീസ് വികസിപ്പിച്ച കോർസെയർ എന്ന സ്വയംനിയന്ത്രിത ഡ്രോൺ ബോട്ട് ഉപയോഗിച്ചാണ് ഇവരെ രക്ഷപ്പെടുത്തിയത്. യുഎസ് സൈന്യത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് മനുഷ്യനില്ലാത്ത ഒരു റോബോട്ടിക് ബോട്ട് ഉപയോഗിച്ച് കടലിൽ നിന്ന് പൈലറ്റുമാരെ രക്ഷപ്പെടുത്തുന്നത്. കപ്പലുകൾക്ക് നേരെയുള്ള ആക്രമണവും മേഖലയിൽ തുടരുകയാണ്. യമനിലെ ബൽഹാഫിന് സമീപം ആറ് സായുധധാരികളുമായി വന്ന ചെറിയ ബോട്ട് ഒരു ചരക്കുകപ്പലിനെ ആക്രമിക്കാൻ ശ്രമിച്ചെങ്കിലും കപ്പലിലെ സുരക്ഷാ ഉദ്യോഗസ്ഥർ വെടിയുതിർത്തതിനെ തുടർന്ന് അവർ പിന്മാറി.

### ബെയ്റൂട്ടിലെ ചാരക്കളി

യുദ്ധത്തോടൊപ്പം പശ്ചിമേഷ്യയിൽ ഇന്റലിജൻസ് പോരാട്ടവും ശക്തമാണ്. കഴിഞ്ഞ മാർച്ചിൽ ഇസ്രായേൽ ബെയ്റൂട്ടിൽ ബോംബ് വർഷിച്ചതിനിടെ ഹിസ്ബുള്ളയുടെ തടവറയിൽ നിന്ന് രക്ഷപ്പെട്ട ഖാലിദ് അൽഐദി എന്ന ഡബിൾ ഏജന്റ് ഇപ്പോൾ ബെയ്റൂട്ടിലെ ഉക്രെയ്ൻ എംബസിയിൽ അഭയം പ്രാപിച്ചിരിക്കുകയാണെന്ന വിവരം പുറത്തുവന്നിട്ടുണ്ട്. പലസ്തീൻ അഭയാർത്ഥിയും ഉക്രെയ്ൻ പൗരത്വവുമുള്ള ഇയാൾ ഇസ്രായേലിന് വേണ്ടി ബോംബാക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും പദ്ധതിയിട്ടു എന്നാരോപിച്ചാണ് ഹിസ്ബുള്ള തടവിലാക്കിയിരുന്നത്. ഇയാൾ ഇപ്പോൾ എവിടെയാണെന്നത് ദുരൂഹമായി തുടരുകയാണ്.

### ലോകകപ്പ് വിസ തർക്കം

യുദ്ധത്തിന്റെ പ്രതിഫലനം കായിക രംഗത്തും എത്തിനിൽക്കുകയാണ്. അമേരിക്കയിൽ നടക്കാനിരിക്കുന്ന ഫിഫ ലോകകപ്പിൽ പങ്കെടുക്കേണ്ട ഇറാൻ ടീമിന്റെ സപ്പോർട്ട് സ്റ്റാഫിനും സൊമാലിയൻ റഫറി ഒമർ അർതാനും യുഎസ് വിസ നിഷേധിച്ചു. ഇവർക്ക് ഭീകര സംഘടനകളുമായി ബന്ധമുണ്ടെന്ന സംശയത്തെ തുടർന്നാണ് വിസ നിഷേധിച്ചതെന്ന് വൈറ്റ് ഹൗസ് ടാസ്ക് ഫോഴ്സ് വ്യക്തമാക്കി.

അതേസമയം ലെബനനിൽ ഇസ്രായേൽ ആക്രമണം ശക്തമാക്കുകയാണ്. ചരിത്ര നഗരമായ ടൈറിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ 11 പേർ കൊല്ലപ്പെട്ടതായാണ് വിവരം. നഗരം പൂർണ്ണമായി ഒഴിപ്പിക്കാൻ ഇസ്രായേൽ സൈന്യം മുന്നറിയിപ്പ് നൽകിയതിനെ തുടർന്ന് ക്രിസ്ത്യൻ ക്വാർട്ടർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്ന് പതിനായിരക്കണക്കിന് ആളുകളാണ് വടക്കൻ നഗരമായ സിദോനിലേക്ക് പലായനം ചെയ്യുന്നത്.

### ആഗോള സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയും പട്ടിണി ഭീഷണിയും

ഹോർമുസ് കടലിടുക്ക് അടഞ്ഞുകിടക്കുന്നത് ആഗോള വിപണിയെ വൻ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില കുതിച്ചുയർന്ന് ബ്രെന്റ് ക്രൂഡ് ബാരലിന് 93 ഡോളറിലെത്തി. ആഗോള ഓഹരി വിപണികളിലും വലിയ തകർച്ചയാണ് രേഖപ്പെടുത്തിയത്. ദക്ഷിണ കൊറിയൻ സൂചികയായ കോസ്പി 3.6% ഇടിഞ്ഞു. എന്നാൽ സുരക്ഷിത നിക്ഷേപമെന്ന നിലയിൽ നിന്ന് മാറി സ്വർണ്ണ വിലയിൽ 2 ശതമാനത്തോളം ഇടിവ് രേഖപ്പെടുത്തി പവന് വില 4,175 ഡോളറിന് താഴെയെത്തി.

ഇന്ധനവില കൂടിയതും ഹോർമുസ് കടലിടുക്ക് അടച്ചതു കാരണം ആഗോളതലത്തിൽ ഭക്ഷ്യവസ്തുക്കളുടെ വില 2030 ശതമാനം വരെ വർദ്ധിച്ചതായി വേൾഡ് ഫുഡ് പ്രോഗ്രാം വ്യക്തമാക്കി. സുഡാൻ ഉൾപ്പെടെയുള്ള ദരിദ്ര രാജ്യങ്ങളിലേക്ക് വളം എത്തിക്കാൻ കഴിയാത്തത് വരും മാസങ്ങളിൽ വൻ കൃഷിനാശത്തിനും പട്ടിണിക്കും കാരണമാകും. ജൂലൈ മാസത്തോടെ ലോകത്ത് 4.5 കോടിയിലധികം ആളുകൾ കടുത്ത പട്ടിണിയിലാകുമെന്നാണ് ഐക്യരാഷ്ട്ര സഭയുടെ മുന്നറിയിപ്പ്.

# മമതയുടെ ശ്രമം വിഫലമായി, 19 തൃണമൂൽ എംപിമാർ ബി.ജെ.പിക്കൊപ്പം

ന്യൂഡൽഹി: മമതാ ബാനർജി ഡൽഹിയിൽ തങ്ങി നേരിട്ട് നടത്തിയ ശ്രമങ്ങളെല്ലാം വിഫലം. തൃണമൂൽ കോൺഗ്രസിന്റെ 28 ലോക്സഭാ എം.പിമാരിൽ 19 പേർ ലോക്സഭയിൽ ബി.ജെ.പിക്ക് പിന്തുണ നൽകുന്ന പ്രത്യേക ബ്ളോക്കായി ഇരിക്കും. മൂന്നിൽ രണ്ട് എം.പിമാർ മാറുന്നതിനാൽ കൂറുമാറ്റ നിരോധന നിയമം ബാധകമല്ല.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തൃണമൂലിന്റെ താര പ്രചാരകരിൽ ഒരാളും ജാദവ്പൂർ എം.പിയുമായ സയോണി ഘോഷും വിമത ഗ്രൂപ്പിലുണ്ട്. മുൻ ക്രിക്കറ്റ് താരം യൂസഫ് പഠാനും മുൻ ബി.ജെ.പി നേതാവും ബോളിവുഡ് താരവുമായ ശത്രുഘ്നൻ സിൻഹയും മറുകണ്ടം ചാടിയെന്നാണറിവ്. വിമത നീക്കത്തിന് മുൻകൈയെടുത്ത കകോലി ഘോഷിന് കേന്ദ്ര സർക്കാർ സുരക്ഷ ഏർപ്പെടുത്തി.

കോൺഗ്രസിൽ നിന്നെത്തിയ അസാമിൽ നിന്നുള്ള നേതാവും രാജ്യസഭാ എം.പിയുമായ സുസ്മിത ദേവും തൃണമൂൽ വിട്ടു. ഇന്നലെ ഡൽഹിയിൽ അസാം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് രാജി പ്രഖ്യാപിച്ചത്. തൃണമൂലിലെ പ്രതിസന്ധിക്കിടെ കഴിഞ്ഞ ദിവസം രാജ്യസഭാംഗം സുകേന്ദു ശേഖർ റോയിയും രാജി വച്ചിരുന്നു. തനിക്ക് ഒരേസമയം രണ്ടു വഞ്ചിയിൽ നിൽക്കാനാകില്ലെന്ന് സുസ്മിത പറഞ്ഞു. സുസ്മിത 2021ലാണ് കോൺഗ്രസ് വിട്ട് തൃണമൂലിൽ ചേർന്നത്. അസാമിലെ കോൺഗ്രസ് നേതാവ് സന്തോഷ് മോഹൻ ദേവിന്റെ മകളാണ്. മഹിളാ കോൺഗ്രസ് ദേശീയ അദ്ധ്യക്ഷ പദവി വഹിച്ചിട്ടുണ്ട്.

മമതയുടെ നേതൃത്വത്തിലുള്ള തൃണമൂലുമായി ലയനമില്ലെന്ന് കോൺഗ്രസ്. കഴിഞ്ഞ ദിവസം 'ഇന്ത്യ' മുന്നണി യോഗത്തിനായി ഡൽഹിയിലെത്തിയ മമതയും മരുമകൻ അഭിഷേക് ബാനർജിയും കോൺഗ്രസ് നേതാക്കളായ സോണിയാഗാന്ധിയെയുംരാഹുൽഗാന്ധിയെയും കണ്ടതിന് പിന്നാലെയാണ് ലയന വാർത്ത പ്രചരിച്ചത്. തൃണമൂൽ ലയന താത്പര്യം അറിയിച്ചെന്നായിരുന്നു വാർത്ത. ചൊവ്വാഴ്ച കേന്ദ്രസർക്കാരിന്റെ വാർഷികവുമായി ബന്ധപ്പെട്ട ചടങ്ങിൽ മാദ്ധ്യമപ്രവർത്തകരുമായി സംസാരിക്കവെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ബംഗാളിൽ കോൺഗ്രസും തൃണമൂൽ കോൺഗ്രസും ലയിക്കുന്നത് ബി.ജെ.പിക്ക് ഭീഷണിയാകുമെന്ന് പറഞ്ഞിരുന്നു. തൃണമൂൽ ബംഗാളിൽ അധികാരം സ്ഥാപിച്ച 2011ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ സഹായമുണ്ടായിരുന്നു. അതിനു ശേഷം ദേശീയ തലത്തിൽ ബി.ജെ.പി വിരുദ്ധ മുന്നണിയിൽ പ്രവർത്തിച്ചെങ്കിലും ബംഗാളിൽ എതിർപക്ഷത്തായിരുന്നു.

# മീനാക്ഷി നടരാജനെതിരെ കേസില്ലെന്ന്, നിയമപോരാട്ടവും ജനകീയ പ്രക്ഷോഭവും നടത്താൻ കോൺഗ്രസ്





ന്യൂഡൽഹി: മദ്ധ്യപ്രദേശിൽ പുകഞ്ഞ രാജ്യസഭാ തിരഞ്ഞെടുപ്പ് വിഷയം ആളിക്കത്തിക്കാൻ കോൺഗ്രസ്. കോൺഗ്രസ് സ്ഥാനാർത്ഥി മീനാക്ഷി നടരാജന്റെ പത്രിക റിട്ടേണിംഗ് ഓഫീസർ തള്ളിയത് ഏകപക്ഷീയമായാണെന്നും ഇല്ലാത്ത കേസിന്റെ പേരിലുള്ള നടപടി പിൻവലിക്കണമെന്നും കോൺഗ്രസ് നേതാക്കൾ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യനേഷ് കുമാറിനെ നേരിൽകണ്ട് അറിയിച്ചു. ഉടൻ ഇടപെട്ടില്ലെന്നിൽ വിഷയം കോടതിയിലെത്തിക്കും. രാജ്യവ്യാപകമായി വൻ പ്രക്ഷോഭം നടത്താനും ആലോചിക്കുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ എ.ഐ.സി.സി ജനറൽ സെക്രട്ടറിമാരുടെയും പ്രത്യേക ചുമതലക്കാരുടെയും പി.സി.സി അദ്ധ്യക്ഷൻമാരുടെയും അടിയന്തര യോഗം ഇന്ന് ചേരും.

മീനാക്ഷിക്കെതിരെ നാമനിർദ്ദേശ പത്രികയിൽ വെളിപ്പെടുത്തേണ്ടതായ ഒരു ക്രിമിനൽ കേസും നിലവിലില്ലെന്ന് ഗ്യനേഷ് കുമാറിനോട് കോൺഗ്രസ് പ്രതിനിധി സംഘം വ്യക്തമാക്കി. ജനപ്രാതിനിദ്ധ്യ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് രണ്ട് വർഷത്തിൽ കൂടുതൽ തടവുശിക്ഷ ലഭിക്കാവുന്ന കേസുകളും കോടതി നടപടികളുമുണ്ടെങ്കിലാണ് വെളിപ്പെടുത്തേണ്ടതെന്ന് മുതിർന്ന അഭിഭാഷകനും കോൺഗ്രസ് നേതാവുമായ മനു അഭിഷേക് സിംഗ്വി പറഞ്ഞു. കോൺഗ്രസ് സംഘടനാ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ മുതിർന്ന നേതാക്കളായ ഭൂപേഷ് ബഗേൽ, ജയറാം രമേശ്, രൺദീപ് സിംഗ് സുർജേവാല, ദീപ ദാസ്മുൻഷി, മീനാക്ഷി നടരാജൻ, വിവേക് തൻഖ, മുഹമ്മദ് അലി ഖാൻ എന്നിവരടങ്ങിയ സംഘമാണ് തിരഞ്ഞെടുപ്പ് കമ്മിഷനെ കണ്ടത്. പത്രിക തള്ളിയതോടെ ബി.ജെ.പി സ്ഥാനാർത്ഥി മഹേഷ് കേവത് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടും. പത്രിക പിൻവലിക്കേണ്ട അവസാന ദിവസമായ ഇന്ന് പ്രഖ്യാപനമുണ്ടാകും.

### പ്രശ്നമായത് തെലങ്കാനയിലെ കേസ്

2022ൽ ഒരു കോൺഗ്രസ് നേതാവിനെതിരെ യുവതി നൽകിയ പീഡന പരാതിയുമായി ബന്ധപ്പെട്ട കേസാണ് മീനാക്ഷിക്കെതിരെയുള്ളത്. യുവതിയുടെ പരാതിയിൽ കോൺഗ്രസ് ഭാരാവാഹികൾക്കൊപ്പം തെലങ്കാനയുടെ ചുമതല വഹിച്ച എ.ഐ.സി.സി നേതാവായ മീനാക്ഷിയുടെ പേരും ഉൾപ്പെട്ടു. തുടർന്ന് കഴിഞ്ഞ സെപ്തംബറിൽ തെലങ്കാനയിലെ നമ്പള്ളി അഡിഷണൽ ചീഫ് മജിസ്ട്രേട്ട് കോടതി അയച്ച സമൻസിന് മറുപടി നൽകി. കോടതിയിൽ കേസ് നമ്പറുള്ളതിനാൽ പത്രിക തള്ളുകയാണെന്നാണ് റിട്ടേണിംഗ് ഓഫീസറുടെ വാദം.

മീനാക്ഷിയുടെ കാര്യത്തിൽ കേസിന്റെ ആദ്യഘട്ടമെന്ന നിലയിൽ മജിസ്ട്രേറ്റ് നോട്ടീസ് അയച്ചതേയുള്ളൂ. മറ്റ് നടപടികളൊന്നുമില്ല. റിട്ടേണിംഗ് ഓഫീസറുടെ തീരുമാനം പരിഷ്കരിക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷന് പൂർണ അധികാരമുണ്ട്. ഹരിയാനയിലും ഗുജറാത്തിലും അത് സംഭവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ കമ്മിഷന് മുന്നിൽ ഹാജരാക്കിയിട്ടുണ്ടെന്ന് കോൺഗ്രസ് നേതാവ് മനു അഭിഷേക് സിംഗ്വി പറഞ്ഞു.

TGEP THE GREEN ELECTRIC PRODUCT
ELEGANT SPORTY MODERN
HOME AUTOMATION
CONTROL FROM YOUR PHONE ANYTIME, ANYWHERE
Our Electrical Service
- Smart light Switches & Dimmers
- Siri / Google integration
- Smart Thermostat
- Mobile App control
- Panel, Circuit Breaker Upgrades
- Garage Door Sensor integration
- Save on Energy Bills
- Level 2 Charging Station
CALL 630-847-1421
FREE ESTIMATE
SPECIAL PRICE FOR FIRST TIME BUYERS
LICENSED AND BONDED
WWW.TGEP.NET/SMART-HOME-AUTOMATION-IL/



FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT | GUM SURGERY
ORTHODONTIC TREATMENT (BRACES)
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE #101, NAPERVILLE, ILLINOIS 60540
PHONE: 630 999 1976
9709 N. MILWAUKEE AVE. GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)
Children Welcome
Invisalign & Braces
DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY





മലയാളികളുടെ സ്വന്തം സ്വാദിൽ പാകംചെയ്യുന്ന ഒരേയൊരു സ്ഥാപനം
സൗത്ത് ഇന്ത്യൻ വിഭവങ്ങളുടെ യഥാർത്ഥ രുചിക്കൂട്ട്
വിവാഹം, ആദ്യകുർബാന, മാമ്മോദീസ... ആഘോഷങ്ങൾ ഏതുമാകട്ടെ,
നിങ്ങളുടെ അതിഥികൾ ഞങ്ങളുടെയും അതിഥികളാണ്...
അവരുടെ സംതൃപ്തിയാണ് ഞങ്ങളുടെ സന്തോഷം
എല്ലാ ഞായറാഴ്ചകളിലും പൊതിച്ചോർ ലഭ്യമാണ്
Please call: Mani 630 205 3437





ELITE CATERING & GROCERY
(708) 544-2000
(708) 593-3781
Open Every Day 9:00am to 7:00pm
5555 St. Charles Road, Unit G
Berkeley, Illinois 60163
Every grocery items on special sale

# നെഹ്റുവിന്റെ ദാർശനിക നയതന്ത്രവും മോദിയുടെ ജനകീയ സാങ്കേതിക വിന്യാസവും



ന്യൂഡൽഹി: സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിൽ തങ്ങളുടെ ശക്തമായ വ്യക്തിമുദ്ര പതിപ്പിക്കുകയും ദീർഘകാലം രാജ്യം ഭരിക്കുകയും ചെയ്ത രണ്ട് ജനപ്രിയ പ്രധാനമന്ത്രിമാരുടെ ഭരണശൈലികളും ആശയവിനിമയ തന്ത്രങ്ങളും തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും ആഗോള രാഷ്ട്രീയത്തിൽ വലിയ ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജനാധിപത്യത്തിന്റെ ശക്തമായ അടിത്തറ പാകിയ നിർണ്ണായക കാലഘട്ടത്തിൽ നിന്നും ആധുനിക ഭാരതത്തെ സാങ്കേതിക വിദ്യയിലൂടെയും ഡിജിറ്റൽ സംവിധാനങ്ങളിലൂടെയും നയിക്കുന്ന നരേന്ദ്ര മോദിയുടെ ഭരണകാലത്ത് എത്തിനിൽക്കുമ്പോൾ ആകെ മാറിയിരിക്കുന്നത് കമ്മ്യൂണിക്കേഷൻ തന്ത്രങ്ങളുടെ ഘടന തന്നെയാണ്. ചരിത്രപരമായ വലിയ പ്രതിസന്ധികൾക്കിടയിലും തങ്ങളുടെ ജനവിന്യാസ ശക്തി എങ്ങനെയാണ് ഈ രണ്ട് നേതാക്കളും നിലനിർത്തിയത് എന്നതിനെക്കുറിച്ചുള്ള സമഗ്രമായ വിശകലനം ചർച്ച ചെയ്യപ്പെടുന്നു.

പരമ്പരാഗത മാധ്യമങ്ങളെയും വലിയ പൊതയോഗങ്ങളെയും ആശ്രയിച്ചിരുന്ന ഒരു ഭൂതകാലത്തിൽ നിന്നും ഇന്റർനെറ്റിന്റെയും ആൽഗോരിതങ്ങളുടെയും ഡിജിറ്റൽ യുഗത്തിലേക്ക് രാജ്യം മാറിയപ്പോൾ ജനങ്ങളോട് സംവദിക്കുന്ന രീതിയിലും വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. നെഹ്റുവിന്റെ ദാർശനികവും സാഹിത്യപരവുമായ ശൈലിക്ക് ബദലായി മോദി എങ്ങനെയാണ് തദ്ദേശീയമായ ഭാഷാപ്രയോഗങ്ങളിലൂടെയും ആസൂത്രിതമായ ബ്രാൻഡിംഗിലൂടെയും ജനഹൃദയങ്ങൾ കീഴടക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. ഈ രണ്ട് ഭരണാധികാരികളുടെയും കമ്മ്യൂണിക്കേഷൻ കോട്ടകളുടെ അണിയറ രഹസ്യങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള അന്വേഷണാത്മക റിപ്പോർട്ട് താഴെ നൽകുന്നു.

## നെഹ്റുവിന്റെ ദാർശനിക നയതന്ത്രവും പ്രഭാഷണങ്ങളിലെ സാഹിത്യ സൗന്ദര്യവും

സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നാളുകളിൽ ജനങ്ങളെ ഒരു വലിയ ജനാധിപത്യ പ്രക്രിയയുടെ ഭാഗമാക്കാൻ നെഹ്റു തിരഞ്ഞെടുത്തത് അതീവ ശാസ്ത്രീയവും ദാർശനികവുമായ ആശയവിനിമയ ശൈലിയായിരുന്നു.

**നെഹ്റു വിഭാവനം ചെയ്ത സ്വാതന്ത്ര്യം:** ജവഹർലാൽ നെഹ്റു തന്റെ പ്രഭാഷണങ്ങളിൽ എപ്പോഴും ചരിത്രവും ശാസ്ത്രവും തത്ത്വചിന്തയും കൃത്യമായി സമന്വയിപ്പിച്ചിരുന്നു. ഭാരതത്തിന്റെ സ്വാതന്ത്ര്യം എന്നത് വെറുമൊരു രാഷ്ട്രീയ ലക്ഷ്യമല്ല, മറിച്ച് രാജ്യത്തെ ഓരോ പൗരനും പങ്കാളിയാകേണ്ട വലിയൊരു ധാർമ്മിക യാത്രയാണെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'വിധിയുമായുള്ള കൂടിക്കാഴ്ച' എന്ന പ്രസംഗം ഇന്നും അന്താരാഷ്ട്ര തലത്തിൽ വലിയൊരു നയതന്ത്ര പ്രഖ്യാപനമായാണ് വിലയിരുത്തപ്പെടുന്നത്.

**ആധുനിക ഇന്ത്യയിലെ ക്ഷേത്രങ്ങൾ:** വ്യവസായവൽക്കരണത്തെയും ശാസ്ത്രീയ പുരോഗതിയെയും സാധാരണക്കാരന്റെ ചിന്തകളിലേക്ക് എത്തിക്കാൻ നെഹ്റുവിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. രാജ്യത്ത് പുതുതായി നിർമ്മിച്ച വൻകിട ഡാമുകളെയും ഫാക്ടറികളെയും 'ആധുനിക ഇന്ത്യയുടെ ക്ഷേത്രങ്ങൾ' എന്ന് വിശേഷിപ്പിച്ചുകൊണ്ട് അദ്ദേഹം സാങ്കേതിക വികസനത്തെ ദേശീയ അഭിമാനവുമായി നേരിട്ട് ബന്ധിപ്പിച്ചു. ഇത് ജനങ്ങൾക്കിടയിൽ വികസന നയങ്ങളോട് വലിയൊരു ആത്മബന്ധം സൃഷ്ടിക്കാൻ സഹായിച്ചു.

**റേഡിയോയുടെ തന്ത്രപരമായ ഉപയോഗം:** ആകാശവാണിയുടെ പശ്ചാത്തലത്തിലൂടെ രാജ്യത്തിന്റെ ഉൾഗ്രാമങ്ങളിലേക്ക് തന്റെ ശബ്ദം എത്തിക്കാൻ നെഹ്റു നിരന്തരം ശ്രമിച്ചിരുന്നു. കടുത്ത പ്രതിസന്ധി ഘട്ടങ്ങളിലും യുദ്ധകാലങ്ങളിലും അദ്ദേഹം രാജ്യത്തെ ജനങ്ങളെ നേരിട്ട് അഭിസംബോധന ചെയ്തുകൊണ്ട് ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കാൻ അവരെ പ്രേരിപ്പിച്ചു. മതം, ജാതി, പ്രവിശ്യ തുടങ്ങിയ യാതൊരു വിധ വിവേചനങ്ങളുമില്ലാത്ത ഒരു സാർവ്വദേശീയ ദേശീയതയ്ക്കായി അദ്ദേഹം നിലകൊണ്ടു.

**മുഖ്യമന്ത്രിമാർക്കുള്ള ഔദ്യോഗിക കത്തുകൾ:** ഭരണത്തിൽ സുതാര്യതയും ഫെഡറൽ സംവിധാനവും നിലനിർത്താൻ ഓരോ മാസവും രാജ്യത്തെ മുഖ്യമന്ത്രിമാർക്ക് നെഹ്റു വ്യക്തിപരമായ കത്തുകൾ അയച്ചിരുന്നു. സാമൂഹിക പ്രശ്നങ്ങൾ, പാവപ്പെട്ടവരുടെ ഉദ്ധാരണം, ശാസ്ത്രബോധം എന്നിവ ചർച്ച ചെയ്യുന്ന ഈ കത്തുകൾ ഒരു വലിയ ജനാധിപത്യ കൂട്ടായ്മ രൂപീകരിക്കുന്നതിനുള്ള പ്രധാന വഴികാട്ടിയായിരുന്നു.

## മോദിയുടെ ജനകീയ സാങ്കേതിക വിന്യാസവും ആധുനിക സോഷ്യൽ മീഡിയ ബ്രാൻഡിംഗും

ഭൂതകാലത്തിലെ പരമ്പരാഗത രീതികളെ പൂർണ്ണമായി അട്ടിമറിച്ചുകൊണ്ട് പുതിയ കാലത്തെ ഡിജിറ്റൽ സംവിധാനങ്ങളെ തങ്ങൾക്ക് അനുകൂലമായി മാറ്റിയെടുക്കാൻ നരേന്ദ്ര മോദിക്ക് കഴിഞ്ഞിട്ടുണ്ട്.

**നേരിട്ടുള്ള ജനകീയ സംവാദം:** നരേന്ദ്ര മോദിയുടെ ആശയവിനിമയത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് തികച്ചും ജനകീയവും ലളിതവുമായ ഭാഷയിലാണ് എന്നതാണ്. സാധാരണക്കാരന്റെ നിത്യജീവിതത്തിലെ വാക്കുകളും പ്രാദേശിക ശൈലികളും ഉപയോഗിച്ചുകൊണ്ട് വലിയൊരു ജനവിഭാഗത്തെ തന്നിലേക്ക് ആകർഷിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു. വലിയ ദാർശനിക ചർച്ചകൾക്ക് പകരമായി നേരിട്ടുള്ള ചോദ്യങ്ങളിലൂടെയും ലളിതമായ പ്രയോഗങ്ങളിലൂടെയും അദ്ദേഹം ജനങ്ങളോട് സംവദിക്കുന്നു.

**മൻ കി ബാത്തിന്റെ ഡിജിറ്റൽ വിപ്ലവം:** ആകാശവാണിയെ ഒരു പുതിയ രീതിയിൽ പുനരുജ്ജീവിപ്പിച്ചുകൊണ്ട് മോദി തുടക്കം കുറിച്ച 'മൻ കി ബാത്ത്' എന്ന പരിപാടി രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളിലേക്ക് നേരിട്ട് എത്തുന്ന വലിയൊരു ഡിജിറ്റൽ പാലമായി മാറി കഴിഞ്ഞു. രാഷ്ട്രീയ തർക്കങ്ങൾ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സാധാരണക്കാരുടെ വിജയകഥകളും പ്രാദേശിക നവീകരണങ്ങളും ചർച്ച ചെയ്യുന്നതിലൂടെ വലിയൊരു ജനകീയ വിശ്വാസ്യത നിർമ്മിച്ചെടുക്കാൻ ഇതിലൂടെ സാധിക്കുന്നു.

**ആൽഗോരിതങ്ങളും വാട്സാപ്പ് ഗ്രൂപ്പുകളുടെ കരുത്തും:** തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സോഷ്യൽ മീഡിയയെ ഏറ്റവും ശക്തമായ ആയുധമായാണ് മോദി ഭരണകൂടം ഉപയോഗിക്കുന്നത്. രാജ്യത്തെ ലക്ഷക്കണക്കിന് പോളിംഗ് ബൂത്തുകളിലേക്ക് വരെ കൃത്യമായ വാട്സാപ്പ് ഗ്രൂപ്പുകളും ലക്ഷക്കണക്കിന് സോഷ്യൽ മീഡിയ വോളന്റിയർമാരെയും വിന്യസിച്ചുകൊണ്ട് തങ്ങളുടെ രാഷ്ട്രീയ സന്ദേശങ്ങൾ അതിവേഗം ജനങ്ങളിലേക്ക് എത്തിക്കാൻ അവർക്ക് സാധിക്കുന്നു. ഈ സാങ്കേതിക മേധാവിത്വം പ്രതിപക്ഷത്തിന്റെ എല്ലാ പരമ്പരാഗത തന്ത്രങ്ങളെയും അട്ടിമറിക്കുന്നതാണ്.

**വ്യക്തികേന്ദ്രീകൃത ബ്രാൻഡിംഗ് വിദ്യകൾ:** വികസന പദ്ധതികളെയും ഗവൺമെന്റിന്റെ നേട്ടങ്ങളെയും പ്രധാനമന്ത്രിയുടെ വ്യക്തിപരമായ ഉറപ്പുകളായി (Modi's Guarantee) ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്ന പുതിയൊരു ശൈലിയാണ് നിലവിലുള്ളത്. ഇത് ഭരണകൂടത്തിന്റെ നയങ്ങളെ സാധാരണക്കാരന്റെ വികാരങ്ങളുമായി നേരിട്ട് ബന്ധിപ്പിക്കുന്നു.

## അന്താരാഷ്ട്ര പ്രതിരോധ വിപണിയിലെ മാറ്റങ്ങളും ഭൗമരാഷ്ട്രീയ പ്രത്യാഘാതങ്ങളും

രണ്ട് നേതാക്കളുടെയും വിദേശനയങ്ങളിലുള്ള തന്ത്രപരമായ മാറ്റങ്ങൾ അന്താരാഷ്ട്ര ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം എവിടെയാണെന്ന് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.

**ചേരിചേരാ നയത്തിൽ നിന്നും വലിയ ശക്തിയാകാനുള്ള കുതിപ്പ്:** നെഹ്റുവിന്റെ കാലത്ത് ലോകശക്തികളുടെ ചേരിതിരിവുകളിൽ നിന്നും മാറിനിന്നുകൊണ്ട് ഒരു സമാധാനപരമായ 'ചേരിചേരാ നയം' ആയിരുന്നു ഭാരതം സ്വീകരിച്ചിരുന്നത്. എന്നാൽ ഇന്നത്തെ പുതിയ ആഗോള സാഹചര്യത്തിൽ അമേരിക്കയുടെയും ചൈനയുടെയും ഭൗമരാഷ്ട്രീയ മത്സരങ്ങൾക്കിടയിൽ ഇന്ത്യ സ്വന്തം താല്പര്യങ്ങൾ മുൻനിർത്തി ഒരു വലിയ ആഗോള ശക്തിയാകാനുള്ള കടുത്ത നയങ്ങളാണ് സ്വീകരിക്കുന്നത്.

**പ്രതിരോധ കയറ്റുമതിയിലെ കനത്ത റെക്കോർഡുകൾ:** മുൻകാലങ്ങളിൽ വെറുമൊരു ആയുധ ഇറക്കുമതി രാജ്യമായിരുന്ന ഇന്ത്യ ഇന്ന് സ്വന്തമായി അത്യാധുനിക മിലിട്ടറി ഡ്രോണുകളും നിർണ്ണായക ഘടകങ്ങളും നിർമ്മിച്ച് വിദേശ രാജ്യങ്ങളിലേക്ക് വൻതോതിൽ കയറ്റുമതി ചെയ്യുന്നുണ്ട്. ചൈനീസ് ഉത്പന്നങ്ങൾക്ക് മേൽ ലോകത്ത് നിലനിൽക്കുന്ന കടുത്ത സുരക്ഷാ ഭീഷണികൾ ഇന്ത്യൻ പ്രതിരോധ കമ്പനികൾക്ക് വലിയൊരു വാണിജ്യ സാധ്യതയാണ് തുറന്നു നൽകിയിട്ടുള്ളത്.

**ആഭ്യന്തര വിപണിയിലെ സാമ്പത്തിക വെല്ലുവിളികൾ:** പശ്ചിമേഷ്യൻ യുദ്ധങ്ങളും ഹോർമൂസ് കടലിടുക്കിലെ പുതിയ നാവിക സ്ഫോടനങ്ങളും കാരണം അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുതിച്ചുയരുന്നത് ആഭ്യന്തര വിപണിയിൽ വലിയ പണപ്പെരുപ്പത്തിന് കാരണമായിട്ടുണ്ട്. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വലിയ പ്രതിരോധ കരാറുകളും വിസ ഫീസുകൾ റദ്ദാക്കപ്പെട്ടതുപോലുള്ള നയതന്ത്ര വിജയങ്ങളും രൂപയുടെ മൂല്യം പൂർണ്ണമായി തകരാതെ കാക്കുന്ന സുരക്ഷാ കവചങ്ങളായി മാറുന്നു.

ഭാരതത്തിന്റെ ചരിത്രത്തിലെ രണ്ട് വ്യത്യസ്ത അധ്യായങ്ങളെയാണ് ജവഹർലാൽ നെഹ്റുവും നരേന്ദ്ര മോദിയും പ്രതിനിധീകരിക്കുന്നത്. നെഹ്റു പുതിയൊരു രാജ്യത്തിന് ആവശ്യമായ ജനാധിപത്യ സ്ഥാപനങ്ങളും ദാർശനിക അടിത്തറയും നിർമ്മിച്ചപ്പോൾ, മോദി ആ അടിത്തറയ്ക്ക് മേൽ അത്യാധുനിക സാങ്കേതിക വിദ്യയുടെയും ഡിജിറ്റൽ നവീകരണങ്ങളുടെയും ഒരു വലിയ സാമ്രാജ്യമാണ് കെട്ടിപ്പടുക്കുന്നത്.

വരും നാളുകളിൽ ആഗോള സാമ്പത്തിക അസ്ഥിരതകളെ രാജ്യം എങ്ങനെ നേരിടും എന്നതും നമ്മുടെ പുതിയ തലമുറയെ അത്യാധുനിക സാങ്കേതിക വിദ്യകളിൽ എത്രത്തോളം എഡ്യുക്കേറ്റ് ചെയ്യാൻ സാധിക്കും എന്നതുമായിരിക്കും ഈ രണ്ട് വ്യത്യസ്ത ഭരണശൈലികളുടെയും യഥാർത്ഥ വിജയ പരാജയങ്ങൾ വരും തലമുറകൾക്ക് മുന്നിൽ വിലയിരുത്തപ്പെടുക.

# ലോകം വീണ്ടുമൊരു ആണവ മത്സരത്തിലേക്കോ? മൂർച്ചകൂട്ടി ഇന്ത്യയും ചൈനയും



ആഗോളതലത്തിൽ ആണവായുധ കിടമത്സരം പുതിയൊരു തലത്തിലേക്ക് കടക്കുന്നതായി പ്രമുഖ അന്താരാഷ്ട്ര ഗവേഷണ സ്ഥാപനമായ സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിരക്ഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. തങ്ങളുടെ തന്ത്രപ്രധാനമായ പ്രതിരോധ സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ ആണവായുധങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതായാണ് 'സിപ്രി ഇയർബുക്ക് 2026' വ്യക്തമാക്കുന്നത്.

കഴിഞ്ഞ വർഷത്തെ കണക്കുകളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യയുടെ ആണവായുധങ്ങളുടെ എണ്ണം 180 ൽ നിന്ന് 190 ആയിഉയർന്നു. പശ്ചിമേഷ്യയിലും ഏഷ്യയിലാകെയും വർദ്ധിച്ചുവരുന്ന സുരക്ഷാ വെല്ലുവിളികളും ചൈന, പാകിസ്ഥാൻ എന്നീ അയൽ രാജ്യങ്ങളുമായുള്ള തന്ത്രപരമായ മത്സരവുമാണ് പ്രതിരോധ രംഗത്ത് കൂടുതൽ കരുത്താർജ്ജിക്കാൻ ഇന്ത്യയെ പ്രേരിപ്പിക്കുന്നത്.

ശീതയുദ്ധ കാലത്തിന് ശേഷം ആഗോളതലത്തിൽ ആണവായുധങ്ങളുടെ എണ്ണം കുറയുന്ന പ്രതിഭാസത്തിന് ഇപ്പോൾ വലിയ രീതിയിൽ മങ്ങലേറ്റിരിക്കുകയാണ്. ലോകത്ത് നിലവിൽ ആണവായുധങ്ങളുള്ള അമേരിക്ക, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന, ഇന്ത്യ, പാകിസ്താൻ, ഉത്തരകൊറിയ, ഇസ്രായേൽ എന്നീ ഒൻപത് രാജ്യങ്ങളും തങ്ങളുടെ ആയുധങ്ങൾ നവീകരിക്കുന്നതിലേക്ക് തിരിഞ്ഞതോടെ ലോകത്ത് വീണ്ടുമൊരു ആണവ മത്സരം ആരംഭിച്ചതായി സിപ്രി ഡയറക്ടർ കരിം ഹഗാഗ് മുന്നറിയിപ്പ് നൽകുന്നു.

2026 ജനുവരിയിലെ കണക്കനുസരിച്ച് ലോകത്താകെ 12,187 ആണവായുധങ്ങളുണ്ട്. ഇതിൽ 9,745 എണ്ണം ഏത് സമയത്തും ഉപയോഗിക്കാവുന്ന രീതിയിൽ സൈനിക സംഭരണശാലകളിൽ സൂക്ഷിച്ചിരിക്കുകയാണ്. ഏകദേശം 4,012 ആണവായുധങ്ങൾ മിസൈലുകളിലും വിമാനങ്ങളിലും ഇതിനകം ഘടിപ്പിച്ചു കഴിഞ്ഞു. ഇതിൽ തന്നെ 2,100 നും 2,200 നും ഇടയിൽ ആണവായുധങ്ങൾ അതിവേഗ ആക്രമണത്തിന് സജ്ജമായി ഉയർന്ന നിരീക്ഷണത്തിലാണ്.

ഇന്ത്യയുടെ ആണവ ആധുനിക വൽക്കരണ പദ്ധതികൾ ഇപ്പോൾ പ്രധാനമായും ചൈനയെ പ്രതിരോധിക്കുന്നതിലേക്ക് കേന്ദ്രീകരിച്ചിരിക്കുകയാണെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. ബെയ്ജിങ്ങിന്റെ വർദ്ധിച്ച് വരുന്ന സൈനിക ശേഷിയും അതിവേഗം വളരുന്ന ആണവ ശേഖരവുമാണ് ഇതിന് കാരണം. നിലവിൽ ഒൻപത് ആണവ രാജ്യങ്ങളിൽ ഏറ്റവും വേഗത്തിൽ ആയുധങ്ങൾ വർദ്ധിപ്പിക്കുന്നത് ചൈനയാണ്. ചൈനയുടെ കൈവശം ഇപ്പോൾ 620 ആണവായുധങ്ങൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഈ സാഹചര്യത്തിലാണ് ഇന്ത്യ തങ്ങളുടെ 'ന്യൂക്ലിയർ ട്രയാഡ്' അഥവാ കര, വ്യോമ, കടൽ മാർഗ്ഗങ്ങളിലൂടെയുള്ള ആണവാക്രമണ ശേഷി ശക്തമാക്കുന്നത്.

ഇന്ത്യ ഇപ്പോഴും ആദ്യം ആക്രമിക്കില്ല എന്ന നയത്തിൽ ഉറച്ചുനിൽക്കുന്നുണ്ടെങ്കിലും, ശത്രുരാജ്യങ്ങളുടെ ഭാഗത്തുനിന്ന് ആക്രമണമുണ്ടായാൽ അതിശക്തമായി തിരിച്ചുപിടിക്കാൻ ശേഷിയുള്ള സെക്കൻഡ് സട്രൈക്ക് ഉറപ്പാക്കാനാണ് ഇന്ത്യ മുൻഗണന നൽകുന്നത്.

ഇന്ത്യൻപ്രതിരോധരംഗത്തെ ഏറ്റവും വലിയ കുതിച്ചുചാട്ടം എംആർഐവി സാങ്കേതിക വിദ്യയുടെ വികസനമാണ്. ഒരു മിസൈലിൽ തന്നെ ഒന്നിലധികം ആണവായുധങ്ങൾ ഘടിപ്പിച്ച്, അവയെ വ്യത്യസ്ത ലക്ഷ്യസ്ഥാനങ്ങളിലേക്ക് ഒരേസമയം തൊടുത്തുവിടാൻ ഈ സാങ്കേതിക വിദ്യയിലൂടെ സാധിക്കും. ശത്രുവിന്റെ മിസൈൽ പ്രതിരോധ സംവിധാനങ്ങളെ തകർക്കാൻ ഇത് ഇന്ത്യയെ സഹായിക്കും. ഇതോടൊപ്പം തന്നെ കാനിസ്റ്ററുകളിൽ സൂക്ഷിക്കാവുന്ന മിസൈലുകളും ഇന്ത്യ വികസിപ്പിച്ചിട്ടുണ്ട്. പ്രിഥ്വി2, അഗ്നി1, മീഡിയം റേഞ്ച് മിസൈലുകളായ അഗ്നി2, അഗ്നി3, ദീർഘദൂര മിസൈലുകളായ അഗ്നി4, അഗ്നി5 എന്നിവയാണ് ഇന്ത്യയുടെ കരുത്ത്. ഇതിൽ പുതിയ 'അഗ്നിപി' മിസൈൽ കൂടുതൽ കൃത്യതയാർന്ന ആക്രമണത്തിന് സഹായിക്കുന്നതാണ്.

ആണവ ആക്രമണം ഉണ്ടായാൽ ഏറ്റവും സുരക്ഷിതമായി തിരിച്ചടിക്കാൻ സാധിക്കുന്നത് കടലിനടിയിലുള്ള അന്തർവാഹിനികൾക്കാണ്. ഇന്ത്യയുടെ ആവോർജ്ജത്തിൽ പ്രവർത്തിക്കുന്ന സബ്മറൈനായ ഐഎൻഎസ് അരിഹന്ത് ആണ് ഈ സുരക്ഷ ഉറപ്പാക്കുന്നത്. സമാധാനകാലത്ത് പോലും ഇത്തരം അന്തർവാഹിനികളിൽ ഇന്ത്യ ആണവായുധങ്ങൾ സജ്ജമാക്കി നിർത്താറുണ്ടെന്ന് സിപ്രി നിരീക്ഷിക്കുന്നു. കെ15, കെ4 തുടങ്ങിയ സബ്മറൈൻ ലോഞ്ച്ഡ് ബാലിസ്റ്റിക് മിസൈലുകൾ കടലിൽ നിന്നുള്ള ഇന്ത്യയുടെ ആക്രമണ ശേഷി ഇരട്ടിയാക്കുന്നു.

ചൈനയെ ലക്ഷ്യമിടുമ്പോഴും പാകിസ്ഥാൻ ഇന്ത്യയുടെ തന്ത്രപ്രധാനമായ ആസൂത്രണങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. പാകിസ്ഥാന്റെ കൈവശം നിലവിൽ 170 ആണവായുധങ്ങൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇന്ത്യയുടെ കരസേനാ മേധാവിത്വത്തെ പ്രതിരോധിക്കാൻ ചെറിയ തരം തന്ത്രപരമായ ആണവായുധങ്ങളിലാണ് പാകിസ്ഥാൻ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 2025 മെയ് മാസത്തിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലുണ്ടായ ചുരുങ്ങിയ ദിവസത്തെ സായുധ സംഘർഷത്തെക്കുറിച്ചും സിപ്രി റിപ്പോർട്ടിൽ പരാമർശമുണ്ട്.

പാകിസ്ഥാന്റെ ആണവ നിലയങ്ങളെന്ന് സംശയിക്കുന്ന ചില കേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യ ആക്രമണം നടത്തിയിരുന്നുവെങ്കിലും, ഇരു രാജ്യങ്ങളും സ്ഥിതിഗതികൾ കൂടുതൽ വഷളാകാതെ നിയന്ത്രിക്കാൻ ശ്രദ്ധിച്ചുവെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ആഗോളതലത്തിൽ ആണവ നിയന്ത്രണ കരാറുകൾ പരാജയപ്പെടുന്നതും സുതാര്യത കുറയുന്നതും വരും വർഷങ്ങളിൽ വലിയൊരു ആയുധ മത്സരത്തിന് വഴിതുറക്കുമെന്ന ആശങ്കയോടെയാണ് സിപ്രി റിപ്പോർട്ട് അവസാനിക്കുന്നത്. എന്നാൽ മാറുന്ന ആഗോള രാഷ്ട്രീയ സാഹചര്യത്തിൽ സ്വന്തം രാജ്യത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യ ഇനിയും പ്രതിരോധ രംഗത്ത് കൂടുതൽ മുന്നേറ്റങ്ങൾ നടത്തുമെന്നുറപ്പാണ്.

# 19 –ാം വയസ്സിലെ ഒളിച്ചോട്ടം, വിവാഹങ്ങൾ!
## മനസ്സ് തുറന്ന് രാംചരണിന്റെ സഹോദരി



ജീവിതത്തിൽ നേരിടേണ്ടി വന്ന കഠിനമായ പ്രതിസന്ധികളെയും അതിൽ നിന്നും നേടിയെടുത്ത ആത്മവിശ്വാസത്തെയും കുറിച്ച് മനസ്സ് തുറന്ന് മെഗാസ്റ്റാർ ചിരഞ്ജീവിയുടെ മകളും നടൻ രാം ചരണിന്റെ സഹോദരിയുമായ ശ്രീജ കൊനിഡേല. ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച ഒരു വീഡിയോയിലൂടെയാണ് തന്റെ വികാരങ്ങൾ ആരാധകരുമായി പങ്കുവെച്ചത്.ജീവിതത്തിൽ തുടർച്ചയായി ഇത്രയധികം ദുരിതങ്ങൾ ഉണ്ടാകാൻ കാരണം എന്താണെന്ന് ചിന്തിച്ച് നിസ്സഹായയായി ഇരുന്ന ഒരു ഭൂതകാലം തനിക്കുണ്ടായിരുന്നുവെന്ന് അവർ തുറന്നു സമ്മതിച്ചു.കഷ്ടപ്പാടുകളിൽ തളർന്നിരിക്കാതെ ജീവിതത്തെ തിരിച്ചുപിടിച്ചതിനെക്കുറിച്ച് ശ്രീജ വീഡിയോയിൽ സംസാരിച്ചു:'എന്തുകൊണ്ടാണ് ഇതെല്ലാം എനിക്ക് മാത്രം സംഭവിക്കുന്നത്, ഞാൻ എന്തിനാണ് ഇത്രയധികം വേദന അനുഭവിക്കുന്നത്? തുടർച്ചയായ കഷ്ടപ്പാടുകൾ ഉണ്ടാവാൻ ഞാനെന്തു തെറ്റ് ചെയ്തു എന്ന് ചിന്തിച്ചിരുന്ന ഒരു അവസ്ഥ എനിക്കുണ്ടായിരുന്നു. 2007-ൽ തന്റെ 19-ാം വയസ്സിൽ കാമുകനായ ശിരീഷ് ഭരദ്വാജിനൊപ്പം ഒളിച്ചോടി വിവാഹം കഴിച്ചപ്പോഴാണ് ശ്രീജ ആദ്യമായി വാർത്തകളിൽ നിറയുന്നത്. അക്കാലത്ത് വലിയ ദേശീയ പ്രാധാന്യം നേടിയ ഈ ആര്യസമാജ് വിവാഹത്തിന് ശേഷം, കുടുംബത്തിൽ നിന്ന് ഭീഷണിയുണ്ടെന്ന് ആരോപിച്ച് ഇവർ പോലീസിന്റെയും മാധ്യമങ്ങളുടെയും സംരക്ഷണം തേടിയിരുന്നു. 2008-ൽ ഇവർക്കൊരു മകൾ ജനിച്ചു. എന്നാൽ 2011-ൽ ശിരീഷിനും കുടുംബത്തിനുമെതിരെ സ്ത്രീധന പീഡനക്കേസ് ഫയൽ ചെയ്ത ശ്രീജ, സ്വന്തം കുടുംബത്തിലേക്ക് മടങ്ങിയെത്തുകയും 2014-ൽ ഔദ്യോഗികമായി



വിവാഹമോചനം നേടുകയും ചെയ്തു. പിന്നീട് 2016-ൽ തന്റെ ബാല്യകാല സുഹൃത്തും വ്യവസായിയുമായ കല്യാൺ ദേവിനെ ശ്രീജ വിവാഹം കഴിച്ചു. ഈ ബന്ധത്തിലും ഇവർക്കൊരു മകൾ ജനിച്ചുവെങ്കിലും 2022-ൽ കൃത്യമായ കാരണങ്ങൾ വെളിപ്പെടുത്താതെ ഇരുവരും വേർപിരിയുകയായിരുന്നു.

## വിവാഹവേദിയിൽ പഴയ കാമുകനെ മുഖാമുഖം കണ്ട് കേറ്റ് മിഡിൽട്ടൺ

ബ്രിട്ടീഷ് രാജകുടുംബത്തിലെ രാജകീയ വിവാഹത്തിന് സാക്ഷിയാകാൻ എത്തിയ മുൻ കാമുകനെ മുഖാമുഖം കണ്ട് വെയിൽസ് രാജകുമാരി കേറ്റ് മിഡിൽട്ടൺ. പ്രിൻസ് വില്യമിന്റെ കസിനായ പീറ്റർ ഫിലിപ്സിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ എത്തിയപ്പോഴാണ് കേറ്റ് തന്റെ കോളേജ് കാലത്തെ കാമുകനായ രൂപർട്ട് ഫിഞ്ചുമായി വേദി പങ്കിട്ടത്. ജൂൺ 6-നായിരുന്നു പീറ്റർ ഫിലിപ്സും ഹാരിയറ്റ് സ്പെർലിംഗും തമ്മിലുള്ള വിവാഹം. പ്രിൻസ് വില്യമിനൊപ്പമാണ് കേറ്റ് ചടങ്ങിലെത്തിയത്. ഇതേ വേദിയിലേക്ക് രൂപർട്ട് ഫിഞ്ചും ഭാര്യ ലേഡി നടാഷ റൂഫസ് ഐസക്സും എത്തിയിരുന്നു.



## 'ടോയ് സ്റ്റോറി 5' വേദിയിൽ അപ്രതീക്ഷിത അതിഥിയായി ടെയ്‌ലർ സ്വിഫ്റ്റ്

ലോകമെമ്പാടുമുള്ള സിനിമാപ്രേമികൾ കാത്തിരിക്കുന്ന വിഖ്യാത അനിമേഷൻ ചിത്ര പരമ്പരയിലെ പുതിയ സിനിമയായ 'ടോയ് സ്റ്റോറി 5' ലോക പ്രീമിയർ വേദിയിൽ അപ്രതീക്ഷിത അതിഥിയായി ടെയ്‌ലർ സ്വിഫ്റ്റ്. ജൂൺ 9-ന് ലോസ് ആഞ്ചലസിലെ ഡോൾബി തിയേറ്ററിൽ നടന്ന പ്രീമിയർ ചടങ്ങിൽ റെഡ് കാർപെറ്റിൽ താരം പ്രത്യക്ഷപ്പെട്ടില്ലെങ്കിലും, സിനിമയിലെ അണിയറപ്രവർത്തകർക്കൊപ്പം ഗ്രൂപ്പ് ഫോട്ടോയിൽ പങ്കുചേർന്നു.ചിത്രത്തിന് വേണ്ടി താൻ ഒരുക്കിയ 'ഐ ന്യൂ ഇറ്റ്, ഐ ന്യൂ യു' എന്ന ഒറിജിനൽ ഗാനത്തിന്റെ പ്രഖ്യാപനവും ടെയ്‌ലർ സ്വിഫ്റ്റ് ഇതോടൊപ്പം നടത്തി. ടെയ്‌ലർ സ്വിഫ്റ്റിന്റെ കൺട്രി മ്യൂസിക് ശൈലിയിലേക്കുള്ള മടങ്ങിവരവാണ് ഈ ഗാനമെന്ന് ഡിസ്നി വ്യക്തമാക്കി.'ടോയ് സ്റ്റോറി' ഫ്രാഞ്ചൈസിയിലെ പ്രിയപ്പെട്ട കൗഗേൾ കഥാപാത്രമായ 'ജെസ്സി'ക്ക് വേണ്ടിയാണ് ഈ ഗാനം ഒരുക്കിയിരിക്കുന്നത്. ടെയ്‌ലർ സ്വിഫ്റ്റും പ്രശസ്ത മ്യൂസിക് പ്രൊഡ്യൂസർ ജാക്ക് ആന്റണോഫും ചേർന്നാണ് ഗാനം എഴുതിയതും നിർമ്മിച്ചതും. 'ദി ടോർച്ചേർഡ് പോയറ്റ്സ് ഡിപ്പാർട്ട്മെന്റ്' എന്ന ആൽബത്തിന് ശേഷം ജാക്ക് ആന്റണോഫ് വീണ്ടും ടെയ്‌ലറുമായി ഒന്നിക്കുന്ന ഗാനം കൂടിയാണിത്.2026 ജൂൺ 5-ന് വാൾട്ട് ഡിസ്നി റെക്കോർഡ്സ് വഴിയാണ് ഗാനം ഡിജിറ്റലായി റിലീസ് ചെയ്തത്. ഇതിന്റെ അക്കൗസ്റ്റിക്, പിയാനോ പതിപ്പുകൾ അടങ്ങിയ സിഡി സിംഗിളുകൾ ടെയ്‌ലറിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. 2027 മാർച്ചിൽ നടക്കാനിരിക്കുന്ന ഓസ്കാർ അവാർഡിൽ മികച്ച ഒറിജിനൽ ഗാനത്തിനുള്ള മത്സരത്തിലേക്ക് ഈ ഗാനം പരിഗണിക്കപ്പെടാൻ വലിയ സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ.റിലീസിന് പിന്നാലെ തന്റെ കുട്ടിക്കാലത്തെ ഒരു പഴയ വീഡിയോ പങ്കുവെച്ചുകൊണ്ട് ഇൻസ്റ്റാഗ്രാമിൽ ടെയ്‌ലർ കുറിച്ച വാക്കുകൾ ആരാധകർ ഏറ്റെടുത്തു കഴിഞ്ഞു. 'എനിക്ക് അഞ്ച് വയസ്സുള്ളപ്പോൾ ആദ്യ 'ടോയ് സ്റ്റോറി' കണ്ടത് മുതൽ ഈ കഥാപാത്രങ്ങൾക്ക് വേണ്ടി ഒരു പാട്ടെഴുതാൻ ഞാൻ ആഗ്രഹിച്ചിരുന്നു.

# പോൾ മെസ്കലുമായുള്ള ജീവിതത്തെക്കുറിച്ച് ഗ്രേസി അബ്രാംസ്



**പ്രണയം തന്റെ പാട്ടുകളെ ബാധിക്കുമോയെന്ന് ഭയപ്പെട്ടിരുന്നു**

പ്രണയ തകർച്ചകളും വിരഹവേദനകളും നിറഞ്ഞ ഗാനങ്ങളിലൂടെ ലോകമെമ്പാടുമുള്ള സംഗീതാസ്വാദകരുടെ ഹൃദയം കവർന്ന പ്രശസ്ത പോപ്പ് ഗായിക ഗ്രേസി അബ്രാംസ് തന്റെ പുതിയ ജീവിതത്തെയും പ്രണയത്തെയും കുറിച്ച് മനസ്സ് തുറക്കുന്നു. പ്രശസ്ത നടൻ പോൾ മെസ്കലുമായുള്ള തന്റെ പ്രണയബന്ധം അതീവ സുരക്ഷിതവും സുസ്ഥിരവുമാണെന്ന് വ്യക്തമാക്കിയ ഗ്രേസി, എന്നാൽ ഈ സന്തോഷം തന്റെ പാട്ടെഴുത്തിനെ ബാധിക്കുമോ എന്ന് താൻ മുൻപ് ഭയപ്പെട്ടിരുന്നതായി വെളിപ്പെടുത്തി. വിഖ്യാത ഫാഷൻ മാഗസിനായ 'വോഗിന്' നൽകിയ അഭിമുഖത്തിലാണ് താരം തന്റെ ആശങ്കകൾ പങ്കുവെച്ചത്. തന്റെ ഭൂരിഭാഗം ഹിറ്റ് ഗാനങ്ങളും പ്രണയ തകർച്ചകളുമായി ബന്ധപ്പെട്ടതായതിനാൽ, ജീവിതത്തിൽ സന്തോഷം കണ്ടെത്തുമ്പോൾ അത് തന്റെ സർഗ്ഗാത്മകതയെ ഇല്ലാതാക്കുമോ എന്നതായിരുന്നു ഗ്രേസിയുടെ പേടി.എന്നാൽ ഈ പ്രതിസന്ധി ഘട്ടത്തിൽ തന്റെ ദീർഘകാല സഹപ്രവർത്തകനും മ്യൂസിക് പ്രൊഡ്യൂസറുമായ ആരോൺ ഡെസ്നറുടെ ഉപദേശമാണ് ഗ്രേസിക്ക് തുണയായത്:'പുറമേ നോക്കുമ്പോൾ തിളക്കമുള്ളതോ പുതിയതോ ആയി തോന്നിയില്ലെങ്കിൽ പോലും, നമ്മുടെ ഉള്ളിലെ വികാരങ്ങളെ കൂടുതൽ ആഴത്തിൽ ഖനനം ചെയ്ത് സ്വാഭാവികമായി വരുന്നതിനെ പരിഷ്കരിച്ചെടുക്കുന്നത് തെറ്റല്ലെന്ന് ഞാൻ ആരോണിൽ നിന്നാണ് പഠിച്ചത്. സംഗീതത്തിൽ ദീർഘായുസ്സ് നിലനിർത്താൻ ഞാൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.'നിലവിൽ ലണ്ടനിൽ ഒരുമിച്ച് താമസിക്കുകയാണ് ഗ്രേസി അബ്രാംസും പോൾ മെസ്കലും. പ്രശസ്ത സംവിധായകൻ സാം മെൻഡിസ് ഒരുക്കുന്ന, പ്രശസ്ത സംഗീത ബാൻഡ് ആയ 'ബീറ്റിൽസിനെ' കുറിച്ചുള്ള നാല് ഭാഗങ്ങളുള്ള ജീവചരിത്ര സിനിമയുടെ ചിത്രീകരണ തിരക്കുകളിലാണ് പോൾ മെസ്കൽ ഇപ്പോൾ.പോൾ മെസ്കൽ മുൻപ് 'ഹാംനെറ്റ്' എന്ന സിനിമയിൽ അഭിനയിച്ചിരുന്ന കാലത്തെ ഓർമ്മകളും ഗ്രേസി പങ്കുവെച്ചു. ഷൂട്ടിംഗിന് ശേഷം വൈകുന്നേരങ്ങളിൽ ഒത്തുകൂടുമ്പോൾ മെസ്കൽ അന്നേദിവസം അഭിനയിച്ച രംഗങ്ങളെക്കുറിച്ച് തന്നോട് സംസാരിക്കാറുണ്ടായിരുന്നുവെന്ന് ഗ്രേസി പറഞ്ഞു.അത് കേൾക്കുന്നത് ഓരോ ദിവസവും ഓരോ നല്ല കഥ കേൾക്കുന്നത് പോലെ പ്രചോദനാത്മകമായിരുന്നുവെന്നും, സിനിമയ്ക്ക് പിന്നിലെ സർഗ്ഗാത്മക പ്രക്രിയയെ അടുത്തറിയാൻ അത് സഹായിച്ചുവെന്നും അവർ കൂട്ടിച്ചേർത്തു.



# 'ഹണിമൂൺ വിത്ത് ഹാരി' ചിത്രത്തിലേക്ക് നിക്കി വീലനും



ആമസോൺ എംജിഎം സ്റ്റുഡിയോസ് ഒരുക്കുന്ന ഏറ്റവും പുതിയ ചിത്രമായ 'ഹണിമൂൺ വിത്ത് ഹാരി' എന്ന സിനിമയിലേക്ക് പ്രശസ്ത ഹോളിവുഡ് നടി നിക്കി വീലൻ കൂടി ജോയിൻ ചെയ്തു. ഗ്ലെൻ ഫിക്കാര, ജോൺ റെക്വ എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന ഈ ബിഗ് ബഡ്ജറ്റ് ചിത്രത്തിൽ ഹോളിവുഡ് താരങ്ങളായ കെവിൻ കോസ്റ്റ്നർ, ജെയ്ക് ഗില്ലെൻഹാൾ, സാറാ പിഡ്ജിയോൺ എന്നിവരാണ് പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുന്നത്.റീത്ത ഓറ, സിമോൺ കെസൽ, ഓർവില്ലെ ബറെൽ എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന അഭിനേതാക്കൾ. 'ഹാൾ പാസ്', 'നൈറ്റ് ഓഫ് കപ്പ്സ്', 'സ്ക്രബ്സ്' തുടങ്ങിയ ചിത്രങ്ങളിലൂടെയും പരമ്പരകളിലൂടെയും ശ്രദ്ധേയയായ നിക്കി വീലൻ, ഇതിന് പിന്നാലെ ജെയിംസ് ഫ്രാങ്കോയ്ക്കൊപ്പം 'ലവ് മീറ്റ്സ് ഇൻ ദി സൺഷൈൻ' എന്ന റോഡ് ട്രിപ്പ് സിനിമയിലും വേഷമിടുന്നുണ്ട്.ഇതേ പേരിലുള്ള ഒരു പ്രശസ്ത നോവലിനെ ആസ്പദമാക്കി 'ദിസ് ഈസ് അസ്' എന്ന പരമ്പരയുടെ സ്രഷ്ടാവായ പ്രശസ്ത തിരക്കഥാകൃത്ത് ഡാൻ ഫോഗൽമാൻ ആണ് ഈ ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്.ജീവിതത്തിൽ ചില കുറവുകളൊക്കെയുള്ള ഒരു യുവാവും അവന്റെ പ്രതിശ്രുത വധുവിന്റെ അല്പം ദേഷ്യക്കാരനും അമിത സംരക്ഷണ മനോഭാവമുള്ളതുമായ പിതാവും തമ്മിലുള്ള ബന്ധമാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഇരുവരും ഒട്ടും താല്പര്യമില്ലാതെ ഒരുമിച്ച് ഒരു യാത്ര പോകാൻ നിർബന്ധിതരാകുന്നു. എന്നാൽ ഈ യാത്രയ്ക്കിടയിൽ ഇവരുടെ ജീവിതത്തെയാകെ മാറ്റിമറിക്കുന്ന അപ്രതീക്ഷിതമായ ഒരു സംഭവം ഉണ്ടാകുന്നതാണ് സിനിമയുടെ പ്രധാന വഴിത്തിരിവ്.



## ഷൂട്ടിംഗ് സെറ്റിൽ അപ്രതീക്ഷിത അതിഥിയായി ബറാക് ഒബാമ; അമ്പരന്ന് സിനിമാ താരങ്ങൾ



ഹോളിവുഡിൽ ഒരുങ്ങുന്ന പുതിയ സയൻസ് ഫിക്ഷൻ ചിത്രമായ ഡിസ്ക്ലോഷർ ഡേയുടെ ഷൂട്ടിംഗ് സെറ്റിൽ അപ്രതീക്ഷിത സന്ദർശനം നടത്തി മുൻ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ. ഒബാമയുടെ വരവ് ചിത്രത്തിലെ അഭിനേതാക്കളെയും അണിയറ പ്രവർത്തകരെയും ഒരുപോലെ അമ്പരപ്പിച്ചു. പ്രശസ്ത സംവിധായകൻ സ്റ്റീവൻ സ്പിൽബർഗ് ഒരുക്കുന്ന ചിത്രത്തിന്റെ സെറ്റിലായിരുന്നു ഒബാമ എത്തിയത്. മുൻ പ്രസിഡന്റിനെ നേരിൽ കണ്ട അനുഭവം അതിശയകരമായിരുന്നുവെന്ന് ചിത്രത്തിലെ താരങ്ങൾ പിന്നീട് പ്രതികരിച്ചു.'ജോലിസ്ഥലത്ത് നിങ്ങൾക്ക് ഏറ്റവും ഭയവും സമ്മർദവും തോന്നുന്ന ഒരു ദിവസം സങ്കൽപ്പിക്കുക. അതിനിടയിലാണ് പെട്ടെന്ന് ബറാക് ഒബാമ എത്തുന്നത്,' എന്ന് ഒരു അഭിനേതാവ് തമാശരൂപേണ പറഞ്ഞു. ഒബാമയുടെ സാന്നിധ്യം എല്ലാവരെയും ഒരേസമയം ആവേശഭരിതരും ആശ്ചര്യചകിതരുമാക്കിയതായും അവർ വ്യക്തമാക്കി.ഷൂട്ടിംഗ് പുരോഗമിക്കുന്നതിനിടെയായിരുന്നു ഒബാമയുടെ സന്ദർശനം. അദ്ദേഹം അഭിനേതാക്കളുമായും അണിയറ പ്രവർത്തകരുമായും സംസാരിക്കുകയും ചിത്രത്തെക്കുറിച്ച് വിവരങ്ങൾ തേടുകയും ചെയ്തതായി റിപ്പോർട്ടുകളുണ്ട്.സ്റ്റീവൻ സ്പിൽബർഗിന്റെ പുതിയ സയൻസ് ഫിക്ഷൻ ചിത്രമായ ഡിസ്ക്ലോഷർ ഡേയെ കുറിച്ച് ഇതിനോടകം ഹോളിവുഡിൽ വലിയ പ്രതീക്ഷകളാണ് ഉയർന്നിരിക്കുന്നത്.



## ഹെൽഡൈവേഴ്സിൽനിന്ന് ജെയ്സൺ മൊമോവ പിന്മാറി

പ്രശസ്തമായ വീഡിയോ ഗെയിം പരമ്പരയായ 'ഹെൽഡൈവേഴ്സിന്റെ' ബിഗ് സ്ക്രീൻ പതിപ്പിൽ പ്രധാന വേഷം ചെയ്യാനിരുന്ന 'അക്വാമാൻ' താരം ജെയ്സൺ മൊമോവ ചിത്രത്തിൽ നിന്നും പിന്മാറി. ഹോളിവുഡ് മാധ്യമമായ 'വെറൈറ്റി'യാണ് മൊമോവ സിനിമയിൽ നിന്നും ഒഴിഞ്ഞ വാർത്ത പുറത്തുവിട്ടത്. എന്നാൽ താരം ചിത്രത്തിൽ നിന്നും പിന്മാറിയതിന്റെ കൃത്യമായ കാരണം ഇതുവരെ അണിയറപ്രവർത്തകർ വെളിപ്പെടുത്തിയിട്ടില്ല. പ്രശസ്ത സംവിധായകൻ ജസ്റ്റിൻ ലിൻ ഒരുക്കുന്ന ഈ സയൻസ് ഫിക്ഷൻ ചിത്രത്തിന്റെ മറ്റ് അണിയറപ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് പോകുന്നുണ്ടെങ്കിലും, മൊമോവയ്ക്ക് പകരം മറ്റൊരു മുൻനിര നായകനെ കണ്ടെത്താനുള്ള തിരച്ചിലിലാണ് ഇപ്പോൾ സോണി പിക്ചേഴ്സ്. ആരോഹെഡ് ഗെയിം സ്റ്റുഡിയോസ് വികസിപ്പിച്ചെടുത്ത പ്രശസ്തമായ വീഡിയോ ഗെയിമിനെ ആസ്പദമാക്കിയാണ് ചിത്രം ഒരുങ്ങുന്നത്.

## ചെറിയ കഥയാണ് പക്ഷേ വലിയ സിനിമയാണ് ബാലൻ; ചിദംബരം




മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം ഒരുക്കുന്ന സിനിമയാണ് ബാലൻ. ചിത്രത്തിന്റെ ട്രെയ്ലർ കഴിഞ്ഞ ദിവസം പുറത്ത് എത്തിയിരുന്നു.മഞ്ഞുമ്മൽ ബോയ്സിനേക്കാൾ ചെയ്യാൻ ബുദ്ധിമുട്ടിയ സിനിമയാണ് ബാലൻ എന്ന് പറയുകയാണ് ചിദംബരം. ചെറുകഥ ആണെങ്കിലും സിനിമ വലുതാണെന്നും ചിദംബരം പറഞ്ഞു. രേഖ മേനോന് നൽകിയ അഭിമുഖത്തിലാണ് പ്രതികരണം.'എൻറെ ഒരു പ്ലാനിലേ ഇല്ലാതിരുന്ന പടമായിരുന്നു ബാലൻ. മഞ്ഞുമ്മൽ കഴിഞ്ഞ് എന്ത് ചെയ്യണമെന്ന് ആലോചിക്കുന്ന സമയമായിരുന്നു. വലിയ പടം ചെയ്യണോ എന്നൊക്കെ ചിന്തിക്കുന്ന സമയം. ബോളിവുഡിൽ നിന്നുള്ള വിളി അടക്കം, അതിനിടെ എന്തൊക്കെയോ സംഭവിച്ചു.അടുത്തത് എന്ത് ചെയ്യണമെന്ന പ്രോസസിൽ സത്യം പറഞ്ഞാൽ ഞാൻ ലോസ്റ്റ് ആയിപ്പോയിരുന്നു. ആ സമയത്താണ് എൻറെ സുഹൃത്ത് കൂടിയായ നടൻ സജിൻ ഗോപു എന്നോട് പറഞ്ഞത്, ജിത്തു മാധവന്റെ കയ്യിൽ ഒരു കഥയുണ്ടെന്നത്, കഥ കേട്ടപ്പോഴാണ് അതിൽ ഒരു വലിയ സിനിമയുണ്ടെന്ന് മനസിലായത്. അങ്ങനെയാണ് ബാലൻ സംഭവിച്ചത്. ഇതും ഒരു സർവൈവൽ ആണ്. മനുഷ്യവികാരങ്ങളോട് വളരെ സത്യസന്ധത പുലർത്തുന്ന ചിത്രം കൂടിയാണ്. മഞ്ഞുമ്മൽ ബോയ്സിനേക്കാൾ ചെയ്തെടുക്കാൻ പ്രയാസമുണ്ടായിരുന്ന സിനിമയുമാണ് ബാലൻ. മഞ്ഞുമ്മൽ ബോയ്സിൽ കാഴ്ചയുടെ വിസ്മയത്തിൻറെ ഒരു മുൻതൂക്കം ഉണ്ടായിരുന്നു. ബാലനിൽ ക്യാമറ പക്ഷേ അഭിനേതാക്കളോട് വളരെ അടുത്താണ്. വളരെ പേഴ്സണൽ ആണ് അത്. എന്നെ സംബന്ധിച്ചും ഒരു പുതിയ കാര്യമായിരുന്നു അത്'', ചിദംബരം പറയുന്നു.

# അഭിനയത്തിലേക്ക് മടങ്ങിയെത്താൻ കത്രീന കൈഫ്

കഴിഞ്ഞ വർഷം ആൺകുഞ്ഞിന് ജന്മം നൽകിയതിന് പിന്നാലെ ബോളിവുഡ് മുൻനിര നായിക കത്രീന കൈഫ് അഭിനയരംഗത്തേക്ക് ശക്തമായ തിരിച്ചുവരവിന് ഒരുങ്ങുന്നു. പ്രമുഖ ദേശീയ മാധ്യമമായ ഇന്ത്യ ടുഡേ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം താരം പുതിയ സിനിമകളുടെ തിരക്കഥകൾ കേട്ടുതുടങ്ങിയിട്ടുണ്ട്. വെള്ളിത്തിരയ്ക്ക് പുറമെ ഒടിടി പ്ലാറ്റ്ഫോമുകളിലെ വലിയ പ്രോജക്റ്റുകളും താരം സജീവമായി പരിഗണിക്കുന്നുണ്ടെന്നാണ് വിവരം.കഴിഞ്ഞ നവംബറിൽ അമ്മയായ കത്രീന, ധൃതിപിടിച്ച് സിനിമകൾ സൈൻ ചെയ്യാൻ താല്പര്യപ്പെടുന്നില്ല. തന്റെ പുതിയ ജീവിതസാഹചര്യങ്ങൾക്കും മുൻഗണനകൾക്കും അനുയോജ്യമായ മികച്ചൊരു കഥയ്ക്കായുള്ള കാത്തിരിപ്പിലാണ് താരം. എല്ലാം ഒത്തുവന്നാൽ അടുത്ത വർഷം അതായത് 2027-ന്റെ രണ്ടാം പകുതിയോടെ താരം വീണ്ടും ക്യാമറയ്ക്ക് മുന്നിലെത്തും. ഒടിടി പ്രോജക്റ്റാണ് കത്രീന തിരഞ്ഞെടുക്കുന്നതെങ്കിൽ അത് താരത്തിന്റെ ഡിജിറ്റൽ അരങ്ങേറ്റത്തിന് വഴിയൊരുക്കും. ബോളിവുഡിലെ പ്രമുഖ താരങ്ങളെല്ലാം ഒടിടിയിലേക്ക് ചുവടുമാറ്റുമ്പോഴും കത്രീന ഇതുവരെ വെബ് സീരീസുകളുടെയോ ഡിജിറ്റൽ സിനിമകളുടെയോ ഭാഗമായിട്ടില്ല.ശ്രീറാം രാഘവൻ സംവിധാനം ചെയ്ത് 2024 ജനുവരി 12-ന് തിയേറ്ററുകളിൽ എത്തിയ 'മേരി ക്രിസ്മസ്' എന്ന ചിത്രത്തിലാണ് കത്രീന കൈഫ് അവസാനമായി അഭിനയിച്ചത്.



# സിലിക്കൺ വാലിയിലെ വിസ യുദ്ധം: ട്രംപിന്റെ ലക്ഷം ഡോളർ ഫീസിന് കോടതിയുടെ പൂട്ട്; നയതന്ത്ര വിജയത്തിൽ ഇന്ത്യൻ ഐടി വിപണി

ബോസ്റ്റൺ/ന്യൂഡൽഹി: അന്താരാഷ്ട്ര തലത്തിൽ അത്യാധുനിക സാങ്കേതിക വിദ്യകളുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രതിഭകളുടെയും കുടിയേറ്റത്തിന് മേൽ കടുത്ത നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കുടിയേറ്റ വിരുദ്ധ നയങ്ങൾക്ക് യുഎസ് നീതിന്യായ വ്യവസ്ഥയിൽ നിന്നും കനത്ത പ്രഹരം. പുതിയ എച്ച്1ബി തൊഴിൽ വിസകൾക്കായി സിലിക്കൺ വാലിയിലെ കമ്പനികൾക്ക് മേൽ ട്രംപ് ഭരണകൂടം ഏകപക്ഷീയമായി അടിച്ചേൽപ്പിച്ച ഒരു ലക്ഷം ഡോളറിന്റെ ഭീമാകാരമായ അധിക ഫീസ് യുഎസ് ഫെഡറൽ കോടതി പൂർണ്ണമായി റദ്ദാക്കി.




കഴിഞ്ഞ സെപ്തംബറിൽ ഒരു പ്രത്യേക വിജ്ഞാപനത്തിലൂടെ നിലവിൽ വന്ന ഈ കടുത്ത ഫീസ് ഘടന, വിപണിയിലെ സ്വതന്ത്ര മത്സരത്തെ തകർക്കുന്നതാണെന്ന് ചൂണ്ടിക്കാണിച്ചാണ് കോടതി ഭരണകൂടത്തിന്റെ വിവേചനാധികാരങ്ങൾക്ക് തടയിട്ടത്.

ബോസ്റ്റണിലെ യുഎസ് ഡിസ്ട്രിക്റ്റ് ജഡ്ജി ലിയോ സോറോക്കിൻ തിങ്കളാഴ്ച പുറപ്പെടുവിച്ച ഈ പുതിയ വിധി, വാഷിംഗ്ടണും സിലിക്കൺ വാലിയിലെ ടെക് കോർപ്പറേറ്റുകളും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന തന്ത്രപരമായ വടംവലിയുടെ ഏറ്റവും പുതിയ പ്രതിഫലനമാണ്. വിസ വിപണിയിലെ ഈ വലിയ നിയമയുദ്ധത്തിന്റെ അണിയറ രഹസ്യങ്ങളെയും അതിന്റെ ആഗോള സാമ്പത്തിക പ്രത്യാഘാതങ്ങളെയും കുറിച്ചുള്ള സമഗ്രമായ അന്വേഷണാത്മക റിപ്പോർട്ട് താഴെ നൽകുന്നു.

### ലിയോ സോറോക്കിന്റെ 42 പേജുള്ള വിധിന്യായവും നിയമവിരുദ്ധ നികുതിയുടെ കുരുക്കും

പ്രസിഡന്റ് ട്രംപ് ഒരു കടുത്ത സൈനിക ഉപരോധം പോലെ പ്രയോഗിച്ച ഈ വിസ പരിഷ്കരണത്തെ പൂർണ്ണമായും ഭരണഘടനാ വിരുദ്ധമായാണ് ഫെഡറൽ കോടതി വിലയിരുത്തിയത്.

**ഭരണഘടനാ വിരുദ്ധമായ നികുതി ചുമത്തൽ:** തന്റെ 42 പേജുള്ള അതീവ ഗൗരവമേറിയ വിധിന്യായത്തിൽ, ട്രംപ് ഭരണകൂടം ഏർപ്പെടുത്തിയ ഒരു ലക്ഷം ഡോളർ തുക വെറുമൊരു അപേക്ഷാ ഫീസല്ല, മറിച്ച് യുഎസ് കോൺഗ്രസിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കിയ നിയമവിരുദ്ധമായ നികുതിയാണെന്ന് ജഡ്ജി ലിയോ സോറോക്കിൻ കൃത്യമായി ചൂണ്ടിക്കാണിച്ചു. എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ നികുതികൾ ചുമത്താൻ പ്രസിഡന്റിന് ഭരണഘടനാപരമായ യാതൊരു അധികാരവുമില്ലെന്ന് കോടതി വ്യക്തമാക്കി.

**ട്വന്റി സ്റ്റേറ്റ് സഖ്യത്തിന്റെ വലിയ വിജയം:** കാലിഫോർണിയ, ന്യൂയോർക്ക് ഉൾപ്പെടെയുള്ള 20 ഡെമോക്രാറ്റിക് സ്റ്റേറ്റ് അറ്റോർണി ജനറൽമാർ സംയുക്തമായി നൽകിയ കടുത്ത നിയമപോരാട്ടത്തിനൊടുവിലാണ് ഈ അനുകൂല ഉത്തരവ് പുറത്തുവന്നത്. ന്യൂയോർക്ക് അറ്റോർണി ജനറൽ ലെറ്റിഷ്യ ജെയിംസ് ഈ വിധിയെ സ്വാഗതം ചെയ്തുകൊണ്ട്, രാജ്യത്തെ പ്രധാന സാങ്കേതിക മേഖലകളെ തകർക്കാനുള്ള ഭരണകൂടത്തിന്റെ നിയമവിരുദ്ധ നീക്കത്തിനാണ് കോടതി ഇപ്പോൾ അന്ത്യം കുറിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കി.

**സുപ്രീം കോടതി വിധികളുടെ മുൻകാല മാതൃകകൾ:** ഈ വർഷം ഫെബ്രുവരിയിൽ ട്രംപിന്റെ പല കടുത്ത വ്യാപാര താരിഫുകളും യുഎസ് സുപ്രീം കോടതി റദ്ദാക്കിയ ചരിത്രം ചൂണ്ടിക്കാണിച്ചാണ് ജഡ്ജി ലിയോ സോറോക്കിൻ ഈ പുതിയ വിധിക്ക് അടിത്തറയിട്ടത്. കോൺഗ്രസിന്റെ അനുമതിയില്ലാതെ വിദേശ നയങ്ങളുടെ പേരിൽ ആഭ്യന്തര വിപണിയിൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരാൻ വൈറ്റ് ഹൗസിന് കഴിയില്ലെന്ന് കോടതി ആവർത്തിച്ചു.

**അഡ്മിനിസ്ട്രേറ്റീവ് പ്രൊസീജ്യർ ആക്ടിന്റെ ലംഘനം:** പുതിയ ഫീസ് ഘടന നടപ്പിലാക്കുന്നതിന് മുൻപ് ആവശ്യമായ വിശദീകരണങ്ങളോ വിപണി പഠനങ്ങളോ നടത്താൻ ഗവൺമെന്റ് ഏജൻസികൾ തയ്യാറായിരുന്നില്ലെന്ന് കോടതി കണ്ടെത്തി. ഫെഡറൽ നിയമമായ അഡ്മിനിസ്ട്രേറ്റീവ് പ്രൊസീജ്യർ ആക്ട് ലംഘിച്ചുകൊണ്ട് അതീവ രഹസ്യമായാണ് ഈ വിജ്ഞാപനം ഇറക്കിയത്.

### ഇന്ത്യൻ സോഫ്റ്റ്‌വെയർ വിപണിയുടെ സുരക്ഷയും തകരുന്ന കോർപ്പറേറ്റ് തടസ്സങ്ങളും

അമേരിക്കയിലെ ടെക് ഭീമന്മാർ വിദേശത്തുനിന്നും അത്യാധുനിക പ്രതിഭകളെ ആകർഷിക്കാൻ ഉപയോഗിക്കുന്ന പ്രധാന വാതിലാണ് എച്ച്1ബി വിസ. ഈ പുതിയ വിധി ഇന്ത്യൻ പ്രൊഫഷണലുകളുടെ കരിയർ ഭദ്രത ഉറപ്പാക്കുന്നു.

**70 ശതമാനം വരുന്ന ഇന്ത്യൻ പങ്കാളിത്തം:** പ്രതിവർഷം അനുവദിക്കുന്ന എൺപത്തയ്യായിരത്തോളം വരുന്ന പുതിയ എച്ച്-1ബി വിസകളിൽ എഴുപത് ശതമാനത്തിലധികവും സ്വന്തമാക്കുന്നത് ഇന്ത്യൻ സോഫ്റ്റ്‌വെയർ എഞ്ചിനീയർമാരാണ്. മുൻപ് പുതിയ അപേക്ഷകൾക്കായി 2,225 മുതൽ 3,595 ഡോളർ വരെ മാത്രം ചിലവ് വന്നിരുന്ന സ്ഥാനത്താണ് ട്രംപ് ഇത് ഒറ്റയടിക്ക് ഒരു ലക്ഷം ഡോളറായി ഉയർത്തിയത്.

**ചെറുകിട സ്റ്റാർട്ടപ്പുകളുടെയും ആശുപത്രികളുടെയും രക്ഷ:** ഈ കനത്ത സാമ്പത്തിക ബാധ്യത കാരണം അമേരിക്കയിലെ ചെറുകിട സാങ്കേതിക സ്റ്റാർട്ടപ്പുകൾക്കും ഗ്രാമീണ മേഖലകളിലെ ആശുപത്രികൾക്കും ഇന്ത്യൻ പ്രതിഭകളെ സ്പോൺസർ ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഫെബ്രുവരി പകുതി വരെ വെറും 85 കമ്പനികൾ മാത്രമാണ് ഈ വലിയ തുക അടച്ച് വിസകൾ വാങ്ങാൻ തയ്യാറായത് എന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു.

**വിദ്യാർത്ഥികളുടെ കരിയർ പ്രതീക്ഷകൾ തിരികെ വരുന്നു:** അമേരിക്കൻ സർവ്വകലാശാലകളിൽ നിന്നും കനത്ത ചിലവിൽ പഠനം പൂർത്തിയാക്കി വിദേശ തൊഴിൽ പരിചയം ആഗ്രഹിച്ചിരുന്ന ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് പുതിയ വിധി വലിയൊരു ആശ്വാസമാണ്. പല മുൻനിര ടെക് കമ്പനികളും വിസ ഫീസ് ഭയന്ന് ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് നൽകിയിരുന്ന ഓഫർ ലെറ്ററുകൾ റദ്ദാക്കിയത് വിപണിയിൽ വലിയൊരു നിരാശ പടർത്തിയിരുന്നു.

**നോൺപ്രോഫിറ്റ് സ്ഥാപനങ്ങൾക്കുള്ള സ്വാതന്ത്ര്യം:** പുതിയ കോടതി ഉത്തരവോടെ സർവ്വകലാശാലകൾക്കും നോൺപ്രോഫിറ്റ് ഗവേഷണ സ്ഥാപനങ്ങൾക്കും യാതൊരുവിധ ലോട്ടറി നിയന്ത്രണങ്ങളോ വൻ സാമ്പത്തിക ബാധ്യതകളോ ഇല്ലാതെ ഇന്ത്യൻ ശാസ്ത്രജ്ഞരെയും അധ്യാപകരെയും നിയമിക്കാനുള്ള പഴയ സ്വാതന്ത്ര്യം തിരികെ ലഭിച്ചിരിക്കുകയാണ്.

### ആഗോള സാമ്പത്തിക അസ്ഥിരതയും വൈറ്റ് ഹൗസിന്റെ അപ്പീൽ തന്ത്രങ്ങളും

കോടതി വിധിക്ക് പിന്നാലെ സിലിക്കൺ വാലിയിൽ വലിയൊരു സാമ്പത്തിക ആശ്വാസം പ്രകടമാണെങ്കിലും, വൈറ്റ് ഹൗസ് തങ്ങളുടെ കടുത്ത നിലപാടുകളിൽ നിന്നും പിന്മാറാൻ തയ്യാറല്ല.

**അപ്പീലുമായി മന്നോട്ട് പോകാൻ ഒലിവിയ വെൽസ്:** കോടതി വിധിക്കെതിരെ കടുത്ത അതൃപ്തിരേഖപ്പെടുത്തിക്കൊണ്ട് വൈറ്റ് ഹൗസ് വക്താവ് ഒലിവിയ വെൽസ് രംഗത്തെത്തിയിട്ടുണ്ട്. അമേരിക്കൻ പൗരന്മാരുടെ തൊഴിലവസരങ്ങൾ വിദേശികൾ തട്ടിയെടുക്കുന്നത് തടയാനാണ് ഫീസ് കൂട്ടിയതെന്നും വിധിക്ക് എതിരെ ഉയർന്ന അപ്പീൽ കോടതിയിൽ ഉടൻ തന്നെ ഹർജി നൽകുമെന്നും അവർ വ്യക്തമാക്കി.

**പശ്ചിമേഷ്യൻ യുദ്ധത്തിന്റെ കനത്ത നിഴലുകൾ:** പശ്ചിമേഷ്യയിൽ ഇസ്രായേലും ഇറാനും തമ്മിൽ തുടരുന്ന കടുത്ത മിസൈൽ യുദ്ധം കാരണം അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവില കുതിച്ചുയരുന്ന കടുത്ത ഘട്ടത്തിലാണ് ഈ ആഭ്യന്തര നയമാറ്റങ്ങൾ ഉണ്ടാകുന്നത്. എണ്ണവില കൂടിയത് അമേരിക്കൻ വിപണിയിലും കടുത്ത പണപ്പെരുപ്പത്തിന് കാരണമായിട്ടുണ്ട്.

**ഇന്ത്യൻ രൂപയുടെ മൂല്യവും വിപണി ചലനങ്ങളും:** ആഗോള യുദ്ധഭീതി കാരണം വിദേശ നിക്ഷേപകർ ഇന്ത്യൻ വിപണിയിൽ നിന്നും വൻതോതിൽ പണം പിൻവലിക്കുന്നത് രൂപയുടെ മൂല്യത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. എന്നാൽ വിസ ഫീസ് റദ്ദാക്കിയ വാർത്ത ഇന്ത്യൻ ഐടി ഓഹരികളായ ഇൻഫോസിസ്, ടിസിഎസ് എന്നിവയ്ക്ക് പുതിയൊരു ഉണർവ് നൽകാൻ സഹായിക്കും.

ഭരണകൂടത്തിന്റെ അനിയന്ത്രിതമായ കുടിയേറ്റ വിരുദ്ധ തന്ത്രങ്ങൾക്ക് യുഎസ് കോടതികൾ നൽകുന്ന ഈ തിരുത്തലുകൾ ആഗോള വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ സുഗമമായ നിലനിൽപ്പിന് അതീവ അനിവാര്യമാണ്. സാങ്കേതിക വിദ്യകളിൽ മനുഷ്യന്റെ നൈപുണ്യത്തിന് മുൻഗണന നൽകാതെ വെറും കോർപ്പറേറ്റ് താല്പര്യങ്ങൾ മാത്രം സംരക്ഷിക്കാൻ ശ്രമിക്കുന്ന ട്രംപിന്റെ നയങ്ങൾ സ്വന്തം നാട്ടിലെ വ്യവസായ പ്രമുഖർക്ക് തന്നെ കനത്ത തിരിച്ചടിയാണ് സമ്മാനിക്കുന്നത്.

വരും മാസങ്ങളിൽ വൈറ്റ് ഹൗസ് സമർപ്പിക്കാൻ പോകുന്ന പുതിയ അപ്പീൽ ഹർജികളിലെ തീരുമാനങ്ങളും സിലിക്കൺ വാലിയിലെ പുതിയ സാങ്കേതിക വിന്യാസങ്ങളുമായിരിക്കും ലോകമെമ്പാടുമുള്ള ഐടി പ്രൊഫഷണലുകളുടെ യഥാർത്ഥ ഭാവി സുരക്ഷ നിർണ്ണയിക്കുക.

# ഫിഫ ലോകകപ്പ് ട്രോഫി: സുവർണ ചരിത്രവും ആരും കൊതിക്കുന്ന സവിശേഷതകളും

ലോക കായിക രംഗത്തെ ഏറ്റവും മൂല്യമേറിയതും ആരാധകർ നെഞ്ചേറ്റുന്നതുമായ ഒന്നാണ് ഫിഫ ലോകകപ്പ് ട്രോഫി. എന്നാൽ ഇന്ന് നാം കാണുന്ന സ്വർണ്ണക്കപ്പ് അല്ല ലോകകപ്പിന്റെ തുടക്കത്തിൽ വിജയികൾക്ക് നൽകിയിരുന്നത്. 1930 ൽ ആദ്യ ലോകകപ്പ് നടക്കുമ്പോൾ ഫ്രഞ്ച് ശിൽപിയായ ആബേൽ ലാഫ്‌ലർ രൂപകൽപ്പന ചെയ്ത ട്രോഫിയാണ് നൽകിയിരുന്നത്. ഗ്രീക്ക് പുരാണത്തിലെ വിജയത്തിന്റെ ദേവതയായ നൈക്കി ഒരു അഷ്ടകോണ പാത്രം കൈകളിൽ ഉയർത്തിപ്പിടിക്കുന്ന രൂപത്തിലായിരുന്നു ഇത് നിർമ്മിച്ചത്.

### ജൂൾസ് റിമെ ട്രോഫി

സ്വർണം പൂശിയ സ്റ്റെർലിംഗ് വെള്ളിയും ലാപിസ് ലാസുലി എന്ന നീല രത്നക്കല്ലും ഉപയോഗിച്ചായിരുന്നു ഇതിന്റെ നിർമ്മാണം. ലോകകപ്പ് ടൂർണമെന്റ് യാഥാർത്ഥ്യമാക്കാൻ മുന്നിൽ നിന്ന് പ്രവർത്തിച്ച മുൻ ഫിഫ പ്രസിഡന്റ് ജൂൾസ് റിമെയുടെ ബഹുമാനാർത്ഥം 1946 ൽ ഈ കപ്പിന് ജൂൾസ് റിമെ ട്രോഫി എന്ന് പേരിട്ടു. ഏതൊരു രാജ്യം ആദ്യമായി മൂന്ന് തവണ ലോകകപ്പ് നേടുന്നുവോ, അവർക്ക് ഈ ട്രോഫി സ്ഥിരമായി സ്വന്തമാക്കാം എന്ന് ജൂൾസ് റിമെ പ്രഖ്യാപിച്ചിരുന്നു. അങ്ങനെ 1970 ൽ പെലെയുടെ നേതൃത്വത്തിൽ ബ്രസീൽ തങ്ങളുടെ മൂന്നാം ലോകകപ്പ് കിരീടം ചൂടിയതോടെ ഈ യഥാർത്ഥ ട്രോഫി അവർക്ക് സ്ഥിരമായി സ്വന്തമായി.

### ഒരു സിനിമാക്കഥയെ വെല്ലുന്ന മോഷണങ്ങൾ

ഈ യഥാർത്ഥ ട്രോഫിയുടെ ചരിത്രം സിനിമാക്കഥകളെ പോലും വെല്ലുന്ന നാടകീയത നിറഞ്ഞതായിരുന്നു. രണ്ടാം ലോകമഹാ യുദ്ധകാലത്ത് നാസികളുടെ കൈകളിൽ പെടാതിരിക്കാൻ ഫിഫയുടെ വൈസ് പ്രസിഡന്റായിരുന്ന ഒട്ടോറിനോ ബറേസി ഈ ട്രോഫി ഇറ്റലിയിലെ ഒരു ബാങ്ക് ലോക്കറിൽ നിന്ന് രഹസ്യമായി കടത്തി തന്റെ കട്ടിലിനടിയിൽ ഷൂ ബോക്സിനുള്ളിലാണ് ഒളിപ്പിച്ചു വെച്ചത്. പിന്നീട് 1966 ൽ ഇംഗ്ലണ്ടിൽ വെച്ച് നടന്ന ഒരു പ്രദർശനത്തിനിടെ ട്രോഫി മോഷ്ടിക്കപ്പെട്ടു.

തിരച്ചിലുകൾക്കൊടുവിൽ പിക്ക്ൾസ് എന്ന വളർത്തുനായയാണ് ലണ്ടനിലെ ഒരു തോട്ടത്തിൽ പത്രക്കടലാസിൽ പൊതിഞ്ഞ നിലയിൽ ഇത് കണ്ടെത്തിയത്. എന്നാൽ ബ്രസീലിന്റെ കൈകളിൽ എത്തിയ ശേഷം 1983 ൽ റിയോ ഡി ജനീറോയിൽ വെച്ച് ഈ ട്രോഫി വീണ്ടും മോഷ്ടിക്കപ്പെട്ടു. ബുള്ളറ്റ് പ്രൂഫ് ഗ്ലാസിനുള്ളിൽ സൂക്ഷിച്ചിരുന്ന ട്രോഫി തടിയുടെ പിൻഭാഗം തകർത്താണ് കള്ളന്മാർ കവർന്നത്. ഈ യഥാർത്ഥ ട്രോഫി പിന്നീട് ഒരിക്കലും കണ്ടെത്താനായില്ല. കള്ളന്മാർ അത് ഉരുക്കി സ്വർണ്ണക്കട്ടികളാക്കി വിറ്റു എന്നാണ് വിശ്വസിക്കപ്പെടുന്നത്. തുടർന്ന് ബ്രസീൽ ഫുട്ബോൾ അസോസിയേഷൻ ഇതിന്റെ ഒരു കൃത്യമായ പകർപ്പ് നിർമ്മിച്ച് സൂക്ഷിക്കുകയാണ് ഉണ്ടായത്.




### ഇന്നത്തെ ഫിഫ ലോകകപ്പ് ട്രോഫി

ബ്രസീൽ പഴയ ട്രോഫി സ്ഥിരമായി സ്വന്തമാക്കിയതോടെ 1974 ലെ ലോകകപ്പിനായി ഫിഫ പുതിയൊരു ഡിസൈൻ തേടി. ലോകമെമ്പടുമുള്ള ശിൽപികളിൽ നിന്ന് ലഭിച്ച 53 ഡിസൈനുകളിൽ നിന്ന് ഇറ്റാലിയൻ കലാകാരനായ സിൽവിയോ ഗസാനിഗ തയ്യാറാക്കിയ രൂപമാണ് ഫിഫ തിരഞ്ഞെടുത്തത്. പഴയ ആർട്ട് നൊവൊ ശൈലിയിൽ നിന്ന് മാറി ഇരുപതാം നൂറ്റാണ്ടിന്റെ ആധുനിക കലയെ പ്രതിഫലിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ഡിസൈൻ. രണ്ട് മനുഷ്യരൂപങ്ങൾ അതീവ ആഹ്ലാദത്തോടെ ഭൂഗോളത്തെ കൈകളിൽ ഉയർത്തിപ്പിടിച്ചു നിൽക്കുന്ന മനോഹരമായ ശിൽപമാണിത്.

കായിക രംഗത്തെ ചടുലതയും ചലനാത്മകതയും വിജയത്തിന്റെ ആനന്ദവുമാണ് ഇതിലൂടെ ശിൽപി ആവിഷ്കരിച്ചത്. ട്രോഫിയിലെ ഭൂഖണ്ഡങ്ങൾ തിളങ്ങുന്ന പ്രതലത്തോടെയും, ബാക്കി ശരീരഭാഗങ്ങൾ മാറ്റ് ഫിനിഷിലുമാണ് ഒരുക്കിയിരിക്കുന്നത്. ഇത് കഠിനാധ്വാനത്തിലൂടെ നേടുന്ന മഹത്വത്തെ സൂചിപ്പിക്കുന്നു. സാങ്കേതികമായി പറഞ്ഞാൽ ഈ ട്രോഫിക്ക് 36.8 സെന്റീമീറ്റർ ഉയരവും 6.175 കിലോഗ്രാം ഭാരവുമുണ്ട്. ഇതിൽ 18 ക്യാരറ്റിന്റെ (75 ശതമാനം) ശുദ്ധമായ തങ്കമാണ് ഉപയോഗിച്ചിരിക്കുന്നത്. ട്രോഫിയുടെ ഉൾഭാഗം പൊള്ളയാണ്. അല്ലാത്തപക്ഷം ഇത് ഒരു മനുഷ്യന് കൈകളിൽ ഉയർത്താൻ കഴിയാത്തത്ര ഭാരമുള്ളതായി മാറുമായിരുന്നു.

ട്രോഫിയുടെ താഴെ പച്ച നിറത്തിലുള്ള രണ്ട് മാലക്കൈറ്റ് വളയങ്ങളുണ്ട്. ഇതിന്റെ ചുവട്ടിലെ 20 ചതുരശ്ര ബോക്സുകളിലാണ് ഓരോ വർഷത്തെയും വിജയികളാകുന്ന രാജ്യങ്ങളുടെ പേരും വർഷവും അതത് രാജ്യങ്ങളുടെ ഭാഷയിൽ കൊത്തിവെയ്ക്കുന്നത്. നിലവിലെ ക്രമീകരണമനുസരിച്ച് 2030 വരെയുള്ള ലോകകപ്പ് ജേതാക്കളുടെ പേരുകൾ എഴുതാനുള്ള സ്ഥലമേ ഇതിലുള്ളൂ. അതിന് ശേഷം ഫിഫ ഈ ട്രോഫിയിൽ മാറ്റങ്ങൾ വരുത്തുമോ അതോ പുതിയത് കൊണ്ടുവരുമോ എന്നത് ഇപ്പോഴും നിഗൂഢമാണ്.

### ട്രോഫി ആർക്കൊക്കെ തൊടാം?

ലോകകപ്പ് ട്രോഫി കൈകാര്യം ചെയ്യുന്നതിൽ ഫിഫയ്ക്ക് അതീവ കർശനമായ നിയമങ്ങളുണ്ട്. ലോകകപ്പ് ജേതാക്കളായ കളിക്കാർക്കും പരിശീലകർക്കും, അതത് രാജ്യങ്ങളിലെ ഭരണത്തലവന്മാർക്കും മാത്രമേ വെറും കൈയോടെ ഈ ട്രോഫി തൊടാനാകൂ. മറ്റാർ തൊടണമെങ്കിലും പ്രത്യേക ഗ്ലൗസുകൾ ധരിച്ചിരിക്കണം. കൂടാതെ വിജയിക്കുന്ന ടീമുകൾക്ക് മൈതാനത്തെ ആഘോഷവേളയിൽ മാത്രമേ യഥാർത്ഥ ട്രോഫി നൽകുകയുള്ളൂ. അവർക്ക് സ്വന്തം നാട്ടിലേക്ക് കൊണ്ടുപോകാൻ നൽകുന്നത് വെങ്കലത്തിൽ സ്വർണ്ണം പൂശിയ ഇതിന്റെ കൃത്യമായ ഒരു പകർപ്പ് മാത്രമാണ്.

യഥാർത്ഥ ട്രോഫി ഫിഫയുടെ കസ്റ്റഡിയിലാണ് സൂക്ഷിക്കുന്നത്. സ്വിറ്റ്സർലൻഡിലെ സൂറിച്ചിലുള്ള ഫിഫ വേൾഡ് ഫുട്ബോൾ മ്യൂസിയത്തിൽ മാത്രമേ പൊതുജനങ്ങൾക്ക് ഇത് കാണാൻ സാധിക്കുകയുള്ളൂ. അവിടെ നിന്നും ലോകകപ്പ് ടൂർണമെന്റുകളുടെ ഉദ്ഘാടന ചടങ്ങുകൾക്കും കപ്പ് ടൂറുകൾക്കുമായി മാത്രമാണ് ഇത് പുറത്തെടുക്കാറുള്ളത്.

# പാർട്ടിക്ക് തെറ്റ് പറ്റി, ഞങ്ങൾ ക്ലീൻ, ക്ലീൻ ..... ഗോവിന്ദന്റെ 'താത്വിക തരികിട'കൾ തുടരും!

ഒരു കാര്യം തീർച്ചയായി സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കളെ പോലും നേരിട്ട് കാണാൻ പാർട്ടിയുടെ ഉന്നത നേതാക്കൾ ഇപ്പോൾ ഭയപ്പെടുന്നു. അണികളെല്ലാം ഒന്ന് തണുത്തിട്ട് മതി ഇനിയുള്ള ചർച്ചകൾ എന്ന് പിണറായിയും ഗോവിന്ദനും തീരുമാനിച്ചു കഴിഞ്ഞു. ഓഗസ്റ്റിൽ നടക്കുന്ന വിപുലമായ സംസ്ഥാന കമ്മിറ്റിയിൽ പോലും പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നത് ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങൾ വരെയുള്ള പാർട്ടി നേതാക്കളെയാണ്. പ്രാദേശിക കമ്മിറ്റികളിലേക്ക് 40 ചോദ്യങ്ങൾ ഏ.കെ.ജി സെന്ററിൽ നിന്ന് അയച്ചത് ഏരിയാ കമ്മിറ്റികൾ മൈൻഡ് ചെയ്തതേയില്ല. ഇതോടെയാണ് സംസ്ഥാന കമ്മിറ്റിയെ കൊണ്ട് പിണറായിയും ഗോവിന്ദനും പുതിയ നിർദ്ദേശം മുന്നോട്ടു വച്ചത്.

പൊളിറ്റ് ബ്യൂറോ പോലും കേരളത്തിലെ പാർട്ടിക്ക് ഗുരുതരമായ തെറ്റ് പറ്റിയിട്ടുണ്ടെന്നും പ്ലീനം വിളിച്ചു ചേർക്കണമെന്നും സംസ്ഥാന നേതൃത്വത്തോട് ആവശ്യപ്പെട്ടുവെങ്കിലും അതൊന്നും സി.പി.എം. സംസ്ഥാനകമ്മറ്റി ചെവികൊണ്ടില്ല. എല്ലാ ജില്ലാ സെക്രട്ടറിമാരും സെക്രട്ടറിയേറ്റ് അംഗങ്ങളും പിണറായി വച്ച എറാൻമൂളികളാണെന്ന പരാതി നേരത്തെ ഉയർന്നിരുന്നു. അതുകൊണ്ടുതന്നെ ഓഗസ്റ്റിൽ ചേരുന്ന വിപുലമായ പാർട്ടി സമ്മേളനത്തിൽ മുഴങ്ങാൻ പോകുന്നത് കുറെ ശിങ്കിടികളുടെ ഇലത്താളമായിരിക്കുമെന്നത് തീർച്ച. ഒരർത്ഥത്തിൽ, അണികൾക്ക് പാർട്ടി നേതാക്കളെ തിരുത്താനുള്ള കനകാവസരം ഇല്ലാതാക്കാൻ തന്നെയാണ് പിണറായിയും ഗോവിന്ദനും ശ്രമിക്കുന്നത്.

### വിശദീകരണങ്ങളുടെ വായ്ത്താരികൾ

എന്തുകൊണ്ട് പാർട്ടി തോറ്റുവെന്ന ലളിതമായ ചോദ്യത്തിന് ഭരണവിരുദ്ധ വികാരമല്ല കാരണമെന്ന് പാർട്ടി സെക്രട്ടറി പറയുന്നു. മാത്രമല്ല തനിക്ക് തെറ്റ് പറ്റിയിട്ടില്ലെന്നും പാർട്ടിക്കാണ് തെറ്റ് പറ്റിയതെന്നും ആണയിട്ട് പറയുന്നു. അങ്ങനെയെങ്കിൽ പാർട്ടിയെ നയിക്കുന്നവർക്ക് തെറ്റ് പറ്റിയെന്നാണോ പറയുന്നതെന്ന ചോദ്യത്തിന് 'ഏയ് ഞങ്ങൾക്ക് തെറ്റ് പറ്റിയിട്ടില്ല.' പാർട്ടിക്കാണ് തെറ്റ്പറ്റിയതെന്ന് വീണ്ടും ഗോവിന്ദൻ തട്ടിവിടുകയാണ്. തോൽവിക്ക് രണ്ട് കാരണങ്ങൾ പാർട്ടി കണ്ടെത്തിയിട്ടുണ്ട്. ഒന്ന് ന്യൂനപക്ഷങ്ങൾ അകന്നുപോയത്രെ. രണ്ട് ഭൂരിപക്ഷപ്രീണനത്തിനു വേണ്ടി പാർട്ടി കൈക്കൊണ്ട നടപടികൾ തിരിച്ചടിച്ചു.

സി.പി.എമ്മിനെ മുഖ്യമായും തോൽപ്പിച്ചത് വെള്ളാപ്പള്ളി നടേശനാണെന്ന് പാർട്ടി കരുതുന്നുണ്ട്. നടേശന്റെ 'വാപോയ കോടാലി' വർത്തമാനങ്ങൾ മുസ്‌ലിംങ്ങളെ വല്ലാതെ ചൊടിപ്പിച്ചുവെന്ന് പി.ജയരാജൻ ചൊവ്വാഴ്ച തുറന്നു പറഞ്ഞുകഴിഞ്ഞു. കോൺഗ്രസ്-ബി.ജെ.പി. ഡീലെന്ന പഴകി തുരുമ്പെടുത്ത ആരോപണവും ഗോവിന്ദൻ ഉന്നയിക്കുകയുണ്ടായി. സി.പി.എമ്മിന്റെ മൂന്ന് സിറ്റിംഗ് സീറ്റുകളിലാണ് ബി.ജെ.പി. ജയിച്ചതെന്ന കാര്യം ഗോവിന്ദൻ സൗകര്യപൂർവ്വം മറക്കുന്നു. ഏതായാലും ആഗോള അയ്യപ്പസംഗമത്തിൽ യു.പി.മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ ആശംസ വായിച്ചതും തെറ്റായിപ്പോയെന്ന് മാഷ് ഏറ്റുപറയുന്നു. 30 സീറ്റുകളിൽ യു.ഡി.എഫിനെ ബി.ജെ.പി. സഹായിച്ചുവെന്ന് പാർട്ടി സെക്രട്ടറി പറയുമ്പോൾ സി.പി.എമ്മിന്റെ ഷുവർ സീറ്റുകളായിരുന്ന കോഴിക്കോട് ജില്ലയിൽ പാർട്ടിക്ക് വോട്ട് കുറഞ്ഞതിനെപ്പറ്റി സെക്രട്ടറി മൗനം പാലിക്കുന്നു.

### ഇ.ഡി.യെ തൊട്ടത് വൻ പാളിച്ച

മുൻ മുഖ്യമന്ത്രിയുടെ മകൾ വീണയെ ചോദ്യം ചെയ്യാനെത്തിയ ഇ.ഡി.ഉദ്യോഗസ്ഥരെ ആക്രമിച്ചത് ഇതേ ആഴ്ചക്കുറിപ്പിൽ പ്രവചിച്ചതുപോലെ പാർട്ടിക്ക് പണിയായിട്ടുണ്ട്. വീണയെ ഇനി ചുമക്കേണ്ടെന്ന നിലപാടിലാണ് ഇപ്പോൾ പാർട്ടി. കെ.കെ.ശൈലജയും ജോൺ ബ്രിട്ടാസുമെല്ലാം ഇതേ അഭിപ്രായം ചാനലുകൾക്കു മുമ്പിൽ പ്രകടിപ്പിച്ചുകഴിഞ്ഞു. എന്നാൽ പിണറായിയെ തൊട്ടാൽ കളി മാറുമെന്ന മുന്നറിയിപ്പ് ചില നേതാക്കളിൽ നിന്നുണ്ടായിട്ടുണ്ട്. അതൊരു 'ഠോ' പൊട്ടിച്ചതാണ്. പേടിയുള്ളവർ മസില് പെരുപ്പിച്ചു കാണിക്കുന്നതുപോലെയുള്ള ഒരു അടവ്തന്ത്രം മാത്രമാണത്.

മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ താമസിച്ചുകൊണ്ടും, ഏ.കെ.ജി.സെന്ററിന്റെ മേൽവിലാസം ഉപയോഗിച്ചു വീണ നടത്തിയ ഇടപാടുകളുടെ അന്വേഷണത്തിന്റെ അടുത്തഘട്ടത്തിൽ എങ്ങനെയായിരിക്കും. ഇ.ഡി.യുടെ തുടരന്വേഷണമെന്നതിനെക്കുറിച്ച് പാർട്ടി ഭയപ്പെടുന്നുണ്ട്. വെള്ളിയാഴ്ച കൊച്ചിയിലെ ഇ.ഡി.ഓഫീസിനു മുമ്പിൽ ചോദ്യം ചെയ്യലിന് ഹാജരാകാതിരിക്കാൻ സുപ്രീംകോടതിയെവരെ വീണ സമീപിച്ചേക്കാം. എന്നാൽ ഇ.ഡി.ക്ക് ലഭിച്ച 134 സുപ്രധാന രേഖകൾ ഈ നിയമകടമ്പയും ചാടിക്കടക്കാൻ ഇ.ഡി.യെ സഹായിച്ചേക്കും. യു.എ.ഇ.യിലെ ബാങ്കുകളിൽ 2019ൽ വീണയ്ക്കുണ്ടായിരുന്ന അക്കൗണ്ടുകളെക്കുറിച്ചുള്ള അന്വേഷണവും ഇ.ഡി. ആരംഭിച്ചുകഴിഞ്ഞു.

പിണറായിയെയും മകളെയും രക്ഷിക്കാൻപോയ പ്രാദേശിക നേതാക്കളും അണികളും ഇപ്പോൾ പെട്ടിരിക്കുകയാണ്. ഇ.ഡി.ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ പ്രതികളാക്കപ്പെട്ടവർക്ക് ജാമ്യം ലഭിക്കാൻ സാദ്ധ്യതയില്ല. അതുകൊണ്ടുതന്നെ, വലിയ വരുമാനമൊന്നുമില്ലാത്ത ഈ പാർട്ടിയണികളുടെ കുടുംബങ്ങളെ പോറ്റേണ്ട ഗതികേടും ഇനി പാർട്ടി നേതാക്കൾക്കുണ്ട്. എന്നാൽ തുടക്കത്തിൽ തലോടുമെങ്കിലും മാസങ്ങൾ കഴിയുമ്പോൾ ആ സഹായവും പിന്തുണയുമെല്ലാം നിലയ്ക്കാനാണ് സാധ്യത.




### പാർട്ടി കുടുംബമാണെങ്കിലും മനുഷ്യത്വം മറക്കില്ല

കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ മരണം സംബന്ധിച്ച അന്വേഷണം സംസ്ഥാന സർക്കാർ സി.ബി.ഐയ്ക്ക് വിട്ടത്, കണ്ണൂരിലെ പാർട്ടി ഉന്നതരുടെ ഉറക്കം നഷ്ടപ്പെടുത്തിക്കഴിഞ്ഞു. പോലീസിലെ ഒരൊറ്റ ഉദ്യഗസ്ഥനെ കൊണ്ട് തറവേലകൾ കാണിച്ചാണ് പി.പി.ദിവ്യയെ ഈ കേസിൽ പാർട്ടി സംരക്ഷിച്ചു നിർത്തിയതെന്ന് ജനം പറയുന്നു. പരിയാരം മെഡിക്കൽ കോളേജിലെ പോസ്റ്റ്മോർട്ടവും, മൃതദേഹം പത്തനംതിട്ടയിലേക്ക് കൊണ്ടുപോയപ്പോൾ അന്നത്തെ ജില്ലാ സെക്രട്ടറി എം.വി.ജയരാജന്റെയും മറ്റും ആംബുലൻസിലെ സാന്നിധ്യവും, മന്ത്രി എം.ബി.രാജേഷും അടക്കമുള്ള നേതാക്കളുടെ സാന്നിദ്ധ്യത്തിൽ നവീൻബാബുവിന്റെ മൃതദേഹം പിടിച്ച പിടിയാലെ ദഹിപ്പിച്ചതും പാർട്ടിയെ സംശയ സ്ഥാനത്ത് നിർത്തുന്നുണ്ട്. പാർട്ടിയുടെ ബിനാമി സ്വത്തുക്കളുടെ വിവരങ്ങളും മലബാർ ദേവസ്വം വക ക്ഷേത്രങ്ങളുടെ ഭൂമി പാർട്ടി അനധികൃത പാർട്ടി കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്ന രഹസ്യറിപ്പോർട്ടും നവീൻബാബു ശേഖരിച്ചതായി ജനസംസാരമുണ്ട്. നവീൻബാബുവിനെ അവസാനമായി കണ്ട ജീപ്പ് ഡ്രൈവർ ഷംസുദ്ദീൻ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോയെന്നുപോലും ആർക്കുമറിയില്ല. നേരറിയാനായാലും നേരത്തെയറിയാനായാലും സി.ബി.ഐ വരട്ടെയെന്ന് ചിന്തിക്കേണ്ട പാർട്ടി സുപ്രീംകോടതിവരെ പോയി സി.ബി.ഐ.അന്വേഷണം വേണ്ടന്ന് വാദിച്ചതിനു പിന്നിൽ ഒരു കാരണവുമില്ലാതിരിക്കുമോ?

നവീൻബാബുവും കുടുംബവുമെല്ലാം ഇടതു പാർട്ടിയുടെ പാരമ്പര്യമുള്ളവരാണ്. എന്നിട്ടും കുടുംബത്തിന്റെ ആവശ്യമായ സി.ബി.ഐ. അന്വേഷണത്തിന് സതീശൻ സർക്കാർ അനുമതി നൽകിയത്, മനുഷ്യപ്പറ്റുള്ള നടപടിയാണ്. ഒപ്പം നവീൻ ബാബുവിന്റെ മകൾ നിരഞ്ജനയ്ക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തതും, ആ കുടുംബത്തിന്റെ കണ്ണീരൊപ്പുന്ന നടപടിയായി മാറി.

### സി.പി.എമ്മിന് പറയാൻ എന്തുവകാശം?

മന്ത്രി സണ്ണി ജോസഫിന്റെ സഹോദരീ ഭർത്താവിനെ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചതിനെ ചോദ്യം ചെയ്യുന്ന ഇടതു നേതാക്കൾക്ക് അതു പറയാൻ എന്ത് ധാർമികതയാണുള്ളത്? മരുമകനെ മന്ത്രിയാക്കിയും ഭാര്യയെ സ്ഥാനാർത്ഥിയാക്കിയും ചിറ്റപ്പനെമുന്നണികൺവീനറാക്കിയും ഇടതുഭരണകാലത്ത് നടന്ന ബന്ധുനിയമനങ്ങളും നടപടികളും അവർ മറന്നുപോയോ?

കിഫ്ബിയിൽ നടത്തിയനിയമനങ്ങൾ പലതും കൂടടച്ചുള്ള ബന്ധുനിയമനങ്ങളാണെന്ന്കണ്ടെത്തിയിട്ടുണ്ട്.

കേരളാ വിൻഡോ


ആന്റണി ചടയംമുറി

അതും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെയും അവരുടെ ഭാര്യമാരെയും സഹോദരീ സഹോദരന്മാരെയുമെല്ലാം കിഫ്ബിയെന്ന 'നവ കൊള്ള' സങ്കേതത്തിൽ നിയമിച്ചത് അന്വേഷണത്തിൽ പുറത്തുവന്നുകഴിഞ്ഞു. പ്രതിമാസം 4 ലക്ഷം രൂപ വരെ ശമ്പളം പറ്റുന്നവർ ഈ പട്ടികയിലുണ്ട്. സമാന്തര ഭരണകൂടമെന്ന രീതിയിൽ പാർട്ടിയുടെ ഫുൾ കൺട്രോളിൽ കിഫ്ബി നടത്തിയ കൊള്ളകൾ ഇനിയും പുറത്തുവരാനിരിക്കുന്നതേയുള്ളൂ. ബജറ്റിനു പുറത്താണ് കിഫ്ബിയുടെ പ്രവർത്തനമെന്നു പറയുകയും റോഡ് ടാക്സിന്റെയും ഇന്ധന നികുതിയുടെയും പങ്ക് പറ്റുകയും ചെയ്യുന്ന 'വിചിത്ര ഘടന' യാണത്രെ കിഫ്ബിക്കുള്ളത്. ഏറ്റെടുത്ത വികസനപദ്ധതികൾ പലതും പാതിവഴിയിലാണ്. മിക്കവാറും എല്ലാ വികസനപദ്ധതികളും കിഫ്കോൺ എന്ന കിഫ്ബിയുടെ ജാരസ്ഥാപനത്തിന്റെ പേരിലാണ് നടപ്പാക്കുന്നതെന്നും ആരോപണമുണ്ട്.

കേരളത്തിന്റെ സാമ്പത്തികാരോഗ്യത്തെക്കുറിച്ചുള്ള തൽസ്ഥിതി റിപ്പോർട്ട് പഠിച്ച്, പഴയ ധനമന്ത്രി ജനസമക്ഷം കൃത്യമായ മറുപടി നൽകേണ്ടതുണ്ട്. എന്നാൽ, എല്ലാം രാഷ്ട്രീയ ആരോപണങ്ങളെന്ന മട്ടിലുള്ള അഴകൊഴമ്പൻ നിലപാടാണ് മുൻധനമന്ത്രി ബാലഗോപാലിന്റേത്. കെ എന്ന അക്ഷരത്തിൽ തുടങ്ങുന്ന കിഫ്ബിയും കെ ഫോണുമെല്ലാം ഈ പേരുകളുടെ ആദ്യാക്ഷരമായ 'കെ' സൂചിപ്പിക്കുന്നത്. കേരളമാണെന്ന് പറയുമായിരിക്കാം. പക്ഷെ ഇപ്പോൾ നമുക്ക് മനസ്സിലാകുന്നത് ആ 'കെ' കൊള്ളയെന്ന പദത്തിന്റെ സൂചനാക്ഷരമെന്നാണ്!



# ഇന്ത്യയിൽ രാഷ്ട്രീയ കാർട്ടൂണുകൾക്ക് മരവിപ്പോ..?

ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ കാർട്ടൂണുകളുടെ അവസ്ഥ ഏതെന്നു ചിന്തിച്ചാൽ അത് മൃതാവസ്ഥയിലാണെന്നു കാണാൻ കഴിയും. ഒരു കാലത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ രാഷ്ട്രീയ കാർട്ടൂണുകൾ കൊണ്ട് അനുഗ്രഹീതമായിരുന്നു. ടൈംസ് ഓഫ് ഇന്ത്യയിൽ ആർ.കെ. ലക്ഷ്മണിന്റെ യു സെഡ് ഇറ്റ് എന്ന പോക്കറ്റ് കാർട്ടൂൺ മുതൽ എല്ലാ ദിവസവും എന്നു പറഞ്ഞവണ്ണം ശക്തമായ രാഷ്ട്രീയ കാർട്ടൂണുകളും കാണും. ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ അബി അബ്രാഹാമിന്റെ അതിശക്തവും കുറിക്കുകൊള്ളുന്നതുമായ കാർട്ടൂണുകൾ കാണും. ഇന്നിപ്പോൾ ആ പത്രത്തിൽ ഉണ്ണിയുടെ കാർട്ടൂണുകൾ വരുന്നുണ്ട്. ലോകപ്രസിദ്ധമായ ശങ്കേഴ്സ് വീക്കിലിയിൽ വരുന്ന കാർട്ടൂണുകൾ പലതും അന്നത്തെ പ്രധാനമന്ത്രി നെഹ്റുവിനെ ശക്തമായി വിമർശിക്കുന്നതായിരുന്നു. അങ്ങിനെയുള്ള കാർട്ടൂണുകൾ കണ്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ സുഹൃത്തായ കാർട്ടൂണിസ്റ്റ് ശങ്കറോട് പറയുമായിരുന്നു. ശങ്കർ എന്നെപ്പോലും വെറുതെ വിടരുത്.

ഒരുകാലത്ത് സൺഡേ, ഇന്ത്യാ ടുഡേ, ഔട്ട്ലുക്ക് ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങളിലും ശക്തമായ രാഷ്ട്രീയ കാർട്ടുണുകളുണ്ടാകാറുണ്ട്. തമിഴിൽ അതിശക്തമായ കാർട്ടൂണുകൾ ഒരുകാലത്തുണ്ടായിരുന്നു. തുക്ലക്ക്, ആനന്ദവികിടൻ ഇവയെല്ലാം പേരുകേട്ട ഹാസ്യമാസികകളായിരുന്നു. എന്നാലിപ്പോൾ അങ്ങനെകാര്യമായ കാർട്ടൂണുകൾ ഒന്നും തന്നെ മലയാളപത്രങ്ങളിലും കാണാറില്ല.

മാധ്യമസ്വാതന്ത്ര്യം വിലയിരുത്തുന്ന സംഘടനയായ Reporters Without Borders (RSF) പ്രസിദ്ധീകരിച്ച 2026 World Press Freedom Index പ്രകാരം ഇന്ത്യ 180 രാജ്യങ്ങളിൽ 157–ാം സ്ഥാനത്താണ്. 2025 ൽ ഇന്ത്യ 151–ാം സ്ഥാനത്തായിരുന്നുവെങ്കിലും 2026ൽ ആറു സ്ഥാനങ്ങൾ പിന്നോട്ടുപോയി. ഈ സൂചികയെക്കുറിച്ച് വിവിധ രാഷ്ട്രീയ നിലപാടുകൾഉണ്ട്. ചിലർ ഇത് മാധ്യമപ്രവർത്തകരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രധാന സൂചകമെന്ന് കരുതുമ്പോൾ, മറ്റുചിലർ അതിന്റെ രീതിശാസ്ത്രത്തെ വിമർശിക്കുകയും ചെയ്യുന്നു. എന്നാൽ ഇക്കണ്ടകാലത്തിനിടെ കാർട്ടൂണിന് അനേകം നിർവചനങ്ങൾ പറയാനുണ്ട്. കട്ടിക്കടലാസിൽ കറുത്ത മഷി കൊണ്ട് ബ്രഷ് വച്ച് ഹാസ്യം കലർത്തി വരയ്ക്കുന്ന ചിത്രമാണ് കാർട്ടൂൺ എന്ന പണ്ടു കാലത്തെ നിർവ്വചനത്തിന് ഇന്ന് ഒട്ടേറെ മാറ്റം വന്നിട്ടുണ്ട്. ഇന്ന് നിർമിത ബുദ്ധിയുടെ സഹായത്തോടെ എന്തും ഏതും വരയ്ക്കാവുന്നതാണ്. അതിനുള്ള ധൈര്യം ശേഷിയും കാർട്ടൂണിസ്റ്റിനും പത്രാധിപർക്കുമൊക്കെ ഉണ്ടോ എന്നതാണ് പ്രശ്നം..!



*കാർട്ടൂണിസ്റ്റ് ശങ്കർ വരച്ച പ്രവചന സ്വഭാവമുള്ള കാർട്ടൂൺ. നെഹ്റു പ്രധാനമന്ത്രി ആയിരുന്ന കാലത്താണ് വരച്ചത്. നെഹ്റുവിനു ശേഷം നന്ദ, ശാസ്ത്രി, കൃഷ്ണമേനോൻ, ഇന്ദിരാ ഗാന്ധി, ദേശായി, ചന്ദ്രശേഖർ. ഇതിൽ കൃഷ്ണമേനോൻ ഒഴികെ എല്ലാവരും ആ ഓർഡർ അനുസരിച്ച് പ്രധാനമന്ത്രി ആയി.*



*ലോകത്തെ ആദ്യ രാഷ്ട്രീയ കാർട്ടൂൺ*

പുതിയൊരു അഭിപ്രായം സൃഷ്ടിക്കാനുപകരിക്കുന്ന ചിരിയുടെ ചിത്രങ്ങളാണ് കാർട്ടൂൺ എന്നാണ് ഏറ്റവും ഒടുവിലത്തെ നിർവ്വചനം. പൊതു ജനാഭിപ്രായം സൃഷ്ടിക്കുന്നതിലും ഒരുമിപ്പിക്കുന്നതിലും എല്ലാ കലകൾക്കുമുള്ള സ്വാധീനം വളരെവലുതാണ്. പരിഹസിക്കാനുള്ള മനുഷ്യന്റെ വാസനയുടെ ചരിത്രമെത്രത്തോളമെന്ന് നിർണ്ണയിക്കാൻ കഴിയുന്നില്ലെങ്കിലും ആ പരിഹാസ വാസനയ്ക്ക് മനുഷ്യനോളം തന്നെ പഴക്കമുണ്ടാകുമെന്നു കരുതുന്നു. ചിരിമനുഷ്യജീവികളുടെ മാത്രം കഴിവുകളിലൊന്നാണ്. മൃഗങ്ങൾക്ക് ചിരിക്കാൻ കഴിയില്ല. എന്നാൽ ചിരി ചിത്രകലയുടെ പരിശുദ്ധിയെ നഷ്ടപ്പെടുത്തുമെന്ന് ആദ്യ കാലത്ത് ധരിച്ചിരുന്നു.

ഇതുമൂലം താത്വികാചാര്യന്മാർ ചിത്രകലയിൽ നിന്ന് ഹാസ്യത്തെ മാറ്റി നിർത്തി. ഹാസ്യത്തിനെതിരായി ഒരു വിമോചന സമരം തന്നെ നടത്തി. എന്നാൽ അനേകം ലക്ഷങ്ങളെ ചിരിപ്പിക്കാനും ഒപ്പം ചിന്തിപ്പിക്കാനും പൊതുജനാഭിപ്രായം സൃഷ്ടിക്കാനും തിരിച്ചുവിടാനും കാർട്ടൂണിന് കഴിയുമെന്ന് കണ്ടതോടെ ചിത്രകലയുടെ താത്വികാചാര്യന്മാർ കാർട്ടൂണിനോടുള്ള കടുംപിടുത്തം ഉപേക്ഷിച്ചു.

അതോടെ ഹാസ്യചിത്രകല സ്വതന്ത്രമായി വികസിച്ചു. 'കൃത്രിമമായ തമാശ' അല്ലെങ്കിൽ ചിത്രരചനയിലെ അട്ടിമറി എന്നെല്ലാം വിളിക്കപ്പെട്ട കാർട്ടൂൺ ഒരു കാലത്ത് ഗൗരവമേറിയ ഒരു കലാരൂപമായും മൂർച്ചയേറിയ ഒരു ആയുധമായും മാറിയിരിക്കുന്നു. നമ്മുടെ വലുതും ചെറുതുമായ പ്രസിദ്ധീകരണങ്ങൾ കാർട്ടൂണിന് നൽകുന്ന പ്രാധാന്യം ശ്രദ്ധേയമാണ്. എന്നാലിപ്പോൾ ട്രോളുകളുടെ അതിപ്രസരം കാർട്ടൂണിന് തെല്ല് മങ്ങലേൽപ്പിച്ചിട്ടില്ലേ എന്ന സന്ദേഹം നിലനിൽക്കുന്നു.

''കാർട്ടു' എന്ന് ഫ്രഞ്ചു പദത്തിന് 'കട്ടിക്കടലാസ്' എന്നാണർത്ഥം. കാർട്ടൂണെന്ന പേരിൽ പിന്നീട് അറിയപ്പെടാൻ തുടങ്ങിയ രേഖാചിത്രങ്ങൾ വരച്ചു തുടങ്ങിയത് കട്ടിക്കടലാസിലാണ്. 1483 ൽ മാർട്ടിൻ ലൂഥർ എന്ന ചിത്രകാരൻ വികൃതമായ ചില രൂപങ്ങൾ കട്ടിക്കടലാസിൽ വരച്ച് ചുവരുകളിൽ പതിച്ചതോടുകൂടിയാണ്. കാർട്ടൂണിന്റെ ആരംഭം കുറിച്ചതെന്നു പറയുന്നു. കാലങ്ങൾക്കു ശേഷം കാർട്ടൂൺ കട്ടിയായ ഒരു കലാരൂപമായി മാറി. ഒരു കാലത്ത് നമ്മുടെ സാമൂഹ്യ രാഷ്ട്രീയ രംഗത്തെ കട്ടികൂടിയ തൊലിപ്പുറത്ത് ബ്രഷ് കൊണ്ട് ആഞ്ഞു കുത്തികൊണ്ടിരിക്കുന്നു. ഒട്ടേറ ഹാസ്യമാസികകൾ നാട്ടിലുടനീളം ഉണ്ടായിരുന്നു.

കാർട്ടൂൺ എന്ന് തുടങ്ങി എന്ന് ചോദിച്ചാൽ അതിന് വ്യക്തമായ തെളിവുകൾ ഒന്നുമില്ല. കാർട്ടൂൺ എന്ന ബോംബ് ആദ്യം കണ്ടുപിടിച്ചത് തങ്ങളാണെന്ന് അമേരിക്കയും, റഷ്യയും, ബ്രിട്ടണും, ഫ്രാൻസും, ഇറ്റലിയും തുടങ്ങി പല രാജ്യങ്ങളും അവകാശവാദങ്ങൾ നടത്താറുണ്ട് ലോകത്തിൽ ആദ്യത്തെ കാർട്ടൂണിന് ജന്മം നൽകിയത് തങ്ങളാണെന്ന് ഓരോരുത്തരും പറയുന്നു. എന്നാൽ ഓരോ രാജ്യത്തിനും അതിന്റേതായ കാർട്ടൂൺ ചരിത്രവും കാർട്ടൂൺ കഥകളുമാണുള്ളത്. 1896 ൽ 'ദി യെല്ലോ കിഡ്' എന്ന ഒരു കാർട്ടൂൺ കഥാപാത്രം 'ന്യൂയോർക്ക് വേൾഡ്' എന്ന പത്രത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അതൊരു വഴിത്തിരിവായിരുന്നു.

**ഡൽഹി ഡെർബാർ**

വലിയ ചെവിയും മൊട്ടത്തലയുമുള്ള ഒരു കുട്ടി മഞ്ഞക്കുപ്പായം ധരിച്ച് ദിവസവും പ്രതത്തിൽ പ്രത്യക്ഷപ്പെടുന്നു. നമ്മുടെ കുഞ്ചുക്കുറുപ്പും, കാകദൃഷ്ടിയും, പോലെ നിത്യേന നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് അഭിപ്രായങ്ങൾ തട്ടിവിടാൻ തുടങ്ങിയപ്പോൾ, ഈ മഞ്ഞക്കുപ്പായക്കാരനായ കുട്ടിയെ വായനക്കാരിഷ്ടപ്പെട്ടു, പലരുടെയും കണ്ണ് മഞ്ഞളിക്കുകയും ചെയ്തു.

ഈ കഥാപാത്രത്തോടുള്ള പ്രിയം കൊണ്ട് ചില അമ്മമാർ തങ്ങളുടെ കുട്ടികൾക്ക് മഞ്ഞക്കുപ്പായം തുന്നുക വരെ ചെയ്തു. 'മഞ്ഞപത്രം' എന്ന പേരു തന്നെ ഈ കാർട്ടൂൺ കഥാപാത്രത്തിൽ നിന്നല്ലേ ജന്മം കൊണ്ടത്?

കാർട്ടൂണിസ്റ്റുകളെയെല്ലാം, അവരുടെ ബ്രഷിന്റെ തുമ്പിൽ നിന്ന് ചാടി വരുന്ന കഥാപാത്രങ്ങളെയും, കഥാപാത്രങ്ങൾക്കുപയോഗപ്പെടുത്തുന്ന ചിത്രങ്ങളെയുമാണ് നാം ഇഷ്ടപ്പെടുന്നത്. വാൾട്ടർ ബേൺഡ് എന്ന കാർട്ടൂണിസ്റ്റ് തന്റെ ഒരു കാർട്ടൂൺ കഥാപാത്രത്തെ കഥയിൽ കൊന്നപ്പോൾ ആ കഥാപാത്രത്തെ ജീവനോടെ തിരിച്ച് കിട്ടണമെന്ന് ആവശ്യപ്പെട്ട് വായനക്കാർ ബഹളമുണ്ടാക്കിയ ചരിത്രമുണ്ട്. മിൽട്ട്കോംട്ട് എന്ന ഹാസ്യചിത്രകാരൻ ഒരു കാർട്ടൂൺ പരമ്പര നിർത്തി അതിലെ കഥാപാത്രങ്ങളെ പിൻവലിച്ചപ്പോൾ ഷിക്കാഗോ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ പ്രകടനം നടത്തി. കാർട്ടൂണിസ്റ്റിന്റെ കോലം കത്തിച്ചു. പേടിച്ച് മുറിക്കകത്തു കയറി കുറ്റിയിട്ടിരുന്ന കാർട്ടൂണിസ്റ്റിന്റെ വീടിന്റെ മുമ്പിൽ തടിച്ചുകൂടിയ വിദ്യാർത്ഥികൾ വിളിച്ചു പറഞ്ഞു. 'കൊലപാതകി, ചുണയുണ്ടെങ്കിൽ ഇറങ്ങി വാ പകരം ഞങ്ങൾ ചോദിക്കും. കാർട്ടൂണിസ്റ്റുകളുടെ കാര്യത്തിൽ കേരളം സമ്പന്നമാണ്. പക്ഷേ അവർക്ക് സ്വതന്ത്രമായ വരക്കാൻ കഴിയുന്നുണോ എന്നതാണ് പ്രശ്നം. ഇന്ത്യയിലെ രാഷ്ട്രീയ കാർട്ടൂണുകളുടെ ഭാവി പൂർണ്ണമായും ഇല്ലാതാകുമെന്നല്ല, പക്ഷേ അത് വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. പലപ്പോഴും അധികാരത്തെ പരിഹസിക്കാനും വിമർശിക്കാനും കാർട്ടൂണുകൾക്ക് പ്രത്യേകശക്തിയുണ്ട്. അതിനാൽ ജനാധിപത്യ സമൂഹത്തിൽ അവയ്ക്ക് ഭാവിയുണ്ടെന്നാണ് പല മാധ്യമവിദഗ്ധരുടെയും വിലയിരുത്തൽ.

*എമ എൽസ എൽവിൻ*

JAIBU MATHEW KULANGARA, EA
TAX SERVICES FOR PERSONAL & BUSINESS
Enrolled to Practice Before IRS | Free Electronic Filing

Office: 773 792 2117
Home: 847 298 0786
Cell: 312 718 6337
7215 W Touhy, Suite 6
Chicago, Illinois 60631




## മത്സരത്തിനിടെ മൈതാനത്തേക്ക് 'സ്പൈഡർ ക്യാം' തകർന്നു വീണു; ഒഴിവായത് വൻ അപകടം

ഹംഗറിയും കസാഖ്സ്ഥാനും തമ്മിൽ നടന്ന അന്താരാഷ്ട്ര സൗഹൃദ ഫുട്ബോൾ മത്സരത്തിനിടെ വൻ അപകടം ഒഴിവായത് തലനാരിഴയ്ക്ക്. സ്റ്റേഡിയത്തിന് മുകളിൽ കേബിളുകളിൽ ഘടിപ്പിച്ചിരുന്ന ഭീമാകാരമായ 'സ്പൈഡർ ക്യാമറ' മൈതാനത്തേക്ക് തകർന്നു വീഴുകയായിരുന്നു. ഹംഗറിയിലെ നാഗ്യെർഡെയ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിലാണ് കാണികളെയും കളിക്കാരെയും ഒരുപോലെ ഞെട്ടിച്ച സംഭവം അരങ്ങേറിയത്. ഇരു ടീമുകളും 2026 ഫിഫ ലോകകപ്പിന് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ഈ സൗഹൃദ മത്സരത്തിൽ പരസ്പരം ഏറ്റുമുട്ടുകയായിരുന്നു.ടച്ച്ലൈനിനടുത്ത് നിന്നിരുന്ന ഒരു ക്യാമറാമാന്റെ തൊട്ടടുത്താണ് ഈ കൂറ്റൻ ക്യാമറ പതിച്ചത്. ഇതോടെ കളി കുറച്ചുസമയത്തേക്ക് നിർത്തിവെക്കേണ്ടി വന്നു. ബി.ബി.സി റിപ്പോർട്ട് പ്രകാരം, ഒന്നാം പകുതിയുടെ മധ്യത്തിൽ കേബിളുകളിലൊന്നിൽ തീപിടിച്ചതിനെ തുടർന്ന് സ്പൈഡർ ക്യാമറയിൽ നിന്ന് പുക ഉയർന്നിരുന്നു. ആർക്കും പരിക്കേറ്റിട്ടില്ലാത്തതിനാൽ വലിയൊരു ദുരന്തമാണ് ഒഴിവായത്. മത്സരത്തിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് (31) കസാഖ്സ്ഥാനെ ഹംഗറി പരാജയപ്പെടുത്തി.



## ടെന്നീസ് കോർട്ടിലേക്ക് തിരിച്ചെത്തി സെറീന; പങ്കാളിത്തത്തിൽ തീരുമാനം പിന്നീട്

നീണ്ട ഇടവേളയ്ക്ക് ശേഷം ടെന്നീസ് കോർട്ടിലേക്ക് ശക്തമായ തിരിച്ചുവരവ് നടത്തി മുൻ ലോക ഒന്നാം നമ്പർ താരം സെറീന വില്യംസ്. ലണ്ടനിൽ നടക്കുന്ന ക്വീൻസ് ക്ലബ് ചാമ്പ്യൻഷിപ്പിലെ വനിതാ ഡബിൾസിൽ വിജയം നേടിയാണ് 44-കാരിയായ സെറീന തന്റെ രണ്ടാം വരവ് അറിയിച്ചത്. എന്നാൽ വരാനിരിക്കുന്ന വിംബിൾഡൺ ടൂർണമെന്റിൽ താൻ കളിക്കുമോ എന്ന കാര്യത്തിൽ താരം ഇതുവരെ അന്തിമ തീരുമാനം എടുത്തിട്ടില്ല.2022-ൽ ടെന്നീസിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചതിന് ശേഷം സെറീന കളിക്കുന്ന ആദ്യ പ്രൊഫഷണൽ മത്സരമായിരുന്നു ഇത്. കനേഡിയൻ കൗമാര താരം വിക്ടോറിയ എംബോകോയുമായി സഖ്യം ചേർന്നാണ് സെറീന കോർട്ടിലിറങ്ങിയത്. മത്സരത്തിൽ മൂന്നാം സീഡുകളായ നിക്കോൾ മെലിചാർ-മാർട്ടിനെസ് - എറിൻ റൂട്ട്ലിഫ് സഖ്യത്തെ നേരിട്ടുള്ള സെറ്റുകൾക്ക് തകർത്ത് (76(4), 62) ഇരുവരും ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടി.

# പരിക്കിൽ നിന്ന് മോചിതനായി മെസ്സി മടങ്ങിയെത്തി



ഫിഫ ലോകകപ്പിന് തൊട്ടുമുമ്പ് സൂപ്പർ താരം ലയണൽ മെസ്സിയുടെ ഫിറ്റ്നസിനെക്കുറിച്ചുള്ള ആശങ്കകൾക്ക് വിരാമം. പരിക്കിൽ നിന്ന് പൂർണ്ണമുക്തനായി മൈതാനത്തേക്ക് തിരിച്ചെത്തിയ ക്യാപ്റ്റൻ മെസ്സി ഗോളോടെ വരവറിയിച്ച മത്സരത്തിൽ, ഐസ്‌ലൻഡിനെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് അർജന്റീന. ലോകകപ്പിന് മുന്നോടിയായുള്ള അർജന്റീനയുടെ അവസാന പരിശീലന മത്സരമായിരുന്നു ഇത്.അമേരിക്കയിലെ അലബാമയിൽ നടന്ന മത്സരത്തിൽ മെസ്സി ഉൾപ്പെടെയുള്ള പ്രമുഖ താരങ്ങളെ ബെഞ്ചിലിരുത്തിയാണ് കോച്ച് ലയണൽ സ്കലോണി ആദ്യ ഇലവനെ പരീക്ഷിച്ചത്. മെയ് 24-ന് നടന്ന ഇന്റർ മയാമി മത്സരത്തിനിടെ പേശിവലിവും ഹാംസ്ട്രിങ് പരിക്കും നേരിട്ടതിനെ തുടർന്ന് മെസ്സി വിശ്രമത്തിലായിരുന്നു. ഇതാണ് ലോകകപ്പിലെ താരത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് ആശങ്കകൾ ഉയർത്തിയത്.മത്സരത്തിന്റെ ആദ്യ മിനിറ്റുകളിൽ ഐസ്‌ലൻഡ് താരം മൈക്കൽ എഗിൽ എല്ലെർട്സൺ ലഭിച്ച ഒരു മികച്ച അവസരം നഷ്ടമാക്കിയതോടെ അർജന്റീന തടിയൂരി. എന്നാൽ തൊട്ടുപിന്നാലെ ലാറ്റിനമേരിക്കൻ കരുത്തർ കളിയിലേക്ക് തിരിച്ചുവന്നു. ഐസ്‌ലൻഡ് ബോക്സിനുള്ളിലുണ്ടായ ഒരു മുന്നേറ്റത്തിനൊടുവിൽ പ്രതിരോധ താരം വാലന്റീൻ ബാർക്കോയാണ് അർജന്റീനയ്ക്ക് വേണ്ടി ആദ്യ ഗോൾ നേടിയത്.യുവതാരം നിക്കോ പാസിന് ലഭിച്ച അവസരം കൈവിട്ടപ്പോൾ, ഐസ്‌ലൻഡ് ഗോൾകീപ്പർ ഏലിയാസ് ഒലാഫ്സന്റെ മികച്ച സേവുകളും അർജന്റീനയെ തടഞ്ഞു.രണ്ടാം പകുതിയിൽ എൻസോ ഫെർണാണ്ടസ്, അലക്സിസ് മാക് അലിസ്റ്റർ, ലൗട്ടാരോ മാർട്ടിനസ് എന്നിവരെ സ്കലോണി മൈതാനത്തിറക്കി. ലൗട്ടാരോയ്ക്ക് ലഭിച്ച രണ്ട് മികച്ച അവസരങ്ങൾ നിർഭാഗ്യം കൊണ്ട് പോസ്റ്റിലിടിച്ച് തെറിക്കുകയായിരുന്നു.മത്സരത്തിന്റെ 70-ാം മിനിറ്റിൽ 39-കാരനായ ലയണൽ മെസ്സി പകരക്കാരനായി മൈതാനത്തേക്ക് പ്രവേശിച്ചതോടെ ഗാലറി ഒന്നടങ്കം ഇളകിമറിഞ്ഞു. മൈതാനത്തെത്തിയ ഉടൻ തന്നെ തന്റെ മനോഹരമായ പാസുകളിലൂടെ ഐസ്‌ലൻഡ് പ്രതിരോധത്തെ മെസ്സി സമ്മർദ്ദത്തിലാക്കി.തുടർന്ന് ബോക്സിനുള്ളിലേക്ക് കുതിച്ച ലൗട്ടാരോ മാർട്ടിനസിനെ ഐസ്‌ലൻഡ് താരം ഫൗൾ ചെയ്തതിന് അർജന്റീനയ്ക്ക് അനുകൂലമായി പെനാൽറ്റി ലഭിച്ചു. കിക്ക് എടുത്ത നായകൻ മെസ്സി പന്ത് അനായാസം വലയിലാക്കി (20).അർജന്റീന ജേഴ്സിയിൽ മെസ്സിയുടെ 117-ാം അന്താരാഷ്ട്ര ഗോളായിരുന്നു ഇത്. പരിക്കിന് ശേഷമുള്ള ആദ്യ ഗോളും. രണ്ടാം ഗോളിന് ശേഷവും അർജന്റീന ആക്രമണം തുടർന്നു.

## മൊറീഞ്ഞോ റയൽ മാഡ്രിഡിലേക്ക്; ബെൻഫിക്ക പരിശീലകനായി മാർക്കോ സിൽവ ചുമതലയേറ്റു



പോർച്ചുഗീസ് ക്ലബ്ബായ ബെൻഫിക്കയുടെ മുഖ്യ പരിശീലകൻ ജോസെ മൊറീഞ്ഞോ ക്ലബ്ബ് വിട്ടതായി ഔദ്യോഗിക സ്ഥിരീകരണം. ഇതോടെ, വമ്പന്മാരായ റയൽ മാഡ്രിഡിലേക്ക് മൊറീഞ്ഞോ വീണ്ടുമെത്തുമെന്ന അഭ്യൂഹങ്ങൾക്ക് വഴിതുറന്നു. മൊറീഞ്ഞോയ്ക്ക് പകരക്കാരനായി ഫുൾഹാമിന്റെ മുൻ പരിശീലകൻ മാർക്കോ സിൽവയെ രണ്ട് വർഷത്തെ കരാറിൽ ബെൻഫിക്ക നിയമിക്കുകയും ചെയ്തു. മൊറീഞ്ഞോയെ സ്വന്തമാക്കാനുള്ള തങ്ങളുടെ താല്പര്യം റയൽ മാഡ്രിഡ് അറിയിച്ചതായും, റിലീസ് ക്ലോസ് തുകയായ 15 മില്യൺ യൂറോ (ഏകദേശം 17.25 മില്യൺ ഡോളർ) അവർ നൽകുമെന്നും ബെൻഫിക്ക റെഗുലേറ്ററി ബോർഡിന് നൽകിയ പ്രസ്താവനയിൽ വ്യക്തമാക്കി. ഫുൾഹാമിൽ അഞ്ച് വർഷത്തെ വിജയകരമായ സേവനത്തിന് ശേഷമാണ് മാർക്കോ സിൽവ ബെൻഫിക്കയുടെ പുതിയ യുഗത്തിന് നേതൃത്വം നൽകാൻ എത്തുന്നത്.ഫ്ലോറന്റീനോ പെരസ് വീണ്ടും റയൽ മാഡ്രിഡ് ക്ലബ്ബ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിന് തൊട്ടുപിന്നാലെയാണ് 63-കാരനായ മൊറീഞ്ഞോയുടെ തിരിച്ചുവരവ്.

## 'ഒരു കുട്ടിയെപ്പോലെ തോന്നുന്നു'; തന്റെ അവസാന ലോകകപ്പിനൊരുങ്ങി ബ്രസീൽ ഇതിഹാസം നെയ്മർ

2026 ഫിഫ ലോകകപ്പിനുള്ള തയ്യാറെടുപ്പുകൾക്കിടയിൽ, തന്റെ കരിയറിലെ ആദ്യത്തെ വലിയ ടൂർണമെന്റിനൊരുങ്ങുന്ന ഒരു കൗമാരക്കാരന്റെ അതേ ആവേശമാണ് തനിക്കിപ്പോഴുമുള്ളതെന്ന് ബ്രസീലിയൻ സൂപ്പർ താരം നെയ്മർ.നിലവിൽ 34-കാരനായ നെയ്മർ, ലോകകപ്പിന് തൊട്ടുമുമ്പ് നേരിട്ട കണങ്കാലിലെ പരിക്ക് കാരണം ഫിറ്റ്നസിലേക്ക് തിരിച്ചെത്തിയിട്ടില്ല. അതിനാൽ തന്നെ ഗ്രൂപ്പ് സിയിലെ ബ്രസീലിന്റെ ആദ്യ മത്സരത്തിൽ താരം കളിക്കാൻ സാധ്യതയില്ലെന്നാണ് റിപ്പോർട്ടുകൾ. എങ്കിലും ബ്രസീലിയൻ മെഡിക്കൽ സംഘം താരത്തിന്റെ തിരിച്ചുവരവിൽ വലിയ പ്രതീക്ഷയിലാണ്.



ഗ്രൂപ്പ് ഘട്ടത്തിലെ തുടർന്നുള്ള മത്സരങ്ങളിൽ നെയ്മറിന് കളിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.അമേരിക്കയിലെ ബ്രസീലിന്റെ പരിശീലന ക്യാമ്പിൽ പരിക്കിൽ നിന്ന് മുക്തനാകാനുള്ള കഠിനമായ പരിശ്രമത്തിലാണ് താരം. 'വൈ, ബ്രസീൽ' എന്ന ഡോക്യുമെന്ററിയുടെ പ്രിവ്യൂവിലാണ് താരം മനസ്സ് തുറന്നത്.' പഴയ അതേ ആവേശത്തോടെയാണ് താൻ ഈ ടൂർണമെന്റിനെ സമീപിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കഴിഞ്ഞ മൂന്ന് ലോകകപ്പുകളിലും ബ്രസീൽ ടീമിന്റെ കുന്തമുനയായിരുന്നു നെയ്മറെങ്കിലും, പരിക്കുകൾ എപ്പോഴും താരത്തിന് വില്ലനായി എത്തിയിട്ടുണ്ട്.

## ഉയർന്ന മാർക്ക് മാത്രം പോരാ; കുട്ടികളുടെ വിജയത്തിന് വൈകാരിക ബുദ്ധിമുട്ടുകൾ തിരിച്ചറിയേണ്ടത് അത്യന്താപേക്ഷിതം

ഇന്നത്തെ മത്സരവ്യാപ്തിയുള്ള ലോകത്ത് കുട്ടികളുടെ വിജയത്തിന് മികച്ച മാർക്കുകൾ മാത്രം മതിയോ എന്ന ചോദ്യം പ്രസക്തമാണ്. പഠനത്തിലെ മികവിനൊപ്പം തന്നെ കുട്ടികളുടെ വളർച്ചയ്ക്ക് വൈകാരിക ബുദ്ധി (ഇമോഷണൽ ഇന്റലിജൻസ്) അത്യന്താപേക്ഷിതമാണെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. സ്വന്തം വികാരങ്ങളെ മനസ്സിലാക്കാനും മറ്റുള്ളവരോട് സഹതാപത്തോടെ പെരുമാറാനുമുള്ള കഴിവാണ് ഇതിലൂടെ വികസിക്കുന്നത്.

പഠനത്തിൽ എത്ര മിടുക്കനാണെങ്കിലും കഠിനമായ സമ്മർദ്ദങ്ങളെയും പരാജയങ്ങളെയും നേരിടാൻ വൈകാരിക ബുദ്ധിയില്ലാത്ത കുട്ടികൾ പ്രയാസപ്പെടാറുണ്ട്. കോവിഡ് മഹാമാരിക്ക് ശേഷം വിദ്യാർത്ഥികളിൽ ഉത്കണ്ഠയും മാനസിക സമ്മർദ്ദവും വർദ്ധിച്ചുവരുന്നതായി ആഗോളതലത്തിലുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിലാണ് സ്കൂളുകളിലും വീടുകളിലും സാമൂഹിക വൈകാരിക പഠനത്തിന് വലിയ പ്രാധാന്യം നൽകുന്നത്.

പരീക്ഷാ കാലത്തെ ഭയത്തെ അതിജീവിക്കാനും വിവേകപൂർവ്വം തീരുമാനങ്ങൾ എടുക്കാനും വൈകാരിക ബുദ്ധി കുട്ടികളെ സഹായിക്കും. വികാരങ്ങളെ നിയന്ത്രിക്കാൻ പഠിക്കുന്ന കുട്ടികൾക്ക് കൂട്ടുകാരുമായി നല്ല സൗഹൃദം സ്ഥാപിക്കാനും ടീം വർക്കുകളിൽ തിളങ്ങാനും സാധിക്കാറുണ്ട്. വിദ്യാലയങ്ങൾ കേവലം പാഠപുസ്തക പഠനത്തിൽ മാത്രം ഒതുങ്ങാതെ കുട്ടികളുടെ മാനസിക ക്ഷേമത്തിന് കൂടി മുൻഗണന നൽകണം.

കുട്ടികളുടെ വൈകാരിക വികാസത്തിൽ മാതാപിതാക്കളുടെയും അധ്യാപകരുടെയും പങ്ക് വളരെ വലുതാണ്. കുട്ടികൾ തങ്ങളുടെ സങ്കടങ്ങളും ദേ



ഷ്യവും തുറന്നു പറയുമ്പോൾ അവരെ ശാസിക്കാതെ ക്ഷമയോടെ കേൾക്കാൻ മുതിർന്നവർ തയ്യാറാകണം. പരാജയങ്ങൾ ജീവിതത്തിന്റെ ഭാഗമാണെന്നും തെറ്റുകളിൽ നിന്നാണ് മനുഷ്യൻ പഠിക്കുന്നതെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പഠന നിലവാരവും വൈകാരിക വളർച്ചയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന രണ്ട് ഘടകങ്ങളാണ്. വൈകാരികമായി സുരക്ഷിതത്വം അനുഭവിക്കുന്ന ഒരു കുട്ടിക്ക് ക്ലാസ് റൂമുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും. ഭാവിയിലെ വലിയ വെല്ലുവിളികളെയും തൊഴിൽ മേഖലയിലെ സമ്മർദ്ദങ്ങളെയും ആത്മവിശ്വാസത്തോടെ നേരിടാൻ ഈ സമഗ്രമായ വളർച്ച കുട്ടികളെ പ്രാപ്തരാക്കും.

വെറുതെ അറിവ് സമ്പാദിക്കുന്നതിനേക്കാൾ ആ അറിവിനെ ജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുത്തണം എന്ന് തിരിച്ചറിയുന്നതിലാണ് കാര്യം. നല്ല ആശയവിനിമയ ശേഷിയും നേതൃത്വപാടവവുമുള്ള വ്യക്തികളായി കുട്ടികളെ മാറ്റാൻ വൈകാരിക ബുദ്ധിക്ക് സാധിക്കും. അതിനാൽ മാർക്കുകൾക്ക് പിന്നാലെ മാത്രം ഓടാതെ കുട്ടികളുടെ മാനസികവും വൈകാരികവുമായ കരുത്ത് വർദ്ധിപ്പിക്കാൻ നാമെല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്.


## ശ്വാസകോശ അർബുദം അഞ്ച് വർഷം മുൻപേ തിരിച്ചറിയാം; ശാസ്ത്രലോകത്ത് വിപ്ലവമായി പുതിയ രക്തപരിശോധന

മനുഷ്യരാശിയെ ഏറ്റവും കൂടുതൽ ഭയപ്പെടുത്തുന്ന വില്ലനാണ് ശ്വാസകോശ അർബുദം അഥവാ ലങ് കാൻസർ. രോഗം ഗുരുതരമായ അവസ്ഥയിൽ എത്തുമ്പോൾ മാത്രമാണ് പലപ്പോഴും ഇത് കണ്ടെത്താൻ സാധിക്കുന്നത്. എന്നാൽ ഇനി അർബുദത്തെ അതിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ തിരിച്ചറിയാൻ പുതിയ വഴി തെളിഞ്ഞിരിക്കുകയാണ്.

ശ്വാസകോശ അർബുദ സാധ്യത അഞ്ച് വർഷം മുൻപ് തന്നെ പ്രവചിക്കാൻ കഴിയുന്ന പുതിയ രക്തപരിശോധന ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തു. രക്തത്തിലെ പതിനാല് തരം പ്രോട്ടീനുകളുടെ സാന്നിധ്യം നിരീക്ഷിച്ചാണ് രോഗസാധ്യത മുൻകൂട്ടി പ്രവചിക്കുന്നത്. ലണ്ടനിലെ ഫ്രാൻസിസ് ക്രിക്ക് ഇൻസ്റ്റിറ്റ്യൂട്ടിലെയും യൂണിവേഴ്സിറ്റി കോളേജ് ലണ്ടനിലെയും ഗവേഷകരാണ് ഈ വലിയ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ചത്.

ആധുനിക മെഷീൻ ലേണിംഗ് സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ഗവേഷകർ ഈ പ്രോട്ടീൻ ഘടന കണ്ടെത്തിയത്. യുകെ ബയോബാങ്കിൽ നിന്നുള്ള നാൽപ്പത്തിയെണ്ണായിരത്തിലധികം ആളുകളുടെ രക്തസാമ്പിളുകൾ ഇതിനായി വിശദമായി പരിശോധിച്ചു. പ്രായം, പുകവലി ശീലങ്ങൾ, മുൻകാല ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കൊപ്പം ഈ പതിനാല് പ്രോട്ടീനുകളും വിലയിരുത്തിയാണ് നിഗമനത്തിൽ എത്തിയത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എട്ടോളം വ്യത്യസ്ത ഡാറ്റാസെറ്റുകൾ ഉപയോഗിച്ച് ഈ




കണ്ടെത്തൽ ശാസ്ത്രജ്ഞർ വീണ്ടും സ്ഥിരീകരിച്ചു. പുകവലിക്കാത്തവരിലും അന്തരീക്ഷ മലിനീകരണം കാരണം രോഗസാധ്യതയുള്ളവരിലും ഈ പരിശോധന ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ശരീരത്തിൽ കാൻസർ ട്യൂമർ രൂപപ്പെടുന്നതിന് മുൻപ് തന്നെ ശ്വാസകോശത്തിലുണ്ടാകുന്ന മാറ്റങ്ങളാണ് ഈ പ്രോട്ടീനുകൾ സൂചിപ്പിക്കുന്നത്.

ശ്വാസകോശത്തിലെ വിട്ടുമാറാത്ത വീക്കവും മറ്റ് അസ്വസ്ഥതകളുമാണ് അർബുദത്തിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങളിലൊന്ന്. അന്തരീക്ഷ മലിനീകരണവും പുകവലിയും ശ്വാസകോശ കോശങ്ങളെ ദോഷകരമായി ബാധിക്കുകയും ഈ പ്രോട്ടീനുകളുടെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ തന്നെ രോഗസാധ്യത തിരിച്ചറിഞ്ഞാൽ കൃത്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ സാധിക്കും.

അർബുദ പ്രതിരോധത്തിനായി കനാകിനുമാബ് എന്ന മരുന്ന് ഉപയോഗിക്കുന്നതിനെക്കുറിച്ചും ഗവേഷകർ പുതിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. രക്തത്തിൽ ഈ പതിനാല് പ്രോട്ടീനുകളുടെ അളവ് കൂടുതലായി കാണപ്പെടുന്നവരിൽ ഈ മരുന്ന് മികച്ച ഫലം നൽകുന്നു. ഉയർന്ന രോഗസാധ്യതയുള്ളവരിൽ അർബുദം വരാനുള്ള സാധ്യത പകുതിയോളം കുറയ്ക്കാൻ ഈ മരുന്നിന് സാധിക്കുമെന്നാണ് കണ്ടെത്തൽ.

നിലവിൽ പ്രായമായവരിലും പുകവലിക്കുന്നവരിലും മാത്രമാണ് സാധാരണയായി ശ്വാസകോശ അർബുദ പരിശോധനകൾ നടത്താറുള്ളത്. എന്നാൽ പുകവലിക്കാത്തവരിലും വായുമലിനീകരണം നേരിടുന്നവരിലും രോഗം വരുന്നത് പലപ്പോഴും മുൻകൂട്ടി അറിയാൻ കഴിയാറില്ല. പുതിയ രക്തപരിശോധന നിലവിൽ വരുന്നതോടെ കൂടുതൽ ആളുകളിലേക്ക് പ്രതിരോധ സംവിധാനം വ്യാപിപ്പിക്കാൻ കഴിയും.

രോഗം ഗുരുതരമായ ശേഷം ചികിത്സിക്കുന്നതിനേക്കാൾ അത് വരാതെ തടയുന്നതിനാണ് ആധുനിക വൈദ്യശാസ്ത്രം ഇപ്പോൾ പ്രാധാന്യം നൽകുന്നത്. ഈ രക്തപരിശോധന പൂർണ്ണമായും ക്ലിനിക്കൽ ഉപയോഗത്തിലേക്ക് എത്തുന്നതോടെ വലിയൊരു വിഭാഗം ജനങ്ങളെ മാരക രോഗത്തിൽ നിന്ന് രക്ഷിക്കാൻ കഴിയും. കാൻസർ പ്രതിരോധ രംഗത്ത് ഇതൊരു വലിയ നാഴികക്കല്ലായാണ് വിദഗ്ധർ വിലയിരുത്തുന്നത്.

## ഹൃദയാരോഗ്യത്തിന് 'അഞ്ച് വിഭവങ്ങൾ'; പോഷക സമൃദ്ധമായ പുതിയ ഭക്ഷണ ശൈലി നിർദ്ദേശിച്ച് പഠന റിപ്പോർട്ട്

ആരോഗ്യകരമായ ജീവിതത്തിന് ദിവസവും ഏതെങ്കിലും അഞ്ച് പഴങ്ങളോ പച്ചക്കറികളോ കഴിക്കണമെന്ന പരമ്പരാഗത ആരോഗ്യ ഉപദേശങ്ങൾ നമ്മൾ കേൾക്കാറുണ്ട്. എന്നാൽ എല്ലാ പഴങ്ങളും പച്ചക്കറികളും ഒരേപോലെ ഹൃദയത്തെ സംരക്ഷിക്കുന്നില്ലെന്നും, ഹൃദയാരോഗ്യത്തിന് പ്രത്യേക തരം സസ്യ സംയുക്തങ്ങൾ അടങ്ങിയ കൃത്യമായ വിഭവങ്ങൾ തിരഞ്ഞെടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും വ്യക്തമാക്കുന്ന പുതിയ പഠന റിപ്പോർട്ട് ബി.ബി.സി പുറത്തുവിട്ടു. യു.എസിലെയും യു.കെയിലെയും മുപ്പതിനായിരത്തിലധികം ആളുകളുടെ ഭക്ഷണരീതികൾ നിരീക്ഷിച്ചുകൊണ്ട് 'ഫുഡ് ആൻഡ് ഫങ്ഷൻ' എന്ന അന്താരാഷ്ട്ര ജേണലിൽ പ്രസിദ്ധീകരിച്ച പഠനത്തിലാണ് ഈ കണ്ടെത്തലുള്ളത്.

രക്തക്കുഴലുകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ശരീരത്തിലെ വീക്കങ്ങൾ കുറയ്ക്കുന്നതിനും സഹായിക്കുന്ന 'ഫ്ളാവനോളുകൾ' എന്ന സസ്യ ഘടകങ്ങളാണ് ഹൃദയസംരക്ഷണത്തിന് ഏറ്റവും പ്രധാനം. ഒരു മനുഷ്യന് ഒരു ദിവസം ഹൃദയാരോഗ്യത്തിനായി കുറഞ്ഞത് 500 മില്ലിഗ്രാം ഫ്ളാവനോളുകൾ ആവശ്യമാണ്. എന്നാൽ സാധാരണ അഞ്ചു തരം പച്ചക്കറികൾ കഴിക്കുന്നവരിൽ പോലും ഈ അളവ് എത്തുന്നില്ലെന്ന് പഠനം ചൂണ്ടിക്കാണിക്കുന്നു.

ഈ സാഹചര്യത്തിൽ ദിവസേനയുള്ള ഭക്ഷണത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട ഏറ്റവും മികച്ച അഞ്ച് ഫ്ളാവനോൾ സമ്പുഷ്ടമായ ആഹാരങ്ങൾ താഴെ പറയുന്നവയാണ്:

**പ്ലംസ്** : ഫ്ളാവനോളുകളുടെ അളവിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന പഴമാണിത്. ഏകദേശം 500 ഗ്രാം പ്ലംസ് കഴിക്കുന്നതിലൂടെ ശരീരത്തിന് ആവശ്യമായ 450 മില്ലിഗ്രാം ഫ്ളാവനോൾ ഒറ്റയടിക്ക് ലഭിക്കുന്നു. കൂടാതെ ഇതിലടങ്ങിയിരിക്കുന്ന ഉയർന്ന നാരുകൾ ദഹനത്തിനും നല്ലതാണ്.

**ക്രാൻബെറികൾ** : സാധാരണയായി മൂത്രാശയ ആരോഗ്യത്തിന് മാത്രം നല്ലതെന്ന് കരുതുന്ന ക്രാൻബെറികൾ ഹൃദയത്തിനും ഉത്തമമാണ്. 250 ഗ്രാം ക്രാൻബെറിയിൽ ഏകദേശം 300 മില്ലിഗ്രാം ഫ്ളാവനോൾ അടങ്ങിയിട്ടുണ്ട്. ഇവ സ്മൂത്തികളിലോ സാലഡുകളിലോ ചേർത്ത് കഴിക്കാവുന്നതാണ്.



**ബ്ലാക്ക്ബെറികൾ** : രക്തധമനികളുടെ ആരോഗ്യത്തിന് ഇവ മികച്ചതാണ്. 200 ഗ്രാം ബ്ലാക്ക്ബെറിയിൽ 250 മില്ലിഗ്രാം ഫ്ളാവനോൾ അടങ്ങിയിരിക്കുന്നു. കൂടാതെ വൈറ്റമിൻ സി, ആന്റിഓക്സിഡന്റുകൾ എന്നിവയും ഇതിൽ ധാരാളമുണ്ട്.

**ഗ്രീൻ ടീ** : ഫ്ളാവനോളുകൾ ദ്രവരൂപത്തിൽ ലഭിക്കാനുള്ള മികച്ച മാർഗ്ഗമാണിത്. ഒരു കപ്പ് ഗ്രീൻ ടീ കുടിക്കുന്നതിലൂടെ 200 മില്ലിഗ്രാം ഫ്ളാവനോൾ ശരീരത്തിലെത്തുന്നു. ദിവസവും ഒന്നോ രണ്ടോ കപ്പ് ഗ്രീൻ ടീ ശീലമാക്കുന്നത് ഹൃദയാരോഗ്യം മെച്ചപ്പെടുത്തും.

**അമരപ്പയർ / ബ്രോഡ് ബീൻസ്** : പച്ചക്കറികളിൽ ഫ്ളാവനോൾ അളവിൽ മുൻപന്തിയിലാണ് ബ്രോഡ് ബീൻസ്. 80 ഗ്രാം ബ്രോഡ് ബീൻസിൽ നിന്നും 140 മില്ലിഗ്രാം ഫ്ളാവനോൾ ലഭിക്കുന്നു. അതോടൊപ്പം സസ്യ പ്രോട്ടീനും നാരുകളും ഇതിൽ അടങ്ങിയിട്ടുണ്ട്.

ഇവയ്ക്ക് പുറമെ തൊലിയോടുകൂടിയ ആപ്പിൾ, ചെറികൾ, സ്ട്രോബെറികൾ, പിന്റോ ബീൻസ് എന്നിവയും ഹൃദയാരോഗ്യത്തിന് മികച്ചതാണ്. വിലകൂടിയ സൂപ്പർഫുഡുകളോ സപ്ലിമെന്റുകളോ വാങ്ങുന്നതിന് പകരം, നമ്മുടെ ദൈനംദിന അഞ്ചു വിഭവങ്ങളുടെ പട്ടികയിൽ ഈ ലളിതമായ മാറ്റങ്ങൾ വരുത്തുന്നത് വഴി ഹൃദയസ്തംഭനം ഉൾപ്പെടെയുള്ള ഗുരുതരമായ ഹൃദ്രോഗ സാധ്യതകളെ പ്രതിരോധിക്കാൻ സാധിക്കുമെന്ന് ശാസ്ത്രജ്ഞർ വ്യക്തമാക്കുന്നു.

## ഡിജിറ്റൽ സുരക്ഷ കേവലം രക്ഷിതാക്കളുടെ ചുമതലയല്ല : പുതിയ റിപ്പോർട്ടുകൾ




വിദ്യാഭ്യാസ രംഗത്ത് സാങ്കേതികവിദ്യയുടെയും ഡിജിറ്റൽ ഉപകരണങ്ങളുടെയും ഉപയോഗം കുതിച്ചുയരുന്ന ഈ കാലഘട്ടത്തിൽ, വിദ്യാർത്ഥികളുടെ 'ഡിജിറ്റൽ സുരക്ഷ' എന്നത് കേവലം മാതാപിതാക്കളുടെയോ വീടുകളുടെയോ മാത്രം ഉത്തരവാദിത്തമല്ലെന്ന് വിലയിരുത്തൽ. മറിച്ച് അത് സ്കൂളുകളിലെയും കോളേജുകളിലെയും പഠന അന്തരീക്ഷത്തെയും കുട്ടികളുടെ മാനസിക വികാസത്തെയും നേരിട്ട് ബാധിക്കുന്ന വലിയൊരു വിദ്യാഭ്യാസ പ്രശ്നമായി മാറിയിരിക്കുകയാണെന്ന് പുതിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ സ്മാർട്ട് ക്ലാസ് റൂമുകളും ഓൺലൈൻ പഠന ആപ്പുകളും വിദ്യാഭ്യാസ പ്രക്രിയയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായി മാറി. എന്നാൽ ഈ ഡിജിറ്റൽ കുതിച്ചുചാട്ടത്തോടൊപ്പം സൈബർ ബുല്ലിയിംഗ്, ഓൺലൈൻ ചതിക്കുഴികൾ, സ്വകാര്യതാ ലംഘനങ്ങൾ, അനുചിതമായ ഉള്ളടക്കങ്ങളിലേക്കുള്ള ആക്സസ് എന്നിവയും ഗണ്യമായി വർദ്ധിച്ചു. ഇത് കുട്ടികളുടെ പഠനത്തിലുള്ള ശ്രദ്ധ കുറയ്ക്കുന്നതിനും കടുത്ത മാനസിക സമ്മർദ്ദങ്ങൾക്കും വിഷാദരോഗത്തിനും കാരണമാകുന്നുണ്ട്. അതിനാൽ തന്നെ സ്കൂൾ അധികൃതർ ഇതിൽ നേരിട്ട് ഇടപെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

### ഡിജിറ്റൽ സുരക്ഷ എങ്ങനെ സ്കൂളുകളുടെ ഉത്തരവാദിത്തമാകുന്നു?

**പഠനത്തെ ബാധിക്കുന്ന സൈബർ അധിക്ഷേപങ്ങൾ:** സ്കൂൾ സമയത്തിന് ശേഷമാണെങ്കിൽ പോലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വിദ്യാർത്ഥികൾ നേരിടുന്ന പരിഹാസങ്ങളും അധിക്ഷേപങ്ങളും അടുത്ത ദിവസം അവരുടെ ക്ലാസ് റൂമിലെ പെരുമാറ്റത്തെയും പഠന നിലവാരത്തെയും ദോഷകരമായി ബാധിക്കുന്നു. അതിനാൽ ക്ലാസ് റൂമിലെ സമാധാന അന്തരീക്ഷം നിലനിർത്താൻ ഇത്തരം സൈബർ പ്രശ്നങ്ങളിൽ സ്കൂളുകൾക്ക് ഇടപെടേണ്ടി വരുന്നു.

**ഡിജിറ്റൽ വിടവും അസമത്വവും:** വ്യത്യസ്ത സാമൂഹിക പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികളാണ് സ്കൂളുകളിൽ എത്തുന്നത്. എല്ലാ രക്ഷിതാക്കൾക്കും ഡിജിറ്റൽ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചോ 'പേരന്റൽ കൺട്രോൾ' ആപ്പുകളെക്കുറിച്ചോ അവബോധം ഉണ്ടാകണമെന്നില്ല. ഈ സാഹചര്യത്തിൽ ഡിജിറ്റൽ സാക്ഷരതയും സുരക്ഷിതത്വവും തുല്യമായി ഉറപ്പാക്കേണ്ടത് വിദ്യാലയങ്ങളുടെ കടമയാണ്.

**സുരക്ഷിതമായ പാഠ്യപദ്ധതി:** കേവലം കമ്പ്യൂട്ടർ കോഡിംഗ് പഠിപ്പിക്കുന്നതിനപ്പുറം, ഇന്റർനെറ്റ് എങ്ങനെ സുരക്ഷിതമായി ഉപയോഗിക്കണം, വ്യാജ വാർത്തകളെ എങ്ങനെ തിരിച്ചറിയണം, വ്യക്തിഗത വിവരങ്ങൾ എങ്ങനെ സംരക്ഷിക്കണം തുടങ്ങിയ കാര്യങ്ങൾ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്.

സ്കൂളുകളിൽ കർശനമായ സൈബർ പോളിസികൾ നടപ്പിലാക്കുക, അധ്യാപകർക്ക് പ്രത്യേക ഡിജിറ്റൽ സുരക്ഷാ പരിശീലനം നൽകുക, വിദ്യാർത്ഥികൾക്കായി സൈബർ കൗൺസിലിംഗ് സംവിധാനങ്ങൾ ഒരുക്കുക എന്നിവയിലൂടെ മാത്രമേ സുരക്ഷിതമായ ഒരു പഠന അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കൂ.

ഡിജിറ്റൽ ലോകത്തെ അപകടങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാൻ രക്ഷിതാക്കളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരുമിച്ച് കൈകോർക്കേണ്ടത് വർത്തമാനകാലത്ത് അത്യന്താപേക്ഷിതമാണെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

# ഇനി ഒളിച്ചുകളി നടക്കില്ല; കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം പൂർണ്ണമായും നിയന്ത്രിക്കാൻ ആപ്പിളിന്റെ പുതിയ സുരക്ഷാ ഫീച്ചറുകൾ

ഡിജിറ്റൽ യുഗത്തിൽ മാതാപിതാക്കളെ ഏറ്റവും കൂടുതൽ അലട്ടുന്ന പ്രശ്നങ്ങളിലൊന്ന് കുട്ടികളുടെ സുരക്ഷിതമല്ലാത്ത ഇന്റർനെറ്റ് ഉപയോഗമാണ്. മാതാപിതാക്കളുടെ കണ്ണുവെട്ടിച്ച് കുട്ടികൾ നടത്തുന്ന സീക്രട്ട് ബ്രൗസിംഗിനും അമിത സ്ക്രീൻ ടൈമിനും തടയിടാൻ ശക്തമായ സുരക്ഷാ ഫീച്ചറുകളുമായി എത്തിയിരിക്കുകയാണ് ആപ്പിൾ. ഐഫോൺ, ഐപാഡ്, മാക് ഉപയോക്താക്കൾക്കായി ആപ്പിൾ അവതരിപ്പിച്ച ഈ പുതിയ 'ചൈൽഡ് സേഫ്റ്റി ടൂളുകൾ' കുട്ടികളുടെ ഡിജിറ്റൽ ജീവിതത്തിന്മേൽ മാതാപിതാക്കൾക്ക് പൂർണ്ണ നിയന്ത്രണം നൽകുന്നു.

ഈ പുതിയ അപ്ഡേറ്റിലെ പ്രധാന ഫീച്ചറുകൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം:



### 1. ആസ്ക് ടു ബ്രൗസ്: ഇനി ഒളിച്ചുള്ള ബ്രൗസിംഗ് നടക്കില്ല

ആപ്പ് സ്റ്റോറിൽ നിന്ന് ആപ്പുകൾ ഡൗൺലോഡ് ചെയ്യാൻ അനുവാദം ചോദിക്കുന്ന 'Ask to Buy' ഫീച്ചർ ആപ്പിളിൽ നേരത്തെ തന്നെയുണ്ട്. ഇതിന്റെ ചുവടുപിടിച്ചാണ് വെബ് ബ്രൗസിംഗിനായി 'Ask to Browse' സൗകര്യം കൊണ്ടുവന്നിരിക്കുന്നത്. ഇനി മുതൽ കുട്ടികൾക്ക് സഫാരി ബ്രൗസറിൽ ഏതെങ്കിലും പുതിയ വെബ്സൈറ്റ് സന്ദർശിക്കണമെങ്കിൽ മാതാപിതാക്കളുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണം. മാതാപിതാക്കൾ ഫോണിലൂടെ അനുമതി നൽകിയാൽ മാത്രമേ ആ സൈറ്റ് ഓപ്പൺ ചെയ്യാനാകൂ. ഇത് കുട്ടികൾ അനുചിതമായ വെബ്സൈറ്റുകളിൽ എത്താതിരിക്കാൻ സഹായിക്കും.

### 2. ചൈൽഡ് അക്കൗണ്ട്

കുട്ടികൾക്കായി ഒരു പ്രത്യേക ചൈൽഡ് അക്കൗണ്ട് നിർമ്മിക്കുക എന്നതാണ് ആദ്യ പടി. 13 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഇത് നിർബന്ധമാണ്, എന്നാൽ 18 വയസ്സ് വരെയുള്ളവർക്കായി ഇത് ഉപയോഗിക്കാം. ഈ അക്കൗണ്ട് വഴി കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള ഡിജിറ്റൽ നിയന്ത്രണങ്ങൾ സിസ്റ്റം തനിയെ ക്രമീകരിക്കും. മുതിർന്നവർക്കുള്ള വെബ്സൈറ്റുകൾ തടയുക, പ്രായത്തിന് അനുയോജ്യമായ മീഡിയ മാത്രം കാണിക്കുക എന്നിവ ഇതിലൂടെ സാധ്യമാകും.

### 3. ആപ്പുകളുടെ നിയന്ത്രണം

കുട്ടികൾക്ക് പുതിയൊരു ഡിവൈസ് നൽകുമ്പോൾ തുടക്കത്തിൽ ഏതൊക്കെ ആപ്പുകൾ അവർക്ക് ലഭ്യമാക്കണം എന്ന് മാതാപിതാക്കൾക്ക് തീരുമാനിക്കാം. വളരെ അവശ്യമായ ചില ആപ്പുകൾ മാത്രം നൽകി തുടങ്ങി, കുട്ടിയുടെ പ്രായവും പക്വതയും അനുസരിച്ച് പിന്നീട് കൂടുതൽ ആപ്പുകളിലേക്ക് ആക്സസ് നൽകാൻ സാധിക്കും.

